2013 ഏപ്രിൽ 13 മുതൽ മെയ് 12 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം



യു.എ. ഖാദർ (ആത്മവൃത്തം)


യു.കെ.കുമാരൻ (കഥ)

ഇ. വാസു (കഥ)

മഞ്ഞപ്ര ഉണ്ണികൃഷ്ണൻ (നോവലെറ്റ്)

കെ.എം. രാധ (കഥ)

ഭാസി മലാപ്പറമ്പ് ( യാത്രാവിവരണം)




മുഖചിത്രം
**അമലപോൾ (ഫിലിംസ്റ്റാർ)**
**തങ്കച്ചൻ മാങ്കാവ് (നാടക നടൻ)**
**ബേപ്പൂർരാധാകൃഷ്ണൻ (സാഹിത്യകാരൻ)**

**Nakshathra Rajyam**
(Monthly Magazine)
2013 April 13
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10
Managing Editor, Publisher &
Owned by
**Nakshathrarajyam E. Radhakrishnan**
**Edoli House, Kommeri P.O.**
**Kozhikode - 673007**
**Address**
**Managing Editor**
**NAKSHATHRA RAJYAM**
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
**Mob: 9744233997**
**9847649567**
**email: nakshathrarajyam@gmail.com**
**Layout:**
**BHAVANA GRAPHICS, Tali**
**Inside Art:**
**GIREESH MOOZHIPADAM**
**Cover**
**Amina Creations, Palazhi, Clt.**
**Price 10.00**

**എഡിറ്റോറിയൽ**



# വൈദ്യുതി കുടിവെള്ളം

കേരളം നാൾക്കുനാൾ ഇരുട്ടിലേക്കും വരൾച്ചയിലേക്കും കടന്നു കൊണ്ടിരിക്കുകയാണ്.കഴിഞ്ഞ പല വർഷങ്ങളായി കേരളത്തിൽ വൈദ്യുതി ക്ഷാമവും കുടിവെള്ള വരൾച്ചയും സംഭവിച്ചു കൊണ്ടിരിക്കുന്നു.വരൾച്ചയും വൈദ്യുതി ക്ഷാമവും ആഗോള പ്രതിഭാസമാണെന്ന് പറഞ്ഞു കൊണ്ട് രൂക്ഷമായ ജനകീയ പ്രശ്നങ്ങളെ ലഘൂകരിക്കുന്ന പുതിയ നിലപാടുകൾ ഇക്കാലമത്രയും ഭരണക്കൂടങ്ങളിൽ നിന്നും ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നിരുന്നാൽ ജിനകീയ പ്രശ്നങ്ങളിൽ യാതൊരുവിധ മുൻകരുതൽ നിലപാടുകളും എടുക്കുന്നില്ലയെന്ന് അർത്ഥമാക്കേണ്ടതില്ല. “വൈദ്യുതി ക്ഷാമം ആഗോളപ്രതിഭാസമാണ്”, കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ ഒരു ഗവമ്മേണ്ടിനുമാകുകയില്ല.’ എന്ന ഒരു സന്ദേശം സർക്കാറിന്റെ ഭാഗത്തു നിന്നും, കുടിവെള്ള പ്രശ്നമോ വൈദ്യുതിക്ഷാമമോപരിഹരിക്കുവാൻ മനസ്സിൽ ഇഛരിക്കാതെ അതിപുരോഗമനപ്രാസംഗികരായ ചിലരുടെയും മസ്തിഷ്ക്കത്തിൽ ഉത്ഭവിക്കുന്നു.


മുൻകാലങ്ങളിൽ തുടങ്ങിയ മഴവെള്ള സംഭരണി പോലുള്ള പല നൂതന മാർഗ്ഗങ്ങളും പരീക്ഷിച്ചു നോക്കിയെങ്കിലും അതുകൊണ്ടൊന്നും കേരളത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ സാധിച്ചിരുന്നില്ല. കുടിവെള്ള പ്രശ്ന പരിഹാരത്തിനും വൈദ്യുതി ക്ഷാമ പരിഹാരത്തിനും വേണ്ടി ഫണ്ട് വിനിയോഗിക്കുക തന്നെ വേണം. വിനിയോഗിക്കുന്ന ഫണ്ട് 100% വൈദ്യതി ക്ഷാമ പരിഹാരത്തിനും കുടിവെള്ള വരൾച്ച പരിഹാരത്തിനും വേണ്ടി തന്നെയാകണമെന്നുള്ള മുൻകരുതലുകളിൽ ഊന്നിയുള്ള പ്രവർത്തന ഇച്ഛാശക്തിയാണ് ഭരണകൂടത്തിനുണ്ടാകേണ്ടത്

നാടുനീളെ കേരളത്തിൽ കുളങ്ങളും കുഴികളും തോടുകളും വൃത്തിഹീനമായി കിടക്കുന്നുണ്ട്. അത്തരത്തിലുള്ള കുളങ്ങളോടും തോടുകളോടും കുഴികളോടും ചേർന്ന് പൊതുജനങ്ങൾക്കുള്ള കുളിസ്ഥലങ്ങളും അലക്കുസ്ഥലങ്ങളും ഒരുക്കുകയും കുളത്തിലെ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളത്തിനായി ഉപയോഗിക്കുകയും ചെയ്യുന്ന ഒരു പദ്ധതി കേരളമൊട്ടുക്കു നടപ്പിലാക്കിയാൽ തന്നെ കേരളത്തിൽ പരമാവധി കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കുമെന്ന കാര്യം ഉറപ്പാണ്. ഇന്ത്യയിലെ വൻകിട മെട്രോസിറ്റികളിൽ ഡ്രൈനേജ് വെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് ഉപയോഗിക്കാൻ കൊടുക്കുന്ന നാട്ടിൽ വൃത്തിയുള്ള കുളത്തിലേയും തോട്ടിലേയും കുഴകളിലേയും വെള്ളം കുടിക്കാൻ ജനങ്ങൾ വിസമ്മതിക്കുമോ?.

ജലവിതാനമുയർന്നു നിൽക്കുന്ന കുളങ്ങളും തോടുകളും കുഴികളും നികത്താനനുവദിക്കാതെ കുടിവെള്ള പദ്ധതികൾക്കായി ഉപയോഗിക്കാനുള്ള ഒരു മാനുഷിക മൂല്യമാണ് ജനങ്ങളോട് സർക്കാറുകൾക്ക് ഉണ്ടാവേണ്ടത്. അല്ലാതെ നാട്ടിലുള്ളതെല്ലാം കുത്തകകൾക്കും ഇഷ്ടപ്പെട്ടവർക്കും പാട്ടത്തിനും സൗജന്യത്തിനും കൊടുക്കുന്ന ഒരു സംസ്ക്കാരമല്ല രാജ്യത്തെ ജനകീയ ഗവമ്മേണ്ടുകളുടെ മുഖമുദ്രയാവേണ്ടതെന്ന തിരിച്ചറിവിൽ കൂടി ജനങ്ങളുടെ സ്നേഹാദരങ്ങൾ പറ്റുകയാണ് ആദർശ ഭരണത്തിനും ആദർശ രാഷ്ട്രീയ പാർട്ടികൾക്കും നേതൃത്വം കൊടുക്കുന്നവർ അനുകരിക്കേണ്ടത്.

**മാനേജിംഗ് എഡിറ്റർ**

# ഭാഷാപോഷണം മലയാള സർവകലാശായുടെ മുഖമുദ്ര.



ബേപ്പൂർ രാധാകൃഷ്ണൻ.

ഐക്യരാഷ്ട്ര സംഘടന സ്വന്തം നാവ് -ഒരു ജനതയുടെ ജന്മാവകാശം എന്ന മുദ്രാവാക്യമുയർത്തികൊണ്ട് എല്ലാ വർഷവും ഫെബ്രുവരി 21ാം തിയ്യതി മാതൃഭാഷാദിനമായി ആചരിക്കുന്നു.

ഭാഷ ആശയവിനിമയ്ത്തിനുള്ള മാധ്യമവും സംസ്കാര പഠനത്തിനുള്ള ഉപാധിയുമാണ്. ഭാഷ നശിച്ചാൽ സംസ്കാരം നശിക്കും.സ്വന്തം ഭാഷയില്ലാത്തവന്റെ അസ്തിത്വം ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും. മാതൃഭാഷപ്രയോഗം ആശയപരമായും ബൗദ്ധികപരവുമായ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമാണ്.

ഒരു ഭാഷയോടും വിദ്വേഷമില്ലാതിരുന്ന ഗാന്ധിജി ഭാരതീയ ഭാഷയുടെ മേൽ ഇംഗ്ലീഷ് ആധിപത്യം സ്ഥാപിക്കുന്നതിനെതിരെ ശക്തമായി പ്രതികരിച്ചിരുന്നു. ഇംഗീഷിനെ വർജിക്കാനായിരുന്നില്ല അത്. മറിച്ച് ഭാരതീയതയുടെ പോഷണത്തിന്നായിരുന്നു. ആംഗലേയ ഭാഷ വാണിജ്യത്തിനും നയതന്ത്രത്തിനുമുള്ള രാജ്യാന്തര ഭാഷയെന്ന പദവി മാത്രം നില നിർത്തി കൊണ്ട് മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകണമെന്ന് 1927ലെ ഇന്ത്യൻ സ്റ്റാറ്റൂട്ടറി കമ്മീഷന്റെ രുപീകരണകാലത്ത് തന്നെ അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. ഒരു സമൂഹത്തിന്റെ പുരോഗതിയും സംസ്കാരികോന്നമനത്തിന്റെ അടിത്തറയും മാതൃഭാഷയിലൂന്നിയുള്ളതാകണമെന്ന് ഗാന്ധിജി വാദിച്ചു. അന്യന്റെ ആശയങ്ങളും സങ്കൽപങ്ങളും അനുകരിക്കേണ്ടി വരുമ്പോൾ സ്വത്വം നഷ്ടപ്പെട്ട് അടിമകളായി തീരുംമവർ.

ജനങ്ങളുടെ പങ്കാളിത്തമാണ് ജനാധിപത്യത്തിന്റെ അടിത്തറ- ഭരണരംഗത്തെ അന്യഭാഷാ പ്രയോഗം കൊണ്ട് ജനങ്ങളെ ആരംഗത്തു നിന്ന് അകററി നിർത്തുക മാത്രമല്ല അറിയാനുള്ള അവന്റെ അവകാശത്തിന്റെ നിഷേധവുമായി മാറുന്നതു കൊണ്ട് പലപ്പോഴും ജനാധ്യപത്യ സങ്കൽപ്പം അട്ടിമറിക്കപ്പെടുന്നു.ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനസംഘടനയുടെ ആവശ്യകതയും മാർഗ്ഗ രേഖയും സർക്കാർ അംഗീകരിച്ചു കഴിഞ്ഞെങ്കിലും ജനാധിപത്യം സാർത്ഥകമാകണമെങ്കിൽ ജനങ്ങൾക്ക് ഭരണത്തിൽ പങ്കാളിത്തമുണ്ടാവണം. ജനങ്ങളുടെ ഭാഷയിൽ തന്നെ ഭരണകാര്യങ്ങൾ നടക്കണം. മാതൃ



തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

ഭാഷയിൽ പഠനവും ഭരണവും നടക്കാത്ത ദേശങ്ങളിൽ ജനങ്ങൾക്ക് ജനാതിപത്യത്തിന്റെ പൂർണ്ണാനുഭവം ഉണ്ടാകുന്നില്ല.അവർക്കുവേണ്ടി ആരോ ഭരിക്കുന്നു എന്ന തോന്നലുണ്ടാവുകയും അത് ചൂഷണത്തിനും അഴിമതിക്കും വഴിമരുന്നിടുകയും ചെയ്യും.

സ്വാതന്ത്രാനന്തര ഭാരതത്തിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനപുനസംഘടന വിഭാവനം ചെയ്തിരുന്നവർ ഭാരതീയഭാഷകളുടെ സംരക്ഷണവും നിലനിൽപ്പും കാംക്ഷിച്ചുരുന്നു. മാതൃഭാഷയുടെ വളർച്ചയും ഭരണഭാഷയുടെ വ്യാപനവും സമൂഹത്തിന്റെ സുരക്ഷയ്ക്കും അഭിവൃദ്ധിക്കും ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്. പൈതൃകമായ സംസ്കാരങ്ങളുടെ നിലനിൽപ്പ് ഭാഷകളുടെ നിലനിൽപ്പിനെ ആശ്രയിച്ചാണിരിക്കുന്നത്. ഒരു സമൂഹത്തിന്റെ അന്തർഗതം ഏറ്റവും നന്നായി അവതരിപ്പിക്കാൻ കഴിയുന്നത് സ്വന്തം ഭാഷയിലൂടെയാണ്. സ്വന്തം ഭാഷയും സംസ്കാരവും തലമുറകൾക്ക് ഊർജം പകരുമ്പോഴാണ് സമൂഹം അഭിവൃദ്ധിപ്പെടുന്നത്. എന്നാൽ സംസ്ഥാന പുനസംഘടനാ കമ്മീഷൻ ഭാഷാടിസ്ഥാനത്തിൽ സർക്കാറിനുനൽകിയ റിപ്പോർട്ടുകളും നടപടികളും കൊണ്ട് ലക്ഷ്യമിട്ട കാര്യങ്ങൾ നേടിയടുക്കാൻ നമുക്കായിട്ടുണ്ടോ?.

1956 നവംമ്പർ ഒന്നിന് ഐക്യകേരളം പിറന്നു. കമ്മീഷൻ ശുപാർശ പ്രകാരം പതിനാറു സംസ്ഥാനങ്ങളിൽ ഒന്നായിരുന്നു അത്. മലയാളം സംസാരിക്കുന്നവരുടെ സംസ്ഥാനം കേരളം. ലോകനിലവാരത്തിലേക്കുയരുവാനുള്ള മലയാളി മനസ്സിന്റെ ശക്തി ഒന്നു വേറെ തന്നെ. ലോകത്തെവിടെ ചെന്നാലും മലയാളിയെ കണ്ടുമുട്ടും. ആ നാട്ടുകാരുമായി അടുക്കുകയും അവരുടെ സമ്പ്രദായങ്ങളും ജീവിതകരീതികളുമായി എളുപ്പത്തിൽ ഇഴുകി ചേരുകയും ചെയ്യുന്ന മലയാളി പെട്ടെന്ന് മലയാളം മറന്നു പോകുന്നു. ഇവിടെയവർ നാടൻ സ്വായിപ്പൻമാരായി മാറുന്നു. അവരുടെ മക്കളെ മലയാളം പഠിക്കാനനുവദിക്കാതെ അന്യദേശങ്ങളിൽ പഠിപ്പിച്ചു വളർത്തുന്നു. ഗൃഹാതുരത്വം പേറുന്ന പ്രവാസി മലയാളികൾ നമ്മുടെ നാടിനെക്കുറിച്ചും ഉൽവാഘോഷങ്ങളെക്കുറിച്ചും ഉൾപുളകത്തോടെ ഓർക്കുന്നുണ്ടെങ്കിലും പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചുള്ള കേരളാംബയുടെ മണൽതിട്ടയിൽ തിരിച്ചെത്തുമ്പോൾ അത്രയൊന്നും വൈഭവങ്ങളില്ലാത്ത മങ്ങലേറ്റ മലയാളികളെയാണ് കാണാൻ കഴിയുക. ഓണത്തിനോ വിഷുവിനോ പെരുന്നാളിനോ എപ്പോഴെങ്കിലുമൊന്ന് ഓടിക്കിതച്ച് നാട്ടിലെത്തുന്ന പ്രവാസിയുടെ ഗൃഹാതുരത്തിന് തിരിച്ചടിയെന്നോണം വികസനത്തിന്റെ പേരിൽ മാറിമറഞ്ഞ മലയാളിയേയും നന്മകൾ മറയുന്ന ക്രൂരതകളുടെ കഥകളുമാണറിയുന്നത്. തുമ്പപ്പൂവിന്റെയും പൂതുമ്പികളുടെയും ഓമനപ്പാട്ടിന്റെ മലയാളത്തനിമയും സംസ്കാരവും എന്ന നൊസ്റ്റാൾജിയ മനസ്സിൽ സൂക്ഷിക്കുന്നവർക്ക് അമ്പരപ്പുണ്ടാക്കുന്ന ഭൂതലം മാത്രമായി മാറി കേരളം.

മറുനാട്ടിൽ നിന്നും മലയാളം പഠിക്കാൻ അവസരം ലഭിക്കാതെ പോകുന്ന നമ്മുടെ കുഞ്ഞുങ്ങൾ. കേരളത്തെക്കുറിച്ചോ നമ്മുടെ ഭാഷയെക്കുറിച്ചോ സാംസ്കാരിക മൂല്യങ്ങളെക്കുറിച്ചോ അനുഭവിച്ചറിയാൻ സാധിക്കാത്തതുകൊണ്ട് വൈകാരികമായി അവർക്ക് മലയാളത്തോടോ നമ്മുടെ നാടിനോടോ അത്രയൊന്നും ആത്മബന്ധം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞെന്നുവരില്ല. ദേശബന്ധമില്ലാത്ത, രാഷ്ട്രബോധമില്ലാത്ത, വ്യക്തിബന്ധമില്ലാത്ത ഒരു തലമുറയെയാണ് നാം വളർത്തിയെടുക്കുന്നത്. മറ്റൊരു കൂട്ടർ പുറത്തു നിന്ന് വളരെ സാഹസപ്പെട്ട് മലയാളം പഠിച്ച് നാട്ടിലെത്തുന്നവരുണ്ട്.പ്രവാസികളായെത്തുന്ന അവരോട് മലയാളം മറന്നവരെപോലെ മംഗ്ലീഷുകാരായി പെരുമാറുമ്പോൾ അതവരെ അദ്ഭുതപ്പെടുത്താതിരിക്കില്ല. നമുക്കു ശുദ്ധമായ മലയാളമില്ല....ഉള്ളത് ഐഡിയാ സ്റ്റാർസിംഗർ അവതാരിക ഉരുവിടുന്ന സങ്കരഭാഷയും. മലയാളം കേൾക്കാൻ കൊതിയോടെയെത്തിയ പ്രവാസികൾക്ക് ഓക്കാനം വരുത്തുന്ന മലയാള ഭാഷയുടെ നൊമ്പരമാരറിവൂ. നാട്യങ്ങളെ കൊണ്ട് കപട നാടകമാടുന്ന സാമൂഹ്യ ചുറ്റുപാടുകളിൽ മലയാളമറിയാത്ത മലയാളികളുടെ നാടായി മാറുകയാണ് കേരളം മലയാളം പറയുകയോ പഠിപ്പിക്കുകയോ ചെയ്യുന്നത് അപരാധമോ കുറച്ചിലോ ആയി കാണുന്ന കൊച്ചമ്മമാരുടെയും പൊങ്ങച്ചക്കാരുടെയും നാടായി വളരുകയാണ് നമ്മുടെ നാട്.

ഐക്യ കേരളപിറവിക്ക് ശേഷം കേരളത്തിലെ ഭരണഭാഷ മലയാളമാക്കുന്നതിനുള്ള ശ്രമമാരംഭിക്കുകയും 1957ൽ തന്നെ കോമാട്ടിൽ അച്ചുതമേനോന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ സർക്കാർ നിയമിക്കുകയുണ്ടായി. അടുത്ത വർഷം തന്നെ കമ്മീഷൻ ദൗത്യം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചെങ്കിലും പിന്നീട് പത്തു വർഷത്തിനു ശേഷം 1969ൽ മലയാളം ഭരണഭാഷയാക്കി. സ്വാതന്ത്രാനന്തര കേരളത്തിലെ ഭരണത്തിലിരിക്കുന്ന കറുത്ത സായിപ്പൻമാർക്ക് അത് ഒട്ടും ദഹിച്ചില്ലെന്ന് മാത്രമല്ല ഭരണഭാഷ മലയാളം -ഇംഗ്ലീഷ് എന്നാക്കി ഉത്തരവ് തിരുത്തി. എന്നാലിന്നും ജനാധിപത്യ കേരളത്തിൽ കോടതിഭാഷയും ഭരണഭാഷയും പൂർണ്ണമായും മാതൃഭാഷയിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഭരണഭാഷ ഭരിക്കപ്പെടുന്നവരുടെ ഭാഷയിലായിരിക്കണമെന്ന് ജനാധിപത്യ സംവിധാനത്തിന്റെ പ്രാഥമിക തത്വമാണ്.

നാട്ടിൻ പുറങ്ങളിൽ നിന്ന് സ്വന്തം ഭാഷയിൽ വോട്ടു ചോദിച്ച് കരപറ്റിയ ജനപ്രതിനിധികൾ ഭരണഘടനയനുശാസിക്കും വിധം ഇംഗ്ലീഷിൽ സംസാരിക്കുമ്പോൾ, നമ്മെ ഭരിക്കുമ്പോൾ ഭരണഭാഷ അന്യമായതുകൊണ്ട് കുരുക്കുകളറിയാതെ നാടിനെ ബാധിക്കുന്ന പലപ്രശ്നങ്ങളിലും അറിവില്ലാത്തവരായി പാവം ജനത നിസ്സഹായരായി കയ്യുംകെട്ടി നോക്കിനിൽക്കേണ്ടിവരുന്നു. നിയമസഭാ നടപടികൾ പതിയെ മലയാളത്തിൽ തുടർന്നു തുടങ്ങിയിട്ടുണ്ട്. അവനു മനസ്സിലാകാത്ത ഭാഷയിൽ നിയമനടപടികളും കോടതിഭാഷയും ഇപ്പോഴും അന്യഭാഷയിൽ തുടരുന്നുണ്ട്.

1969ലേ ഉത്തരവിൻപടി ചില കോടതികൾ പ്രത്യേകിച്ചും കീഴ്കോടതി നടപടികൾ മലയാളത്തിലാക്കാനുള്ള ഉത്തരവ് 1973ൽ പുറപ്പെടുവിച്ചു. മലയാളത്തിൽ പലരും വിധികളെഴുതി.അപാതകൾ ചൂണ്ടി കാണിച്ചുകൊണ്ട് വിധികളും നടപടികളും വീണ്ടും ഇംഗ്ലീഷിലായി.

കോടതി ഭാഷ മലയാളത്തിലാക്കാനുള്ള സമഗ്രപഠനത്തിനും നിർദേശങ്ങൾക്കുമായി 1985ൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ നിലവിൽ വന്നു. 1987ൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു.രണ്ട് വർഷം കൊണ്ട് കേരളത്തിലെ ഹൈക്കോടതിക്ക് കീഴിലുള്ള എല്ലാ കോടതികളിലും നടപടികൾ പൂർണ്ണമായും മലയാളത്തിലാക്കാമെന്നായിരുന്നു നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്. കാൽ നൂറ്റാണ്ട് കഴിഞ്ഞിട്ടും കോടതികൾക്കോ ഭരണക്കൂടങ്ങൾക്കോ മാതൃഭാഷ ഭരണഭാഷ യാക്കുന്ന നടപടികൾ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ല.

സാധാരണക്കാരെ നേരിട്ടു ബാധിക്കുന്ന നിയമനടപടികൾ അവർക്ക് മനസ്സിലാവാതിരിക്കാൻ ആർക്കാണിത്ര നിർബന്ധം. അധികാരത്തിന്റെ ദല്ലാളന്മാരും ഇടനിലക്കാരും പിടിമുറുക്കിയാൽ വഴങ്ങുന്നതാണോ ഭരണസംവിധാനങ്ങൾ. ഒരു ജനതയുടെ മൗലികമായ അവകാശത്തിവനു നേരെയുള്ള കടന്നുകയറ്റം ചെറുത്തു തോൽപ്പിച്ചേ പറ്റൂ. കോടതികളും ഭരണ സംവിധനാത്തിന്റെ ഭാഗമയതിനാൽ ജനാതിപത്യ ഭരണ സരക്ഷണത്തിന് മാതൃഭാഷ ഭരണഭാ

ഷയാക്കുക എന്ന തത്ത്വം അടിയന്തിര പ്രാധാന്യത്തോടെ നടപ്പിൽ വരുത്തേണ്ടതുണ്ട്. സർക്കാർ കാര്യങ്ങൾ മുറപോലെയെന്നാണിവിടെ....

അറിയാനുള്ള അവകാശത്തിന്റെയും ജനാധിപത്യത്തിന്റെയും സംരക്ഷണത്തിനുള്ള ഭാഷയാണ് മാതൃ-ഭാഷ. കോടതിയിൽ വാദിയും പ്രതിയും വക്കീലന്മാർ വാദിക്കുന്നതു കേട്ട് അന്ധാളിച്ചു നിൽക്കുന്നു.

ആശുപത്രിയിൽ ഡോക്ടർമാർ മരുന്ന് കുറിക്കുന്നത് മറ്റു ഡോക്ടർമാർക്കു പോലും മനസ്സിലാവാതെ പോകുന്നു.

ബില്ലുകളടച്ചു വരുമ്പോൾ ഉപഭോക്താവിന് കൃത്യമായി കാര്യങ്ങൾ മനസ്സിലാകുന്നില്ല.

ദേശ സാൽകൃത ബാങ്കുകളിൽ പോലും നടപടികൾ പൊതുജന സൗകര്യാർത്ഥം മനസ്സിലാകുന്ന ഭാഷയിലല്ല.

സർക്കാർ സർവീസ് മേഖലകളിലും കാര്യങ്ങൾ മുറപോലെ.....

ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കേണ്ട സർക്കാരുകളുടെ പ്രാഥമിക ധർമം അഴിമതിക്കും സ്വജനപക്ഷപാതത്തിനും ഇരയാകേണ്ടിവരുന്ന പൗരന്റെ മൗലികാവകാശം സംരക്ഷിക്കപ്പെടുന്നതിലാകണം. ജനാധിപത്യ മൂല്യങ്ങൾക്കും വിശ്വാസങ്ങൾക്കും സംഭവിച്ചിട്ടുള്ള ഇടിവ് സമൂഹത്തിനേറ്റ വെല്ലുവിളിയാണ്.

ജനങ്ങളിൽ ജനാധിപധ്യവബോധം വളർത്തിയെടുക്കുവാൻ ഭാഷാപരമായ സമീപനങ്ങളിൽ അടിയന്തിരമായ നടപടികൾ ആവശ്യപ്പെടുന്നു. സാധാരണക്കാരായ ജനങ്ങൾക്കറിയാവുന്ന ഭാഷയിലായിരിക്കണം ഭരണസംവിധാനമെന്ന് ഉറച്ച അഭിപ്രായമാണ് ഭരണഘടന സമിതിക്കുണ്ടായിരുന്നത്. ഭരണഘടന 17ാം ഭാഗത്തിലെ ഔദ്യോഗിക ഭാഷസംബന്ധിച്ചുള്ള അനുച്ഛേദനങ്ങൾ ഇതു വ്യക്തമാക്കുന്നുണ്ട്.

മാതൃഭാഷയുടെ വികാസവും ഭരണഭാഷയുടെ വ്യാപനവും ചർച്ചചെയ്തു തുടങ്ങിയിട്ട് കാലമേറെയായി.ഭാഷാസ്നേഹികളും സംസ്കാരസമ്പന്നരുമായ മലയാളികൾ മാതൃഭാഷ ഒന്നാം ഭാഷയാക്കണമെന്ന അഭിപ്രായക്കാർ തന്നെയാണ്. എന്നാൽ എന്തുകൊണ്ടോ അത് സമയബന്ധിതമായി നടപ്പിലാക്കുവാൻ കേരളത്തിന് സാധിക്കുന്നില്ല. മലയാള ഭാഷയുടെ ഉപയോഗം സാർവ്വത്രികമാകണമെങ്കിൽ, മലയാളം മലയാളിയുടെ വികാരമാകണം. നമ്മുടെ ഭാഷ ആത്മാഭിമാനത്തിന്റെ അടയാളമാക്കി മാറ്റാൻ നമുക്കാവണം. സാഹിത്യനായകന്മാർ കുറച്ചു പേർ പോരടിച്ചു നിർബന്ധിച്ചതുകൊണ്ട് മാത്രമായില്ല. പൊതുസമൂഹത്തിന്റെ പ്രതികരണം ഈ കാര്യത്തിൽ ഊർജിതപ്പെടുത്തണം. കഴിഞ്ഞ അരനൂറ്റാണ്ടിലധികമായി ചർച്ചചെയ്യപ്പെട്ടു വരുന്ന ഭാഷാനയം രൂപം കൊണ്ടതാണ് മലയാളം നമ്മുടെ മാതൃഭാഷ- മലയാളം നമ്മുടെ ഭരണഭാഷ കേരളം ഔദ്യേഗികമായി അംഗീകരിച്ച മുദ്രാവാക്യമാണിത്.

സമീപ കാലത്തായി മലയാള ഭാഷാപരിചയകാര്യത്തിൽ ചെറുചലനങ്ങൾ തുടങ്ങിയിട്ടുണ്ട്. കേരളത്തിനു വെളിയിലുള്ള മലയാളി സമാജങ്ങളുടെ സഹകരണത്തോടെ മലയാളം മിഷൻ രൂപീകരിച്ചു സർക്കാർതലത്തിൽ തന്നെ പ്രവർത്തനമാരംഭിച്ചത് വളരെ വിലപ്പെട്ട ദൗത്യമാണ്. മലയാള ഭാഷാപഠന കേന്ദ്രം ഡൽഹിയിലും മറ്റു പ്രമുഖ നഗരങ്ങളിലും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരത്തിലുള്ള സന്നദ്ധപ്രവർത്തനം കൊണ്ട് മലയാള ഭാഷക്കൊപ്പം സാഹിത്യ സംസ്കാരിക പൈതൃകവും മലയാളിത്വവും പുതുതലമുറയക്ക് പരിചയപ്പെടുത്തുവാൻ സാധിക്കും. എന്തെല്ലാം തടസ്സവാദങ്ങളുണ്ടായാലും അവയൊക്കെ തരണം ചെയ്ത് ഭരണഭാഷ മാതൃഭാഷയാക്കുന്ന പ്രക്രിയ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിൽ വരുത്തേണ്ട കാലഘട്ടമാണിത്. നാടും നഗരവും വളരുകയാണ്. പുരോഗതിയുടെ കുതിപ്പിൽ ഭാഷയും വളരണം. ഇതിന് മലയാളി മനസ്സും വളരണം.

സാമാന്യ വിദ്യാഭ്യാസം ഉപജീവനമാർഗത്തിനുള്ള ഉപാധിയെന്ന നിലയിൽ പ്രാദേശിക ഭാഷ പഠിച്ചതുകൊണ്ട് വലിയകാര്യമൊന്നും സാധാരണകാർക്ക് അനുഭവപ്പെട്ടിരുന്നില്ല. ജ്ഞാനമാർഗമായിട്ടല്ല ഭാഷാപഠനത്തെ സാധാരണക്കാർ സമീപിക്കുന്നത്. എന്തിനാണ് കഷ്ടപ്പെട്ട് മാതൃഭാഷാപഠനം നടത്തുന്നത്. മലയാളം പഠിച്ചിട്ടെന്തു കാര്യം. സർക്കാർ ജോലി കിട്ടുമോ. അന്യദേശങ്ങളിൽ ജോലി കിട്ടുമോ....എന്നൊക്കെ ആവലാതിപ്പെടുന്നവരുണ്ടായിരുന്നു.

മലയാളത്തെ സംബന്ധിച്ചിടത്തോളം മലയാളികൾക്ക് ആത്മാഭിമാനത്തിന്റെയും സംസ്ക്കാരശക്തിയുടേയും നിദാനമായി മാതൃഭാഷയെ സമീപിക്കുന്നില്ലെന്ന സത്യം മറച്ചു വെച്ചിട്ടു കാര്യമില്ല. സാക്ഷരകേരളത്തിന്റെ പ്രമുഖനായകന്മാർ പോലും തങ്ങളുടെ മക്കളെ അന്യദേശത്ത് വളർത്തി പഠിപ്പിച്ചെടുക്കാൻ തിടുക്കം കൂട്ടുകയാ




എ.ആർ. രാജരാജവർമ്മ (കേരള പാണിനീയം)

ണ്. മറുവശത്തവർ മലയാളത്തിനുവേണ്ടി ഭാഷയുടെ ജീർണ്ണതയെക്കുറിച്ച് ഉറക്കെ സംസാരിക്കുകയും ചെയ്യുന്നു.

അഭിമാനകരമായ മാതൃഭാഷാനയം തമിഴ് ഭര

(ശേഷം പേജ് 17ൽ)


# സഖാവുഡാങ്കേ ആലിക്കാ



യു.എ. ഖാദർ

കടപ്പുറം ആശുപത്രിയുടെ വടക്കേയതിരിൽ ജീവനക്കാരുടെ ക്വാട്ടേഴ്സിന്ന് തൊട്ടടുത്താണ് ശവങ്ങൾ സൂക്ഷിക്കുന്ന മോർച്ചറി. അതിന് തൊട്ടുമുന്നിലെ പൂവ്വരശിന്റെ ചോട്ടിലാണ് ഞങ്ങലുടെ നിൽപ്പ്. ഞങ്ങൾ എന്നു പറഞ്ഞാൽ അന്നു രാവിലെ വടക്ക് നിന്നും നഗരത്തിലെത്തുന്ന തീവണ്ടിക്ക് വെള്ളയിൽ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങി പടിഞ്ഞാറോട്ടേക്ക് നടന്ന് ആശുപത്രിയിലെത്തിയ അഞ്ചാറുപേർ. ഞാൻ ചെറുപ്പം. മറ്റുള്ളവരൊക്കെ മുതിർന്ന സഖാക്കൾ. പിന്നെ എടുത്തു പറയാനായി ഒരു ചെറുപ്പക്കാരൻ കൂടെയുള്ളത് മോർച്ചറിക്കകത്ത് ഇപ്പോൾ കിടക്കുന്ന സഖാവ് ഡാങ്കേആലിക്കായുടെ ഒരേ ഒരു മകൻ. അവൻ കഴിഞ്ഞ ഒരാഴ്ചയായി ആശുപത്രിയിൽ തന്നെയാണ് രാവും പകലും. ഊണും ഉറക്കവും ഉപേക്ഷിച്ച്, അവന്റെ പിതാവിന്റെ രോഗക്കട്ടിലിന്റെ യടുത്ത് മറ്റെവിടെയ്ക്കും മാറാതെയിരുന്നു. ഇതൊരു പക്ഷേ അവസാനത്തെ രോഗശ്രുശ്രൂഷയാവുമെന്ന് അവൻ ഊഹിച്ചിട്ടുണ്ടാവണം.എത്രയോ തവണ പിതാവിന്റെയൊപ്പം രോഗിയ്ക്ക് കൂട്ടു കിടക്കാനെത്തുന്നവനായി ഇതിനുമുമ്പും അവൻ വന്നിട്ടുണ്ട്. രോഗശയ്യയിലെ മരണവെപ്രാളങ്ങൾ ചെറുപ്പക്കാരൻ കണ്ടുനിന്നിട്ടുണ്ട്. അതിനാലാവും ഡാങ്കേ സഖാവിന്റെ മകൻ തന്റെ പ്രായത്തിന് ചേരാത്ത വിധമുള്ള പൗരുഷശബ്ദത്തിൽ പറയുന്നത്. നാട്ടിൽ കൊണ്ടുപോയിട്ടെന്താ? നാട്ടിലെ ഉമ്മയോട് ഞാൻ കാര്യങ്ങൾ പറഞ്ഞോളാം. ഇവിടെ തന്നെ അടക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തോളൂ. നാട്ടിൽ കൊണ്ടുപോയാലും കുഴിച്ചിടാതെ പറ്റില്ല. മറ്റുളളവർ ഇട്ട് പന്തു തട്ടുന്നവിധം അങ്ങോട്ടും മിങ്ങോട്ടും തട്ടാൻ ഇട്ടു കൊടുക്കാതെ രക്ഷപ്പെടുത്താം. ഇവിടെയാവുമ്പോൾ കണ്ണമ്പറമ്പിലോ മറ്റോ...

മോർച്ചറിയ്ക്ക് മുന്നിൽ നിൽക്കുന്ന കൂട്ടു സഖാക്കളായ ചന്തുക്കുട്ടി നായരും, കൃഷ്ണൻ മാസ്റ്ററും ശ്രീധരനും മമ്മിക്കുട്ടിയും അതുതന്നെയാണ് നല്ലതെന്നും സമ്മതിക്കുന്നു. ഡാങ്കേ സഖാവിന്റെ ജീവിതം മുഴുക്കെ അവരുടെയെല്ലാം ഉള്ളം കയ്യിലെ പൂവ് പോലെയാണല്ലോ. സഖാവ് ഒന്നും മറച്ചു വെച്ചിട്ടില്ല. അങ്ങിനെ രഹസ്യമാക്കി വെക്കാൻ അയാളിൽ ഒന്നും ഉണ്ടായിരുന്നില്ല. എല്ലാവരുടെയും കൺമുമ്പിൽ നെഞ്ചുന്തി ജീവിച്ച ഒരു നേരേ




ചൊവേ മട്ടുകാരൻ. കൈചൂണ്ടിയാരെങ്കിലും വല്ലാത്തതെന്തെങ്കിലും വെറുതെ പറഞ്ഞുവെന്നിരിക്കട്ടെ, അപ്പറഞ്ഞ വ്യക്തിക്ക് മറ്റൊരാളോട് അവ്വിധം പറയാനുള്ള കരുത്ത് സഖാവ് ഡാങ്കേആലിക്ക ബാക്കിവെയ്ക്കുകയില്ല. ഏത് കൊമ്പത്തേ വമ്പനായലും ഡാങ്കേആയാലിക്ക കേൾക്കെ ഇല്ലാവചനം പറഞ്ഞ് രക്ഷപ്പെട്ടുപോകാൻ അയാൾ സമ്മതിക്കയില്ല. സഖാവിന്റെ കയ്യോ കാലോ ആരെങ്കിലും ഖണ്ഡിച്ചിട്ടാൽ അത് നിലത്തു വീണ് പിടയുന്നതിന് പകരം പറന്നു കൊത്തുമത്രേ.ഡാങ്കേആലിക്കായുടെ സഹപ്രവർത്തകരെല്ലാം സമ്മതിച്ചു. മോൻ പറഞ്ഞതുപോലെ ചെയ്യാം. മോൻ പറഞ്ഞതാ അതിന്റെ കാതല്. സഖാവിന് സകലദേശവും നാടാണല്ലോ. നാട്ടിലെ പള്ളി വളപ്പായാലും കണ്ണമ്പറമ്പ് കബർ സ്ഥാനായാലും ഡാങ്കേ സഖാവ് ആലിക്കാക്ക് ഒരു പോലെ മൂപ്പർക്കെന്തു മഹ് ശറ–

സഖാവ് ചന്തുക്കുട്ടിനായർ അർത്ഥമറിഞ്ഞു കൂടാത്ത ഒരു തമാശയാണല്ലോ പറയുന്നത് എന്ന് ഞാനും ഉള്ളിൽ കരുതി. രാവിലത്തേ തീവണ്ടിയ്ക്ക് സഖാക്കൾക്കൊപ്പം ഞാനും പുറപ്പെടണമെന്ന് തീരുമാനിച്ചതായിരുന്നു. ആലിക്കാ ആശുപത്രിയിൽ അഡ്മിറ്റായ വിവരം ഞാൻ അറിഞ്ഞതാണ്. കടപ്പുറം ആശുപത്രയിലെ

ക്ഷയരോഗവാർഡിൽ ഇടയ്ക്കിടെ അഡ്മിറ്റ് ചെയ്യുന്ന വ്യക്തിയാണദ്ദേഹമെന്നും അറിയാം. അദ്ദേഹത്തിന്റെ രോഗം എന്താണെന്ന് ബീഡിപ്പീടികയിലിരിക്കുന്നവർക്ക് മാത്രമല്ല ഒപ്പം ബീഡിതെറുക്കുന്ന പണിക്കാർക്കും ബീഡിക്കമ്പനിയിലെ ഉടമസ്ഥൻ ഇബ്രായിക്കായ്ക്കും ജനകീയ മുക്ക് എന്നു വിളിക്കുന്ന ബജാറിലെ സകലയാൾക്കാരും ഒത്തുചേരുന്ന ഇടത്തിൽ വന്നു കൂടുന്ന ജനങ്ങൾക്ക് പൊത്തനയും അറിയാം. രോഗം വരാനുണ്ടായ കാരണവും അറിയാം. സംസാരിക്കുമ്പോഴും ചെറിയ ചെറിയ ചർച്ചായോഗങ്ങളിൽ ആവേശത്തോടെ കയ്യുയർത്തി വിശദീകരണങ്ങൾ നടത്തുമ്പോഴും അയാൾ നിന്നു കിതയ്ക്കുന്നത് എത്ര കാലം മറച്ചുവെയ്ക്കാം?. ബീഡി മുറത്തിൽ വെട്ടിയടുക്കിയ ഇലകൾ ഓരോന്നുമെടുത്ത് ബീഡി സൂക്കയിട്ടു തിരിച്ചു ചുരുളാക്കി മുന്നിലിരിക്കുന്ന പയ്യന്റെ നേരേ നീട്ടുമ്പോൾ വാലുമടക്കി ബീഡിയുടെയറ്റത്ത് നൂലു കെട്ടി തിരിക്കുന്ന പയ്യന് ആ ശ്വാസം വലിയുടെ ഏറ്റക്കുറച്ചിലുകളും വലിവുകളും മുഴക്കങ്ങളും കേൾക്കാം. ഒരേ ഇരിപ്പിരുന്ന് തെറുക്കുമ്പോൾ സഖാവ് അനുഭവിക്കുന്ന വേദനയും വിഷമവും കൂടെയിരുന്ന് ജോലി ചെയ്യുന്നവർക്കറിയാം. ആരും കാണാതെ ഏതെങ്കിലും മറവിൽ ചെന്ന് നിന്ന് ചുമച്ച് ചുമച്ച് ശ്വാസം മുട്ടി ചോര ഛർദിച്ചു തിരിച്ചു വന്ന് ഒന്നും സംഭവിച്ചിട്ടില്ലയെന്ന മട്ടിൽ ചുണ്ടുകൾ ടവ്വൽകൊണ്ടൊപ്പി നിറഞ്ഞ കണ്ണുകൾ ആരും കാണാതെ തുടച്ച് പ്രസന്നഭാവം എടുത്തണിയാൻ പാടുപെടുന്ന ഡാങ്കേ സഖാവിന്റെ പ്രയാസങ്ങളും ആരും കണ്ടറിഞ്ഞതായി ഭാവിക്കയില്ല. മറ്റുള്ളവർ സഹതാപം പ്രകടിപ്പിക്കുന്നത് ഒരിക്കലും ഇഷ്ടപ്പെടാറില്ല. അദ്ദേഹം ഉറക്കെ പറയും ചോഡ് ദോ ബായ്,ചോഡ് ദോ മുജേ മാലും കോമ്രേസ് ബായ്...യേ മുഷ്ക്കിൽ നഹീ സിന്തഗീ ഹേ ഭായ് പക്കാ സിന്തഗി പുവർവാലക്കാ സിന്തഗി...

സഖാക്കൾ അടക്കം പറയാറുണ്ട് സഖാവ് ആലിക്ക തിയ്യേറ്റ് വെന്തുരുകിയ ആളാ പാർട്ടി തൊടങ്ങിയ കാലം തൊട്ടേ വിപ്ലവ പ്രസ്ഥാനത്തിലേക്ക് രണ്ടും കൽപ്പിച്ച് ചാടിയിറങ്ങിയ ആളാ... അതങ്ങനെ കിടക്കും പഴയ ഉരുക്ക് മൂശയിൽ പാകപ്പെട്ട ആളാ...തുരുമ്പെടുക്കയില്ല....നിശബ്ദതയിൽ നിന്ന് പോലും എന്താ ഉറപ്പ് മുഴക്കം....

രാത്രിയാണ് കൂടുതലായി അറിഞ്ഞത് അഡ്മിറ്റു ചെയ്തിട്ടു ഇന്നേക്കു മൂന്നോ നാലോ ദിവസം കഴിഞ്ഞതെയുള്ളൂ മുൻകൂട്ടിയാരോടും പറഞ്ഞുറപ്പിച്ചിട്ടൊന്നുമല്ല ആശുപത്രിയിൽ പോകാറുള്ളത്.ശ്വാസകോശവും വാരിയെല്ലുകളും നടുപുറവും ആകെ തകർന്നു പൊളിയുന്നു എന്നു തോന്നുമ്പോഴാണ് എഴുന്നേറ്റ് നിന്ന് ഒരു പോക്ക്.അത്തരം സന്ദർഭങ്ങളിൽ ചുമ ആലിക്കാക്ക് അടക്കുവാൻ സാധിക്കാറില്ല.ബീഡി മുറത്തിന്റെ ചുറ്റിലുമിരുന്ന് ജോലി ചെയ്യുന്ന കൂട്ടുകാർ പിറുപിറുക്കും കുറച്ചു ദിവസത്തേക്ക് ഷെഡിൽ കയറ്റാനായല്ലോ. സഖാവ് കേൾക്കരുതെന്നാണ് എല്ലാവരും ആഗ്രഹിക്കുക. നേരിയ ചുണ്ടു ചലനങ്ങൾ പോലും ഊഹിച്ചെടുക്കാൻ കഴിയുന്ന സഖാവ് ചിലമ്പിച്ച ശബ്ദത്തിൽ പറയുന്നു. കുങ്കൻ നായർ പെരുമാറിയ ശരീരാ മക്കളെ. നായിന്റെ മോൻ കുട്ട്യാമു സ്സായിപ്പും കേറി നെരങ്ങിയ തടിയാ..ഇതൊന്നും പോരാതെ ബോബായീന്ന് വെല്ലസ്ലിയും നാട്ടിൽ വന്ന അന്ന് കണ്ണൻ കരടിയും ഒക്കെ സൂപ്പാക്കി അടിക്കാൻ എല്ലൂരിയ തടിയാ. മക്കൾക്കറിഞ്ഞു കൂടാ..പഴയ ആൾക്കാരോട് ചോയിക്ക്. പള്ളീൽ കേറാത്തോനെന്ന പുരാതീം പറഞ്ഞ് തുർക്കി തൊപ്പിക്കാരൻ അവറാൻ കുരിക്കളും കുറേ കേറിമറിഞ്ഞതാ എന്നിട്ടും ഉള്ളിലെ തീ കെടുത്താനായിട്ടില്ല.

ചിലമ്പിച്ച ചിരിയൊച്ചകൾ പതുക്കെപ്പതുക്കെയകന്നകന്ന് പോകെ ചുറ്റിലിമിരുന്ന ഞങ്ങൾ നിശബ്ദരാവുകയാണ് പതിവ്.മൂന്നു നാലു ദിവസം മുമ്പ് അതല്ല സംഭവിച്ചത്. ഇരുന്ന് ബീഡി തെറുക്കുകയായിരുന്നു. സഹായിയായി ഒപ്പം ഉണ്ടാകാറുള്ള മകൻ തന്നെയാണ് പതിവ് പോലേ ഇല വെട്ടി നനച്ചു അടുക്കി കല്ലു വെച്ചത്. ഇലയ്ക്ക് പതം വന്ന നേരത്ത് ഒരു ഗ്ലാസ് ചായ വാങ്ങി കുടിച്ചു. ബീഡി പീടികയിൽ ആ പതിവ് ആലിക്കാക്ക് മാത്രം. ഒരു ഗ്ലാസ് ചായ സ്വന്തമായി കുടിച്ചു തീർക്കാനുള്ള അവകാശം. മറ്റുള്ളവരൊക്കെ ഒരു ഫുൾ ചായ പത്തോ പതിനഞ്ചോ കവിൾ നുണഞ്ഞാണ് ചായകുടിച്ചു വെന്ന സംതൃപ്തിയടയാറുള്ളത്. ബോംബെയിൽ നിന്ന് നാട്ടിൽ തിരിച്ചെത്തിയ അന്ന് ബീഡിപ്പീടികയിറയത്ത് വന്ന് നിന്ന് ആലിക്ക ആ പതിവ് ആദ്യമായി തെറ്റിച്ചു. പീടികക്കാരൻ ഇബ്രായിക്ക വാങ്ങി കൊടുത്ത ചായ മുഴുക്കെ വലിച്ചു കുടിച്ചു. എല്ലാവരും കേൾക്കെ പറയുകയും ചെയ്തു. എന്റെ ദാഹം തീരൂല... ഒരു വലിക്ക് ഒരു ഗ്ലാസ് എന്നതാ ബീഡി ബസാറിൽ ഞാൻ വച്ച ന്യായം. ബീഡി ബസാറിൽ അതാ എന്റെ പതിവ്. ചായയ്ക്കും ബീഡിക്കും പങ്കില്ല. ചായക്കും പുകയ്ക്കും എന്നാ–”

ആലിക്കാ പതിവ് തെറ്റിയ്ക്കാത്ത അനുഷ്ഠാനങ്ങൾ ആവർത്തിക്കയാണെന്ന് എല്ലാവരും ധരിച്ചു. പിന്നെ കാണുന്നത് ഗ്ലാസിൽ നിറയെ ചോര. ചുണ്ടിലൂടെയും ചോരയൊലിക്കുന്നു. ബീഡി മുറത്തിൽ നിന്നു പതം വന്ന ഇലയടുക്കുകളിൽ ചോരയൊലിക്കുന്നു. കിതച്ചു തളരുന്ന ആലിക്ക വിയർത്ത് വീഴുന്നതിനു മുമ്പ് കൂട്ടുകാർ ഏറ്റു പിടിച്ചു ആലിക്ക ഒന്നും സംഭവിക്കാത്ത മട്ടിൽ എഴുന്നേറ്റു നിൽക്കാൻ ശ്രമിച്ചു. ഇബ്രായിക്കായും മമ്മിക്കായും മറ്റു കൂട്ടുകാരും എത്തി. ആശുപത്രിയിലെക്ക് ഏത് വാഹനത്തിൽ ആരുടെയൊപ്പം പോയി എന്നതൊന്നും ഞാനറിഞ്ഞിരുന്നില്ല. ഞാനന്നേരം ആ ബീഡി പീടികയിൽ ഉണ്ടായുരുന്നില്ല.

ഇബ്രായിക്കയുടെ ബീഡിപ്പീടികയാണ് നാട്ടിലെ ജനകീയ മുക്ക്. എവിടെ നിന്നെല്ലാം ആൾക്കാർ നേരവും കാലവും നോക്കാതെ അവിടെയെത്തുന്നു. സഖാക്കൾ കുഞ്ഞിരാമേട്ടനും, നാണപ്പേട്ടനും, ഗോപാലൻ കിടാവും അസ്സനും റഹിക്കായും എന്നേരത്തും അവിടെയുണ്ടാവും. ആശുപത്രിയിൽ നിന്നുള്ള വർത്തമാനങ്ങൾ ബീഡി പീടികയിൽ അപ്പപ്പോഴെത്തുന്നു. ബീഡിപ്പിടികയുടെ തൊട്ടപ്പറത്താണ് പിഞ്ഞാണ പീടിക. അവിടെയാണാകെയൊരു ടെലിഫോൺ ഉണ്ടായിരുന്നത്. കോഴിക്കോട്ടു നിന്നാണ് ട്രംകോൾ എന്നറിയിച്ചപ്പോൾ ചെന്നെടുത്തത് അസ്സനിക്കയായിരുന്നു. മറുതലയ്ക്കൽ മമ്മികുട്ടിയാണെന്നറിഞ്ഞു. ആലിക്കായുടെ അടുത്ത് മകന് ഒരു സഹായത്തിന് ചെന്ന സഖാവ് മമ്മിക്കുട്ടി. അസ്സനിക്ക മൂളുകയും ശരി ശരിയെന്ന് പറയുകയും ചെയ്യുന്നുണ്ട്. നേരംവെളുത്താൽ ഞങ്ങളെത്താം എന്ന് സമ്മതിക്കുന്നതും കേട്ടു.

രാവിലെത്തെ തീവണ്ടിയ്ക്ക് റെയിൽവേ സ്റ്റേഷനിലെത്താൻ ഞാനും ഉത്സാഹിച്ചു. തീവണ്ടിയി

രിക്കേ അസ്സനിക്കയോ റഹിംക്കയോ മറ്റാരോ ഒരാൾ ചോദിക്കുന്നത് കേട്ടു. "ജീവനോടെ കാണാനാവ്വോ?"

ജീവനോടെ കാണാൻ സാധിച്ചില്ല. മൂന്നാം നാൾ രാത്രി അന്ത്യദിനമായിരുന്നു. ജില്ലാകമ്മിറ്റിയിലെ കോയയുടെ നിർദേശം മാനിച്ചാണ് നാട്ടിലെ സഖാക്കളെ മമ്മിക്കുട്ടി ഫോണിൽ വിവരം മറിയിച്ചത്. പകലെ വല്ലാത്ത വലിവും ശ്വാസതടസ്സവും ചുമയും ഉണ്ടായിരുന്നു. രാത്രി തലയണയാകെ ചോര.കറുത്ത ചോരയൊട്ടുന്ന എല്ലിൻ കൂട്. സഖാവിന്റെ മോൻ ഒരു പോള കണ്ണടച്ചിട്ടില്ല. ജീവൻ പോകുവോളം അവൻ സഖാവിന്റെ എല്ലിൻ കൂടായ മാറ് തടവുകയായരുന്നു. ബൂട്ടിന്റെ കാലടിപ്പാടുകൾ നെഞ്ചിൻ കൂടാകെ തെളിഞ്ഞു കാണാമായിരുന്നത്രേ. എന്റെ തോന്നലാവും വെറുതെ ആ നെഞ്ചിൻ കൂടിനെ ചവുട്ടി പൊളിക്കാൻ ശ്രമിച്ച ബൂട്ടിട്ട കാലുകൾ മനസ്സിൽ നിഴൽ പോലെ കൂത്താടി കളിച്ചതാവും. സഖാവ് മമ്മിക്കുട്ടി ഒരു കുഞ്ഞിനെപ്പോലെ ഞങ്ങളുടെ മുന്നിൽ പൊട്ടി കരഞ്ഞു. ശവം ഏറ്റുവാങ്ങാൻ തയ്യാറായി വന്ന ഞങ്ങൾക്ക് മുന്നിൽ അക്ഷോഭ്യനായി നിൽക്കുന്ന ആലിക്കായുടെ മകന്റെ ചുമലിൽ സഖാവ് ചന്തുക്കുട്ടിനായരുടെ ആശ്വാസകരങ്ങൾ പതുക്കെ ചലിക്കുന്നുണ്ടായിരുന്നു. അവന്റെ തീരുമാനം ശ്രദ്ധിച്ച ചന്തുക്കുട്ടിനായർ പറയുന്നു. "മോന്റെ തീരുമാനം ഉചിതായി. നമ്മൾ എന്തും നേരിട്ടല്ലേ പറ്റൂ. തീരുമാനങ്ങൾ പാറപോലെ ഉറച്ചുനിന്ന സഖാവായിരുന്നു ആലിക്കാ. ബോംബെയിൽ ട്രെയ്ഡ് യൂനിയൻ രംഗത്ത് ഒന്നിച്ച് പ്രവർത്തിച്ച സഖാക്കൾ അങ്ങിനെ ആലിക്കായെപ്പറ്റി പറയുന്നത് കേട്ടിട്ടുണ്ട്- അവിടെ ഡക്ക് തൊഴിലാളികൾക്കിടയിൽ-"

ജില്ലാക്കമ്മറ്റിയിൽ നിന്നും കോയയും സഖാവ് നടുക്കണ്ടിയും മോർച്ചറിയുടെ മുന്നിലെത്തി. മകന്റെ തീരുമാനം അവർ നേരത്തെ അറിഞ്ഞതാണ്. ആർ.എം.ഒ വിനെക്കണ്ടു ബോഡി ഏറ്റുവാങ്ങാനുള്ള നടപടികളെല്ലാം പാർട്ടിയാഫീസിലെ കോയ മുറപോലെ ചെയ്തിട്ടുണ്ട്. മോർച്ചറിയിൽ നിന്നും പുറത്തേക്കിറക്കിയ ജഡത്തിന്നരികിലേക്ക് കേളുവേട്ടൻ വന്നു നിന്നപ്പോഴാണ് അതുവരെയും അനക്കമറ്റുനിന്ന മകൻ നിയന്ത്രണംവിട്ടു കരഞ്ഞത് കേളുവേട്ടൻ അവനെ ദൂരത്തേക്ക് മാറ്റി നിർത്തി ആശ്വാസവാക്കുകൾ പറഞ്ഞിട്ടുണ്ടാവും. അവൻ തണുത്തു. കേളുവേട്ടൻ പതുക്കെ എല്ലാവരും കേൾക്കേ പറയുന്നു."സഖാവ് ആലി പഴയ നമ്മുടെ സഖാക്കളുടെ കൂട്ടത്തിൽ ശക്തനായിരുന്നു. ബോംബെയാണ് മൂപ്പരെ പ്രവർത്തനരംഗം. മലയാളി ബീഡിതൊഴിലാളികൾ നിവസിക്കുന്ന ബീഡിബജാറിൽ. പാർട്ടിയുടെ ആദ്യകാലങ്ങളിൽ നാൽപതുകളിലും അമ്പതിന്റെ തുടക്കത്തിലും പാർട്ടി ഒളിവിലും തെളിവിലും ബഹുജനപ്രസ്ഥാനം നയിച്ച കാലയളവിൽ പാർട്ടിയുടെ സകലതുമായിരുന്നു സഖാവ്..."

കേളുവേട്ടൻ മുഷ്ടിച്ചുരുട്ടി. മയ്യത്ത് കട്ടിൽ ചുമന്ന് ഞങ്ങൾ കണ്ണമ്പറമ്പ് ശ്മശാനപ്പറമ്പിലെ പള്ളി മുറ്റത്ത് എത്തി. സഖാവ് നടുക്കണ്ടിയാണ് പിന്നീടുള്ള കാര്യങ്ങൾ നിയന്ത്രിച്ചത്. കുളിപ്പിച്ചു കിടത്തിയ മയ്യത്ത് മൂന്നു കഷണം വെള്ളയിൽ പുതയ്ക്കുന്നതും കർപ്പൂരവും രക്തചന്ദനവും വിതറിയ പഞ്ഞി മുഖം മൂടത്തക്ക വിധം വയ്ക്കുന്നതും എല്ലാവരും നോക്കിനിന്നു. മൂന്ന് കഷ്ണം വെള്ളയിൽ പുതച്ച മയ്യത്ത് പിന്നീടുള്ള കർമ്മങ്ങൾക്കും അടക്കം ചെയ്യാനും മണ്ണിടാനും മറ്റുമായി പള്ളി ഭാരവാഹികൾ എടുത്തപ്പോൾ നടുക്കണ്ടി സഖാവ് എല്ലാറ്റിനും നേതൃത്വം നൽകി. ആരോ പറയുന്നതുകേട്ടു: "നാട്ടിലായിരുന്നെങ്കിൽ സഖാവ് ആലിയുടെ മയ്യത്ത് മറവാടാൻ ഇത്ര തുറന്ന മനസ്സോടെ ആരെങ്കിലും വരോ? എന്തെങ്കിലും എതിര് പറഞ്ഞ്"-

മകന്റെ തീരുമാനം നന്നായിയെന്നാണ് എല്ലാവരും പറഞ്ഞത്. അങ്ങിനെ ആ ചെറുപ്പക്കാരന്ന് പറയുവാനുള്ള, തീരുമാനമെടുക്കാനുള്ള തന്റേടം കിട്ടിയത് ആലിക്കാന്റെ ജീവിതസന്ദർഭങ്ങൾ തന്നെയാവും. കർമ്മങ്ങൾ കഴിഞ്ഞ് കണ്ണമ്പറമ്പിൽ നിന്ന് തിരിച്ചുവരുമ്പോഴും എല്ലാവരും മനസ്സിൽ പറഞ്ഞു കൊണ്ടിരുന്നത് സഖാവ് ഡാങ്കേ ആലിക്കായുടെ ജീവിതം തന്നെയായിരുന്നു.

ടൗണിൽ നിന്ന് പടിഞ്ഞാറോട്ടേക്ക് ചെല്ലുന്ന ചെങ്കൽ പാതയിലൂടെ കുത്തനെ പടിഞ്ഞാറോട്ടേക്ക് നടന്നാൽ താഴതൊടി പള്ളിമഖാമിന്റെ മുറ്റത്തെത്താം. അവിടുന്നങ്ങോട്ട് കുണ്ടനിടവഴിയാരംഭിയ്ക്കുന്നിടത്താണ് സായിവിന്റെ മാളിയക്കൽ മട്ടുംതാഴത്ത് തറവാട്. ഒടിഞ്ഞുകുത്തി വീഴാനൊരുങ്ങുന്ന പടുകിഴവനെപ്പോലെ മുക്കിമൂളി മുരടിച്ചങ്ങനെ നിൽക്കുന്നത്. ആഞ്ഞ് വലിഞ്ഞ് ഒന്ന് ഊതിയാൽപോലും ഇടിഞ്ഞ് തവിടുപൊടിയായി തുന്നംപാറിത്തകർന്ന് വീഴുന്ന ഒരു മാളികവീട്! ഓലമേഞ്ഞ മോന്തായം. കരിച്ചോലകൾ പുതച്ച ദ്രവിച്ചൊടിഞ്ഞ് വീഴുന്ന കഴുക്കോലുകൾ. തലയ്ക്ക് സുഖമില്ലാത്ത മമ്മത് സാലയെന്ന നാട്ടറബി തറവാട് നോക്കി എന്നേരവും പ്രാകുന്നത് കേൾക്കാം. കുല്ലും ഫന്ന: കുല്ലുംശൈയ്യും ഫനാ-"

അവിടെയാണ് ആലിക്കായെന്ന ആൾ താമസിക്കുന്നത്. ചെറുപ്പംമുതലേ ബീഢിതെറുപ്പ്. ചെറുപ്പം മുതലേ ചോരത്തിളപ്പ്. മുൻപിൻ നോട്ടമില്ലാത്തവൻ എന്ന് ചിലരൊക്കെ മുറുമുറുക്കും. കാര്യംപറയുന്നത് കുരുത്തക്കേടാണോയെന്ന് ചോദിക്കും. ഭാര്യയും മകനും ഒപ്പമുണ്ട്. തറവാടുകെട്ടിന്റെ ഇടത്തേ ചായ്പിൽ നീളത്തിൽ ഒഴിഞ്ഞുകിടക്കുന്ന ഒറ്റമുറി. അടുക്കള, അടഞ്ഞുകിടക്കുന്ന ജനലുകൾ തുറന്ന് മാറാലകൾ തൂത്തുവാരി വൃത്തിയാക്കി ആൾത്താമസമാരംഭിച്ചപ്പോൾ ആരോ ചോദിച്ചു. "എന്താ കയ്യേറ്റമാണോ?കണ്ടേടംകേറി കയ്യേറുന്നത് പൊറുപ്പിക്കൂലാ-"

"ആരാ ചോദിക്കാൻ ബപ്പൻകമാലീന്റെ മോനാണെങ്കിൽ മട്ടുംതാഴത്ത് തറവാട്ടിൽ കയറിത്താമസിക്കാൻ ആരുടേയും സമ്മതം വേണ്ട. തടയുന്നത് കാണണം-"

തറവാട്ടുകാരുടെ എതിർപ്പുകൾ. മട്ടുംതാഴത്ത് തറവാട്ടിൽ ആലിയും ഭാര്യയും മകനും അവിടെ താമസിക്കുന്നു. വെണ്ണീരടരുകൾ വെട്ടിപ്പൊളിച്ച് താമസയോഗ്യമാക്കിയല്ലോ? അവകാശം പറഞ്ഞെത്തിയവരെ ആട്ടിപ്പായിച്ചാണ് കുടിയേറി അടുക്കളയിൽ ആദ്യത്തെ കഞ്ഞിപാത്രം വേവിച്ചത്. നാട്ടുപ്രമാണിയായിരുന്ന കുന്നുമ്മൽ ചെറിയകത്ത് അബ്ദുള്ളക്കുട്ടിക്കാക്കയുടെ മൂത്ത മകളാണ്. മട്ടുംതാഴം തറവാട്ടിലെ തന്തോന്നിയായവന്റെ കൂടെ എല്ലാം ഇട്ടെറിഞ്ഞ് ഇറങ്ങിപ്പോന്നവൾ. നാട്ടറാംപിറന്നവൻ. വന്നുവിളിച്ചപ്പോൾ ഒന്നുംനോക്കാതെ ഇറങ്ങിപ്പോന്നവർ. ബീഢിതെറുപ്പു കൊണ്ടുമാത്രം ഒരിടത്ത് ഒതുങ്ങി നിന്നുകൂടായെന്ന്

തോന്നിയതിനാലോ, പ്രവർത്തിക്കേണ്ട മണ്ഡലങ്ങൾ ദുനിയാവിൽ വെറെയും ഉണ്ടെന്നു തോന്നിയതിനാലോ തകർത്തുപെയ്യുന്ന ഒരു തിരുവാതിര ഞാറ്റുവേലക്കാലത്ത് തറവാട് ഇടിഞ്ഞുപൊളിഞ്ഞ് വീണതിനാലോ, ഒരുനാൾ ആലിക്കുട്ടിയും കുടുംബവും ബോംബെയിലേയ്ക്ക് യാത്രയായി. വിക്ടോറിയാ ടെർമിനിസ്സിൽ തീവണ്ടിയിറങ്ങിയ കുടുംബം അക്കാലത്ത് മലയാളികൾ ചേക്കേറുന്ന മുഹമ്മദലി റോഡിലെ ഒരു ബീഡിപ്പീടികയിലാണ് എത്തിപ്പെട്ടത്. ഏതോ ഒരു ചാവക്കാട്ടുകാരൻ മലയാളി നടത്താൻകൊടുത്ത ഖുംട്ടിക്കട. ഖുംട്ടിക്കടയുടെ ഉടമസ്ഥൻ എസ്.എം. ആലീഖാൻ ബോംബെയിൽ പടർന്ന് പന്തലിച്ചത് പെട്ടെന്നായിരുന്നു. ബീഡിതെറുപ്പും കട നടത്തിപ്പും മലയാളികൾക്കിടയിലെ സംഘടനാപ്രവർത്തനങ്ങളും പതുക്കെപ്പതുക്കെ ട്രേഡ് യൂനിയൻ രംഗത്തെ നേതാക്കളുമായി കൂട്ടിയടുപ്പിച്ചുവെന്നും അങ്ങനെയാണ് തൊഴിലാളി യൂനിയൻ നേതാക്കളായ സഖാവ് ഡാങ്കേയുമായും അജയ്ഘോഷുമായും അടുത്തതെന്നും നാട്ടിലൊഴിവുകാലത്ത് എത്തുന്ന ആലിക്കാ പറയാറുണ്ട്. ഹാർബർ തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന കാലത്ത് ബീഡിക്കടയും വെറ്റിലപാക്ക് ഖുംടിയും ആലിക്കായുടെ ഭാര്യയുടെ ചുമതലയിലായി. ദുക്കാൻവാല പാത്തിംതായ് ബീബിജാൻ മുഹമ്മദലിറോഡിലെ ബിസ്തിമുല്ലയിൽ മലയാളികളുടെ അഭയസ്ഥാനം. മലയാളികൾക്കിടയിൽ ഡാങ്കേ അലിഭായ്, ബോംബെയിലെ പാർട്ടിപ്രവർത്തനത്തിന്റെ കാലത്താണ് റഹീംക്കയെ പരിചയപ്പെടുന്നത്. നാട്ടിലെ മറ്റൊരു ബീഡിതെറുപ്പുകാരനും ബോംബെയിൽ തൊഴിലാളിപ്രവർത്തന രംഗത്ത്. പാർട്ടിപ്രവർത്തനം ബോംബെയിൽ നിരോധിക്കപ്പെടാൻ സാഹചര്യവും വരുന്നുവെന്നറിഞ്ഞപ്പോഴാണ് ഇരുവരും നാട്ടിലേക്ക് തിരിക്കുന്നത്. ഭാര്യയും മകനും ബോംബെയിൽ തങ്ങി. ബിസ്തിമുല്ലയിലെ ജീവിതം വിട്ടേച്ചുവരാൻ പറ്റില്ലായിരുന്നു. ഡാങ്കേ സഖാവിന്റേയും അജയഘോഷിന്റെയും ബോംബെയിലെ പാർട്ടിപ്രവർകന്മാരുടെയും സമ്മതത്തോടെയാണത്രെ നാട്ടിലേക്ക് പോന്നത്. നാട്ടിലെത്തിയപ്പോൾ ബോംബെക്കാരനായ സഖാവ് എസ്.എം ആലിയെ കയ്യോടെ പിടികൂടാൻ റെയിൽവേസ്റ്റേഷനിൽ പോലീസുകാർ കാത്തുനിൽക്കുന്നു. നാട്ടിൽ നായർബീഡി സമരം കത്തിപ്പടരുന്നകാലം. ഒഞ്ചിയത്തും ഊരാളുങ്കലും വെടിവെപ്പുകൾ നടക്കുന്നു. അരിക്കുളത്തും അഞ്ചാംപീടികയിലും സഖാക്കളെല്ലാം ഒളിവിൽ. തീവണ്ടിയിലെത്തിയ റഹീംക്കാ ഒളിവിലായി. നീളൻകുപ്പായവും കൊമ്പൻമീശയുമുള്ള ആലീക്കാ പോലീസിന്റെ കൺമുന്നിലും. നായർബീഡി സമരത്തിൽ പങ്കെടുത്ത സഖാക്കളെല്ലാം ഒളിവിലും ജയിലിലും. നാൽപത്തിയെട്ടു നാൽപത്തിയൊമ്പതു കാലം. അരിക്കുളത്തെ കൃഷ്ണൻമാസ്റ്ററും ശ്രീധരനും പോലീസിന്റെ പിടിയിൽ. തീവണ്ടിയാപ്പീസിൽ നിന്ന് കയ്യോടെ എതിരേറ്റ് കൊണ്ടുവന്ന ബോംബെ സഖാവിന്റെ നീളൻകുപ്പായവും കൊമ്പൻമീശയും പ്രത്യേകമായ എടുപ്പും നിൽപും കണ്ടപ്പോൾ സർക്കിൾ ഇൻസ്പെക്ടർ ഉറക്കെ ചോദിച്ചുവെത്രേ“ എന്താ ഡാങ്കേ സഖാവ് ഹാർബർ തൊഴിലാളികളെപ്പറ്റിച്ച് ഇങ്ങ് പോന്നു അല്ലേ?“

രഹസ്യങ്ങൾ ചോർന്നുവന്ന വഴികൾ. അയാൾ പുറത്തൊന്നുതട്ടി വീണ്ടും ചോദിക്കുന്നു: “എന്താ ഡാങ്കേ സഖാവ് മലബാറിലേക്ക് തിരിച്ചുപോന്നത്. നിന്റെ അമ്മായിയപ്പന്റെ തീട്ടം തിന്നാനോ? അതെല്ല ഇവിടെ കുട്ടിച്ചോറാക്കാനോ. പറയെടാ സഖാവിന്ന് ശരീരം ആകപ്പാടെ അടിമുടി വിറച്ചു. പിന്നെ താൻ കയറിനിൽക്കുന്നിടം പോലീസ് സ്റ്റേഷനാണെന്നോ താൻ പോലീസിന്റെ ചുറ്റധീനതയിലാണെന്നോ ചിന്തിക്കാതെ ഉറക്കെ അലറി. ‘‘തേരാ ബാപ്പ് ബാൻ ചോറ്. ഉല്ലൂക്കാപ്പട്ടാ–”

ബോംബെയിലെ മുഹമ്മദലിറോഡിലെ വർഷങ്ങളായുള്ള ബന്ധങ്ങൾ. ദാദാമാരുമായുള്ള പരിചയങ്ങൾ ആലി സഖാവിന്റെ കൈകൾ ഉയർന്നുതാഴുന്നത് സർക്കിൾ ഇൻസ്പെക്ടറുടെ കവിളത്തായിരുന്നു. അത്രതന്നെ. പിറ്റേ ദിവസം ചോരവാർന്ന്, ഓർമ്മ നശിച്ചു, സകല സന്ധിബന്ധങ്ങളും തകർന്ന നിലയിൽ വലിച്ചിഴച്ചാണത്രേ സഖാവ് ആലിയുടെ തകർന്ന് നുറുങ്ങിയ ശരീരം ആശുപത്രിയിലേക്ക് എടുത്തെറിഞ്ഞത്. ബ്രിട്ടീഷ് പോലീസിന്റെ വിളയാട്ടങ്ങൾ. ശക്തിശൗര്യങ്ങൾ ചവച്ചുതുപ്പിയ ശരീരം. അപ്പോഴും ചെറിയ ഒരു ഓർമ്മ സിരകളിൽ തുടിയ്ക്കുമ്പോൾ ഇഴഞ്ഞ് വലിയുന്ന ശബ്ദത്തിൽ പറയുമത്രേ “തും ബേൻ ചോറ്, തുമാരാ ബാപ്പ് ബേൻ ചോറ്–”

ലോക്കപ്പിൽ കൂട്ടുപ്രതിയായിക്കിടന്ന കൃഷ്ണൻ മാസ്റ്ററും സഖാവ് ശ്രീധരനും പതുക്കെ ആശ്വസിപ്പിക്കുന്നു. “അടങ്ങ് സഖാവേ..... അടങ്ങ് സഖാവേ...ലോക്കപ്പിൽ ജീവൻ കുരുതികഴിക്കേണ്ട....അടങ്ങ് സഖാവേ–”

ശരീരത്തിൽ ജീവന്റെ ഒരംശം കെടാതെ നിന്നതിനാലാണത്രേ അന്ന് ബാക്കിയായത്. ജയിലറയുടെ കമ്പിയഴി ചാരിനിന്ന സഖാക്കൾ കടുത്ത പീഢനങ്ങൾക്ക് സാക്ഷ്യം വഹിച്ചവരാണ്. അവർക്ക് കമ്പിയഴികളിൽ മുറുകെ പിടിച്ചു മുദ്രാവാക്യം വിളിക്കാനേ സാധിച്ചുള്ളൂ. നായർബീഡിസമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട സഖാക്കൾ ഉറക്കെ മുദ്രാവാക്യം മുഴക്കി.‘‘സഖാവ് എസ്.എം.ആലി സിന്താബാദ് വിപ്ലവപ്രസ്ഥാനം സിന്ദാബാദ്– ഇങ്കിലാബ് സിന്താബാദ്”.

കണ്ണമ്പറമ്പ് ശ്മശാനത്തിലെ കബറടക്കം കഴിഞ്ഞ് ഞങ്ങൾ തിരിച്ചുപോന്നു. നാട്ടിലേക്കുള്ള തീവണ്ടിയിൽ കയറിയിരുന്നപ്പോൾ തീവണ്ടിവേഗത്തിന്റെ താളസ്പന്ദങ്ങൾ ഏറ്റുവാങ്ങി എന്റെ മനസ്സും പഴയ സഖാക്കളുടെ ജയിലഴികൾക്കകത്ത് മുഴങ്ങിയ മുദ്രാവാക്യം ഏറ്റുവിളിയ്ക്കുകയായിരുന്നു. നാട്ടിലെ റെയിൽവെസ്റ്റേഷനിലെത്തുവോളം മാത്രമല്ല ആ മുദ്രാവാക്യം മനസ്സേറ്റു വിളിച്ചത്. കാലങ്ങൾക്കിപ്പുറത്തിരുന്ന്, പഴയകാലാനുഭവങ്ങൾ ചിക്കിപ്പരതി കുറിപ്പെഴുതുമ്പോഴും മനസ്സുരുവിട്ടു ശീലിച്ച ആ പഴയ മുദ്രാവാക്യം മനസ്സാവർത്തിച്ചുകൊണ്ടേയിരിയ്ക്കുന്നു........ ■




ആദരാഞ്ജലികൾ

**എടോളി ബാലൻ**

11.09.36 – 03.04.13

നക്ഷത്രരാജ്യം മാസിക മാനേജ്മെന്റ് & സ്റ്റാഫ്

# ഫ്രീ



ഇ. വാസു




താഴിട്ട് പൂട്ടിയ സോവ്യറ്റ് കൾച്ചർ സെൻടർ പിന്നിട്ട് ശാസ്ത്രിജി റോഡിലെത്തിയപ്പോഴാണ് ശ്രദ്ധയിൽ അത് തറച്ചത്.

''മീൽസ് റെഡി'' എന്നുമാത്രമായിരുന്നു ബോർഡിൽ എഴുതിവെച്ചത്.

ഞാൻ അത് "ഫ്രീ മീൽസ് റെഡി" എന്ന് വായിച്ചു.

നല്ല വിശപ്പുള്ള സമയമായിരുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി സർക്കാർവക സൗജന്യഭക്ഷണം കാരണം അത് ശീലമായിപ്പോയി. മേശപ്പുറത്തെ ഫയൽ, ഡയറി, ചുമരിലെ കലണ്ടർ–എല്ലാം തികച്ചും സൗജന്യം.

പണി വിശേഷിച്ചൊന്നും ഇല്ലതാനും.

തീരെ ഇല്ല എന്ന് പറഞ്ഞുകൂടാ. മാനേജരെ പേ ബില്ല് തയ്യാറാക്കാൻ സഹായിക്കും.

സോവ്യറ്റ് കൾച്ചർ സെൻടർ ഇടയ്ക്ക് ഒരു സിനിമയോ ചെസ്സ് ടൂർണ്ണമെന്റോ കാണിയ്ക്കും പോലെ.

സമ്പൂർണ്ണ സമത്വത്തിനും സ്വാതന്ത്ര്യത്തിനും ഉള്ള സൊല്ല അതാണ്. പഠിപ്പിയ്ക്കാൻ കുട്ടികളില്ലെങ്കിൽ പേ ബില്ലെഴുതാൻ കുത്തിയിരിയ്ക്കണം. എന്റെ കയ്യക്ഷരം നല്ലതായിപ്പോയതുകാരണമാണ്.

അദ്ധ്യാപകന്റെ ജോലി എഴുത്തും കുത്തും അല്ല എന്ന് പറയാൻ വയ്യ. പറഞ്ഞാൽ കുഴപ്പമായി. പഠിപ്പിയ്ക്കാനേ എനിയ്ക്കറിയൂ എന്ന് മിണ്ടിപ്പോകരുത്. മാനേജരല്ലല്ലൊ, ശമ്പളം സർക്കാർ തരുന്നതല്ലെ എന്നൊന്നും പറഞ്ഞാൽ ഫലിയ്ക്കില്ല. അതൊക്കെ സർക്കാരാപ്പീസിലെ വ്യവസ്ഥ. ഭരണഘടനപ്രകാരം ജനപ്രതിനിധി സഭയിൽ പാസാക്കുന്ന നിയമം

ജോലിചെയ്യാൻ ഒട്ടും താൽപര്യമില്ലാതിരിയ്ക്കുക, കിട്ടാവുന്ന സൗജന്യങ്ങൾ എല്ലാം കൈപ്പറ്റിയിട്ടും പോരാ, പോരാ എന്ന് പറയുക.

അതിലൊക്കെ രസംതോന്നുന്നവർക്ക് ഏറ്റവും പറ്റിയ സ്ഥലമാണ് സർക്കാരാപ്പീസ്. അതുകൊണ്ടാണ് മൃഗഡോക്ടറായ കുറുപ്പദ്ദേഹം തന്നെ ഡയരക്ടറാക്കാതിരുന്നതുകൊണ്ട് "ലീഗൽ മെട്രോളജി" വകുപ്പിന്റെ കാര്യക്ഷമത തീരെ കുറഞ്ഞുപോയി എന്ന് ഇടയ്ക്ക് പറഞ്ഞുകൊണ്ടിരിയ്ക്കുന്നത്.

അളവുകളും തൂക്കങ്ങളും എന്നതായിരുന്നു വകുപ്പിന്റ പേര്. ഫുൾക്കൈ ഷർട്ടിട്ട് എപ്പോഴും ടൈ കെട്ടി നടക്കുന്ന സീനിയർ ഐ.എ.എസ്കാരൻ മേനോനെ റവന്യൂ വകുപ്പിൽ പറ്റില്ലെന്നായപ്പോൾ പറഞ്ഞയച്ചതാണ്, അളവുകളുടെയും തൂക്കങ്ങളുടെയും ഡയരക്ടറായി.

ആന നടന്ന വഴി നടപ്പാതയാകുന്നതുപോലെ അതും ഒരു മേജർ വകുപ്പായി. പുതിയ ഒരു വകുപ്പ് ഒത്തുകിട്ടിയാൽ വികസിയ്ക്കാതിരിയ്ക്കുമോ? പുരോഗതി ആരെങ്കിലും വേണ്ടെന്നു വെയ്ക്കുമോ? ക്ഷേമരാഷ്ട്രത്തിൽ ഏതെങ്കിലും വകുപ്പ് അങ്ങിനെ റദ്ദായിപ്പോയ ചരിത്രമില്ല.ഡയരക്ടർ മേനോനാണെങ്കിൽ അളവുകളുടെയും തൂക്കങ്ങളുടെയും അത്ര പ്രാധാന്യം മറ്റൊന്നിനും ഈ ലോകത്ത് ഇല്ല എന്ന നില വരുത്തി, അളവിന്റെ അല്ലെങ്കിൽ തൂക്കത്തിന്റെ അനുപാതം തെറ്റിയാൽ ഭൂമിയ്ക്ക് തന്നെ എന്തു സംഭവിച്ചുകൂടാ?

ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ബലം അതാണ്.

ഭൂമി ആർക്കെങ്കിലും പതിച്ചുകൊടുക്കാൻ പറഞ്ഞാൽ മന്ത്രിയോട് എഴുതിത്തരാൻ പറയും. ജോലി ഇല്ലെങ്കിൽ അവർ ഉണ്ടാക്കും. കടലിൽ തിരയെണ്ണുന്ന പണി ഏൽപിച്ചാലും ആത്മാർത്ഥമായി അത് ചെയ്തിരിയ്ക്കും. കഴിവ് കൂടിക്കൂടി കഴിവേറിയവരായ ഒരു വർഗ്ഗമാണവരുടേത്. സഞ്ചരിയ്ക്കാൻ കരിയും പുകയുമില്ലാത്ത പെട്രോൾ വാഹനം സൗജന്യം.

എഴുതാൻ കടലാസും മഷിയും സൗജന്യം. അത് കാലാകാലം വരുത്തി എത്തിച്ചുകൊടുക്കാൻ മാത്രമായി കൺട്രോളർ ഓഫ് സ്റ്റേഷനറി. അവസാനമായി കൺട്രോളറായ (ഐ.എ.എസ് ഫസ്റ്റ് റാങ്കുകാരൻ) അതുകൊണ്ട് ഏഴു പുസ്തകമാണ് ഒറ്റയിരുപ്പിനെഴുതിയത്.

ഐ.എ.എസുകാരനെ ഇരുത്താൽവേണ്ടി പ്രിന്റിങ് ആൻഡ് സ്റ്റേഷനറി വകുപ്പ് രണ്ടായി വികസിച്ചു. (വിഭജിച്ചു എന്നത് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകാരനാവുമ്പോൾ വികസിച്ചു എന്നാണ് എഴുതേണ്ടത്.)പൊതുവെ പിളരുംതോറും വളരുന്നതാണ് സർക്കാർ വകുപ്പുകൾ. പാഠപുസ്തകത്തിന്റെ അച്ചടി ശിവകാശിയിൽ ആണെങ്കിലും ഇവിടെത്തന്നെ എന്ന് തെളിയിക്കണം. പ്രിന്റിങ്ങിന് പ്രസ്സുകൾ ഇറക്കിവെയ്ക്കാൻ വകുപ്പ് പ്രത്യേകം വേണം. ആന്ധ്രാ പേപ്പർമില്ലുകൾക്കും, ഹരിയാനാ പ്രസ്സുകൾക്കും ആഭ്യന്തര വിപണി സൃഷ്ടിയ്ക്കാൻ അഖിലേന്ത്യാ സർവ്വീസുകാരൻ തന്നെ വേണം. പ്രിന്റിങ്ങ് വകുപ്പിന്റെ കൺട്രോളർ ചുമതല രാജേന്ദ്രനാഥ് കോഹ്‌ലിയ്ക്കും സ്റ്റേഷനറി വകുപ്പിന്റെ ഡയരക്ടർ സ്ഥാനം സത്യനാരായണ സ്വാമിയ്ക്കും കിട്ടും. അതോടെ മാതൃപേടകമായ അളവും തൂക്കവും വിട്ടുവരുന്ന മേനോനെ ഡയരക്ടർ-ജനറലാക്കി ഒന്നുയർത്തും.

അഴിമതിയ്ക്ക് സാധ്യത തീരെ കുറഞ്ഞ ഒരു വകുപ്പിലെ നോൺ-ഗസറ്റഡ് ജീവനക്കാരനായ ഞാൻപോലും "ഭജനാലായം" എന്നെഴുതിവെച്ച തേഞ്ങാപ്പുര ദേവി കോവിലിന്റെ ഗേറ്റിൽ "ഭോജനാലയം" എന്നു വായിച്ചു. 'ദൈവത്തിന്റെ മക്കൾ' എന്നു പറയുന്നതുപോലെയാണ് സർക്കാരിന്റെ മക്കൾ. അവർക്ക് എപ്പോഴും വിശപ്പാണ്. അവർ വിശപ്പിന്റെ മക്കളാണ്. സത്യനാരായണനും മേനോനും അഖിലേന്ത്യാവിശപ്പാണ്. ഹനുമാൻ കോവിലിന്റെ മുന്നിൽ ഒരു പുതിയ ബോർഡ് എഴുതിവെച്ചതായി കണ്ടു.

"ഗേറ്റിനു മുന്നിൽ ഭിക്ഷ ചോദിയ്ക്കരുത്"

ഭിക്ഷാപാത്രം വെച്ച് ഹനുമാൻ അല്ലെങ്കിൽ ഗണപതി ഭഗവാൻ ഗേറ്റിനകത്തുതന്നെ ഇരിയ്ക്കുന്ന നിലയ്ക്ക് പുറത്ത് എന്തിന് ഒരറിയിപ്പ്?

സ്വന്തം തൊഴിലിൽ മറ്റൊരാൾ മത്സരിയ്ക്കാനെത്തുന്നത് ആർക്കും ഇഷ്ടമാവില്ല.

സച്ചിദാനന്ദൻ നക്സലൈറ്റായതുകൊണ്ട് ഞാനും അതായി. ബുദ്ധിസ്റ്റായപ്പോൾ പിന്നെ അതായി. എനിയ്ക്ക് ദൈവത്തെ വിശ്വാസമില്ല. അടുത്തകാലത്ത് കപിലവസ്തുവിൽ പോയി ബുദ്ധിസ്റ്റായതുകൊണ്ടല്ല. ബുദ്ധിസത്തിൽ ഈശ്വരനില്ലല്ലോ. വേദത്തിലും ഉപനിഷത്തുകളിലുമില്ല ഈശ്വരൻ. പരമമായത് പ്രത്യക്ഷപ്പെടുന്നതല്ല എന്നാണ് അതിലൊക്കെ പറഞ്ഞിട്ടുള്ളത്. പിന്നെ ഇത്രയും ഭജനാലയങ്ങൾ എങ്ങിനെ വന്നു?

എനിക്കാരെയും ഭയമില്ല. അതുകൊണ്ട് സ്വതന്ത്രനാണ്. പേ ബില്ലുകൾ ട്രഷറിയിൽ എത്തിച്ചു കഴിഞ്ഞാൽ ഡയറിക്കുറിപ്പുകൾ എഴുതിത്തുടങ്ങും. ഒരു സർവ്വതന്ത്രസ്വതന്ത്രന് ഭയത്തിന്റെ ആവശ്യമില്ല. ദൈവമോ ക്രിയകളോ വേണ്ട. അതുകൊണ്ട് ആരെപ്പറ്റിയും എന്തും പറയാം. താൻ ചത്തുപോയെന്ന് പ്രചരിപ്പിച്ച് തലമൊട്ടയടിച്ച് നാടുവിട്ടവനാണ് തഥാഗതനെന്നും വിശ്വസിയ്ക്കുന്നു. ചിന്തയ്ക്ക് അങ്ങിനെ മുക്തി തരുന്ന ഒരൊറ്റ തൊഴിലേ ഉള്ളൂ. അത് സർക്കാർ ശമ്പളംപറ്റി ചെയ്യുന്ന ജോലിയാണ്. പ്രയോജനം ലഭിയ്ക്കുന്ന ഒരു ജോലിയും ചെയ്യാത്തതുകൊണ്ട് അതിനെ സേവനം എന്നാണ് പറയുക.

ഇന്ത്യക്കാരന്റെ സേവനം ആരംഭിയ്ക്കുന്നത് ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ കാലത്താണ്. അന്ന് അഴിമതിക്കാരും ജന്മനാ കള്ളന്മാരുമാണ് ഇന്ത്യാക്കാർ. തരംകിട്ടിയാൽ മോഷ്ടിയ്ക്കും.കൂലി ലക്ഷ്യമാക്കി ഒരു ജോലിചെയ്യുകയാണ് എന്നുവന്നാൽ, കള്ളൻ സത്യസന്ധത കാണിക്കില്ല. അതുകൊണ്ട് 'സർവ്വീസ്' എന്ന വിശേഷണം ചാർത്തിക്കൊടുത്തു. പാലസ് സർവ്വീസ്, ഇമ്പീരിയൽ ഗവർമ്മെണ്ട് സർവ്വീസ്-ഐ.സി.എസ്സുകാർക്ക് നാട്ടുരാജാക്കന്മാർ കൊട്ടക്കണക്കിന് അപ്പവും കുടിച്ചുവറ്റിയ്ക്കാനാവാത്തത്ര വീഞ്ഞും എത്തിച്ചു.

സ്വാതന്ത്ര്യം കിട്ടുന്ന അന്ന് ഐ.സി.എസ്സുകാരെ വിളക്കുകാലിൽ കെട്ടിത്തൂക്കുമെന്ന് നെഹ്രുജി പറഞ്ഞത് അതുകൊണ്ടാണ്.

കെട്ടിത്തൂക്കുന്നത് ഹിംസയാകയാൽ പാപമാണ്. സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞപ്പോൾ അത് മനസ്സിലാക്കിയാണ് നെഹ്രുജി ഗിരിജാശങ്കർ ബാജ്പൈ എന്ന ഐ.സി.എസ്സുകാരനെ സെക്രട്ടറിയാക്കിയത്. അതുകൊണ്ട് സിവിൽ സർവ്വീസിലുള്ളവർക്കെന്നപോലെ ഫ്രീഡം ഫൈറ്റർമാർക്കും പെൻഷൻ കിട്ടുമാറായി. സ്റ്റേറ്റിന്റെയും സെൻടറിന്റെയും പെൻഷൻപോലെ അസംബ്ലിയ്ക്കും പാർലമെന്റിലും പഞ്ചായത്തിനും പെൻഷൻ.

എന്റെ അച്ഛൻ ഫ്രീഡം ഫൈറ്ററായത് ഫ്രീഡമ്മിൽ ഒരു "ഫ്രീ" ഉള്ളതുകൊണ്ടാവണം. സ്വാതന്ത്ര്യസമരഭടന്റെ സ്റ്റേറ്റ് സംസ്ഥാന പെൻഷന്റെ കൂടെ വിമുക്തഭടന്മാർ ക്കുള്ള പെൻഷനും അച്ഛൻ വാങ്ങും. മെസപ്പൊട്ടേമ്യ വരെ പോയി ഫൈറ്റുചെയ്തതാണച്ഛൻ. അതിന് രേഖ യുള്ളതിനാൽ പെൻഷന്റെ കൂടെ, മാസം അഞ്ചുകുപ്പി മദ്യം സൗജന്യവിലയ്ക്ക് കിട്ടും.

സ്വാതന്ത്ര്യപ്പെൻഷൻ വാങ്ങുന്നതിനാൽ മിലിറ്ററി ക്യാമ്പിലെ ക്യാൻടീൻവിടുംമുമ്പ് മദ്യക്കുപ്പികൾ നല്ല മാർജിനിൽ അച്ഛൻ കൈമാറും.

മിലിട്ടറി ക്യാൻടീൻ-

മുസാവരി ബംഗ്ലാവ്-

ഫ്രീ പാസ്സ്-

ഒരു ഗവർമ്മെണ്ട് സർവന്റിന് അതൊക്കെയാണ് കലണ്ടറും ഡയറിയും ശമ്പളവുംപോലെ ഭയമുക്തിയ്ക്ക് കാരണമാവുന്നത്. ഫ്രീ ഫ്രം ഫിയർ!

"ഹോട്ടൽ സൗജന്യാ" എന്ന ബോർഡ് കണ്ടതും ഞാൻ അകത്തേക്ക് ആരോ ഉന്തിത്തള്ളിയതുപോലെ കടന്നു.

"ഫ്രീ ജ്യൂസ്" എന്നെഴുതിവെച്ച "ഷാർജാ കൗണ്ടറി"ൽ അച്ഛനെപ്പോലെ ഖദറിട്ട ഒരാൾ ഇരിയ്ക്കുന്നത് കണ്ട് കൈകൾ പിൻവലിച്ചു.

"ഫ്രെഷ്" ജ്യൂസ് എന്നാണ് സൂക്ഷിച്ചുനോക്കിയപ്പോൾ കാണുന്നത്, "ഫ്രീ ജ്യൂസ്" അല്ല.

കൗണ്ടറിലെ ആൾ വാതുറന്നുപിടിച്ചിരിപ്പുണ്ട്.

വിശന്നിട്ടാണെന്നു തോന്നുന്നു.

ഖാ-ദി എന്നതിന്റെ അർത്ഥം തന്നെ തിന്നാൻ വല്ലതും താ എന്നാണല്ലൊ.

ഗീതാഞ്ജലി തർജ്ജമചെയ്ത കൃഷ്ണൻനായരുടെ ഭാരത് ഹോട്ടൽസിൽ ആഴ്ചയിലൊരിക്കൽ സ്വാതന്ത്ര്യ ഭടന്മാർക്ക് ഉച്ചഭക്ഷണം ഫ്രീയാണെന്ന് അച്ഛൻ പറഞ്ഞിരുന്നു. അങ്ങോട്ട് നീങ്ങുമ്പോഴാണ് ശ്രീ തിയേറ്റർ എന്നത് ഫ്രീ തിയറ്റർ എന്ന് വായിച്ചത്. ഹോട്ടൽ സൗജന്യയിലെ ഭക്ഷണമേശയിൽ 'റിസർവ്വ്ഡ്' എന്നും 'ഫോർ മെമ്പേഴ്സ് ഓൺലി'എന്നും കണ്ടതോടെ ഞാൻ പുറത്തുകടക്കുകയായിരുന്നു.

ഇന്റർനാഷനൽ ഫിലിം ഫെസ്റ്റിവൽ നൂറുരൂപാ ടിക്കറ്റു വെച്ചാണെങ്കിലും ഫ്രീ പാസ്സ് അതിനുമുണ്ട്. പാസ്സ് ഡോക്ടർ പണിക്കർ ചന്തിയിൽ ഒട്ടിച്ചു വെച്ചിരിയ്ക്കയാണ്.

നല്ല മൂഡ് നോക്കി, മറ്റാരും കാണാതെ മുറിയിൽച്ചെന്ന് കണ്ടാൽ കൈ കസാലയ്ക്കടിയിലൂടെയിട്ട് ഇരുകാൽ മൃഗം പശുവിന്റെ പ്രസവം എടുക്കുന്നതുപോലെ എടുത്തുതരും.

മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർജോലി പുല്ല്പോലെ ത്യജിച്ചാണ് പണിയ്ക്കർ വന്നത്. ലീഗൽ മെട്രോളജിയിൽ അഡീഷണൽ ഡയരക്ടർ മാത്രമായി സേവിയ്ക്കേണ്ടി വന്നതിന്റെ ക്ഷീണം ഇന്റർനാഷ ഫിലിംഫെസ്റ്റിവൽ ഡയറക്ടരാക്കി മന്ത്രി തീർത്തുകൊടുത്തിരിയ്ക്കയാണ്. ഫിലിം ഫെസ്റ്റിവൽ കഴിഞ്ഞാൽ സൗത്തിന്ത്യൻ ഡാൻസ് ഫെസ്റ്റിവലിന്റെ സോണൽ കമ്മറ്റിയുണ്ടാകും.

വി.ഐ.പി പാസ്സ് ഞാൻ വേണ്ടെന്നുവെച്ചു. പണിയ്ക്കരെ ഡയരക്ടറാക്കിവെയ്ക്കാത്തതുകൊണ്ട് സർക്കാരിനുണ്ടായ ഭീമമായ നഷ്ടത്തെപ്പറ്റി വിസ്തരിച്ചുകേൾപ്പിക്കേണ്ടിവരും. പോരാത്തതിന് നൂറുരൂപാ വില ചുമത്തുന്ന പണിയ്ക്കരുടെ ഉപകാരമനോഭാവം നൂറ് ലക്ഷം ഒരാഴ്ചകൊണ്ട് പൊടിയ്ക്കുന്ന ഫെസ്റ്റിവലിൽ എനിയ്ക്കു വെറും നൂറുരൂപ. കനകക്കുന്നിൽ കഥകളിയും കുച്ചിപ്പുഡിയും ഫ്രീ-

ടാഗോറിൽ തെയ്യം ഫ്രീ-

ഓണക്കാറ്റിൽ എല്ലാ ചുമരിലും പാറുന്ന വള്ളംകളി കലണ്ടർ ഫ്രീ- നഗരം മൊത്തത്തിൽ ഒരു ലഹരിയിലാണെന്നു മനസ്സിലായി. വിമൺസ് കോളേ ജിന്റെ മുന്നിലെ ''മഹാരാജാ'' ഹോട്ടലിൽ പോസ്റ്ററിൽ തെളിഞ്ഞ Fine Whisky ഞാൻ Free Whisky എന്നു വായിച്ചു.

ചാരായത്തിൽ നിറവും മണവും ചേർത്ത് വീട്ടിലെ ഡിസ്റ്റി ലറിയിൽ വിദഗ്ധമായി വിസ്ക്കിയുണ്ടാക്കിയാണ് ലാൽ "മഹാരാജാ" ഹോട്ടലുണ്ടാക്കിയത്.

രാജാവ് കൊടുത്ത സ്ഥലത്തായതുകൊണ്ട് ഫൈവ്സ്റ്റാറിന് മഹാരാജാ എന്ന പേരുമിട്ടു.

ഭാരത് ഹോട്ടൽസിന്റെ കൃഷ്ണൻ നായർ ലാലിന്റെ ഭാര്യാപിതാവാണെന്ന് കേട്ടിട്ടുണ്ട്. ഭാരത് പക്ഷെ ഒരുണക്ക ഹോട്ടലാണ്. മഹാരാജാസിലെപ്പോലെ കർക്കിടകക്കഞ്ഞി കിട്ടില്ല.

മഹാരാജാസിലെ കോൺടിനെൻടൽ ഫുഡ്ഡ്മണം പ്രസരിപ്പിച്ചതുകൊണ്ടോ എന്തോ, എന്റെ വിശപ്പ് കത്തിക്കാളി.

പെട്ടെന്നാണ് ഞായറാഴ്ചയുടെ പ്രാധാന്യം എനിയ്ക്കോർമ്മ വന്നത്.

ഇന്നാണ് ഭാരത് ഹോട്ടൽസിൽ മൂന്നാംനിലയിൽ ഉച്ച ഫ്രീ ശാപ്പാട്.

സ്വാതന്ത്ര്യ സമരഭടന്മാരുടെ മക്കൾക്കും അത് ഫ്രീയായിരിയ്ക്കുമല്ലോ?

ഭടന്മാർക്ക് തീവണ്ടിയിൽ ഒന്നാംക്ലാസ്സിൽ ഒരാളെക്കൂടി കൊണ്ടുപോകാൻ അനുവദിച്ചതു പോലെ. നോക്കിക്കളയാം. ഉറപ്പുവരുത്താൻവേണ്ടി ഞാൻ ഉല്ലാസപൂർവ്വം നടന്നു.

■

# അടർന്നു വീണ പൂമൊട്ടുകൾ


രനിത പുത്തൻ പറമ്പ്
ചെറുകുളത്തൂർ

താരാട്ടുപാട്ടിന്റെ നൈർമല്യമൊക്കെയും
തുളുമ്പി നിന്നൊരു മധുരക്കാലം
കുശലങ്ങൾ ചൊല്ലിയ മൊഴികളിൽ
മണിമുത്തു വിതറിയാ കുട്ടിക്കാലം;
കിളികളും പൂക്കളും നിറഞ്ഞൊരാഗ്രാമം
അക്ഷരമുത്തുകൾ കോർത്തെടു
ത്തൊരാ പ്രിയ വിദ്യാലയം

ഗ്രീഷ്മശാഖയിൽ വിടർന്ന വസന്ത രാവുപോൽ
പൂത്തുലഞ്ഞരവളുടെ ബാല്യകാലം
ഓർമകൾ അവളിൽ അടങ്ങാത്ത തിരകളായി അലയടിച്ചു.
നിലാവുള്ള രാത്രിപോലൊന്നു മറിയാതവൾ
മന്ദസ്മിതം തൂകി നില്ക്കവെ
ദു:ഖകടലിലെറിയുവാനായി
നിഴലറിയാതെ കൊടും കാറ്റടിച്ചു.
ജന്മാന്തരങ്ങൾ തൻ ബന്ധനങ്ങൾ
വേർപ്പെടുന്നൊരാ വേളകളിൽ
നന്മ നിറഞ്ഞൊരാ സ്നേഹവാത്സല്യങ്ങൾ
കർപ്പൂര നാളംപോൽ കത്തിയെരിഞ്ഞുപോയ്

ഇളം തെന്നലിൽ ഇളകിയാടുന്ന വല്ലിപോലെ
പൂത്തുലഞ്ഞു നിന്നൊരാപാവം
കൊടും വേനലിൽ വാടി വീഴുന്ന പൂവുപോലെ
കരഞ്ഞു കരൾ തകർന്നു വാടുകയായ്
തോരാത്ത മിഴിനീരാൽ കവിഞ്ഞൊഴുകിയ
പുഴയുടെ തീരത്തിരുന്നവൾ പാടവെ ഇടറുന്ന
മൊഴികളിലൂടവൾ മന്ത്രിച്ചു
കണികണ്ട നാളിലെ കുളിരുള്ളോർമകൾ
അഗ്നിനാളം പോൽ എരിഞ്ഞടങ്ങി
ആരാരും ചൂടാത്ത പൂവിനെപോലെ
തേങ്ങുന്നൊരാത്മാവുമായവൾ
കണ്ണുനീർ മിഴികളിൽ നിന്നും മറച്ചു വച്ചു.
ഇരുൾ വന്നു മൂടിയ ജീവിത നാളിതിൽ
സൂര്യോദയം പോൽ തെളിഞ്ഞു നിൽക്കെ
കണ്ണുനീരിൽ കടലിലെ ഒരു തുള്ളിയാകുവാൻ
ആ നഷ്ട വസന്തത്തിൽ
മീട്ടാത്ത ശ്രുതി പോലെ അവളുറങ്ങി....

# മതിയായി




യു.കെ. കുമാരൻ

വളരെ വർഷങ്ങൾക്കുശേഷം നാട്ടിലെത്തിയ മകനോടൊപ്പം കാലത്ത് നടക്കാനിറങ്ങിയതായിരുന്നു അയാൾ. അച്ഛനുമൊത്ത് കുട്ടിക്കാലത്തെന്നതുപോലെ നാട്ടിലെ ഇടവഴികളിലൂടെ നടക്കണമെന്നത് മകന്റെ ഒരാഗ്രഹമായിരുന്നു. അയാൾക്കും അതേ ആഗ്രഹമുണ്ടായിരുന്നു. മകൻ നാട്ടിൽ നിന്നും പോയിട്ട് വർഷങ്ങൾ ഏറെയായി.പല കാരണങ്ങളാലും നാട്ടിൽ വന്നുപോകാൻ അവന് സാധിച്ചിരുന്നില്ല. ദീർഘകാലത്തിനുശേഷം കണ്ടുമുട്ടുന്ന മകനുമൊത്ത് അത്തരത്തിലുള്ള ഒരു യാത്ര അയാളും ആഗ്രഹിച്ചിരുന്നു.

മറുനാട്ടിലെ ദുരിതങ്ങളൊന്നും വെളിപ്പെടുത്താൻ മകൻ മുതിർന്നില്ല. അയാളത് ചോദിക്കാനും മെനക്കെട്ടില്ല. എന്നാലും എല്ലാ അടയാളങ്ങളും മകനിൽ പ്രത്യക്ഷത്തിൽ തന്നെ കാണാമായിരുന്നു. അവൻ അനുഭവിച്ചു തീർത്ത കഷ്ടപ്പാടുകൾ. അതുകൊണ്ടായിരിക്കാം, അതെല്ലാം മറക്കാൻ ശ്രമിച്ചുകൊണ്ട് നാട്ടിലെ സൗഭാഗ്യങ്ങളെക്കുറിച്ച് അവൻ പറഞ്ഞുകൊണ്ടിരുന്നു.

”ഇങ്ങിനെ തണുത്ത കാറ്റേറ്റ് പച്ചപ്പും കണ്ടു നടക്കുവാൻ എന്തൊരു



സുഖമാണ്. ഇവിടുത്തുകാരൊക്കെ മഹാഭാഗ്യവാന്മാരാണ്. ഇവിടെ നിൽക്കാൻ വിധിക്കപ്പെട്ടവർ അതിലേറെ ഭാഗ്യവാന്മാർ. എന്റെ കാര്യമോർ ത്തുനോക്ക്. കഠിനമായ വെയിലും, തണുപ്പും കൊണ്ട് കഴിഞ്ഞുകൂടുക അത്ര സുഖമുള്ള കാര്യമല്ലല്ലോ. പുറത്തുകഴിഞ്ഞാലേ ഈ നാടിന്റെ മഹത്വം മനസ്സിലാകൂ.

മകൻ ആഹ്ലാദപൂർവ്വം അങ്ങനെ പറയുന്നത് അയാൾ തെല്ലൊരു വിഷമത്തോടെയാണ് കേട്ടുകൊണ്ടിരുന്നത്. മഞ്ഞുപുരണ്ട ഇടവഴികളും, തണുത്ത കാറ്റും, കാട്ടുപൂക്കളുടെ മണവും മകനെ കൊതിപ്പിക്കുന്നതായി അയാൾ കണ്ടു. അവൻ ചെറിയൊരു ഭ്രാന്തമായ ആവേശത്തോടെ തനിക്കുചുറ്റുമുള്ള എല്ലാ വസ്തുക്കളെയും ഉള്ളിലേക്ക് ആവാഹിച്ചുകൊണ്ടിരുന്നു. വഴിയിൽ കാണുന്നവരോട് നിർത്താതെ സംസാരിക്കുകയും ചെയ്തു. ചെറിയൊരു ഇടവേള കിട്ടിയപ്പോൾ അയാൾ നാട്ടുകാര്യത്തിലേക്കു കടന്നു. “സ്ഥലത്തിനൊ ക്കെ ഇപ്പോൾ വാണംപോലെ വില കേറിക്കൊണ്ടിരിക്കുകയാ. പലരും നല്ല വിലയ്ക്ക് സ്ഥലം വിറ്റ് മറ്റുള്ളിടത്തേക്ക് മാറിക്കഴിഞ്ഞു.നമ്മുടെ കിഴക്കേ വീട്ടിൽ ഇപ്പോൾ ഒരു രാഷ്ട്രീയ നേതാവും കുടുംബവുമാണ് താമസിക്കുന്നത്. രാഷ്ട്രീയനേതാവാണെന്ന് കേൾക്കുമ്പോൾ തെറ്റിദ്ധരിക്കും. എന്നാൽ അയാൾ അങ്ങിനത്തെയാളല്ല. വളരെ നല്ലൊരു മനുഷ്യൻ. നാട്ടുകാർക്കുവേണ്ടിയാണ് അയാളുടെ മുഴുവൻ സമയോം ഉപയോഗിക്കു ന്നത്. തെക്കുഭാഗത്ത് ഒരു ചെറുപ്പക്കാരനും അയാളുടെ ഭാര്യയും കുട്ടിയും. അവരും കുഴപ്പക്കാരല്ല. പടിഞ്ഞാറുഭാഗത്ത് താമസിക്കുന്നയാളെക്കുറിച്ച് എനിക്കത്ര നല്ല അഭിപ്രായമല്ല ഉള്ളത്. അയാൾക്ക് എന്തോ ഒരു കുഴപ്പമുള്ളതുപോലെ. അതെന്താണെന്ന് മനസ്സിലാവുന്നില്ല. പടിഞ്ഞാറുഭാഗത്ത് പണക്കാരനായ ഒരു കച്ചവടക്കാരനാണ്. പണം കൊടുത്താൽ നേടാൻ കഴിയാത്തതായി ഒന്നുല്ല്യാന്നാണ് അയാളുടെ വിശ്വാസോന്ന് തോന്നും. പുതിയ ആളുകൾ ചുറ്റും വന്നപ്പോൾ പഴയ ബന്ധങ്ങൾ തീരെ ഇല്ലാതായി. ആ ഒരു കൊഴപ്പം മാത്രമേ ഇവിടെയുള്ളൂ. ബാക്കിയൊന്നിനും ഒരു മാറ്റോമില്ല.

മകൻ അതൊന്നും അത്ര ഗൗരവത്തിലെടുക്കാൻ തുനിഞ്ഞില്ല. സൗഹൃദബന്ധങ്ങൾ അത്രയൊന്നും ഇല്ലാത്ത ഒരിടത്തുനിന്നും,

സൗഹൃദങ്ങൾ മാത്രമുള്ള ഒരു സ്ഥലത്തേക്ക് വന്ന അനുഭവമായിരുന്നു അയാൾക്ക്. മാത്രവുമല്ല, വളരെ വർഷങ്ങൾക്കുശേഷം നാട്ടിലെത്തുമ്പോൾ സൗഹൃദം അത്ര വലിയ പ്രശ്നമായി അയാൾ പരിഗണിക്കുകയും ചെയ്തില്ല. ആകെ രണ്ടുമാസത്തെ ലീവാണുള്ളത്. അതിനിടയിൽ നാട്ടിലെ വെള്ളത്തിന്റെ സ്വാദും, കാറ്റിന്റെ തണുപ്പും, വെയിലിന്റെ ചൂടും, മഴയുടെ ആരവവും വേണ്ടുവോളം ആസ്വദിക്കുക. അതിനിടയിൽ എതിരെ വരുന്നവരുമായി സൗഹൃദം പങ്കുവെക്കുക അതുമാത്രമാണ് അയാൾ ആഗ്രഹിച്ചിരുന്നത്. തിരിച്ചുപോകുന്നതിനെക്കുറിച്ചോർക്കുമ്പോൾ വല്ലാത്തൊരു വിമ്മൽ മനസ്സിലുണ്ടെങ്കിലും, അതൊഴിവാക്കാൻ അയാൾക്ക് കഴിവില്ലായിരുന്നു. അതുകൊണ്ടു തന്നെ പരമാവധി നാട്ടിൽ നിൽക്കുകയും, അതിനിടയിലുള്ള ദിവസങ്ങളിൽ നാടിനെ ആവോളം ആസ്വദിക്കുകയും ചെയ്യുക എന്ന നിലപാടായിരുന്നു അയാളുടേത്. ആരുമായും സംസാരിക്കുവാൻ കിട്ടുന്ന അവസരമൊന്നും അയാൾ പാഴാക്കിയതുമില്ല. വൈകുന്നേരത്തെ ആഹ്ലാദപൂർണ്ണമായ നടത്തത്തിനിടയിലാണ്, കിഴക്കുഭാഗത്തെ വീട്ടിൽ താമസിക്കുന്ന രാഷ്ട്രീയനേതാവുമായി കണ്ടുമുട്ടാൻ അയാൾക്ക് അവസരം കിട്ടുന്നത്.

ചന്തയിൽ പോയി വരുന്ന വഴിയാണെന്നുതോന്നുന്നു, രാഷ്ട്രീയനേതാവിന്റെ കയ്യിൽ പച്ചക്കറി നിറച്ച ഒരു തുണിസഞ്ചിയുണ്ടായിരുന്നു. നേതാവിനെ കണ്ടയുടനെ അയാൾക്ക് തോന്നിയത്, അച്ഛൻ പറഞ്ഞത് ശരിയാണല്ലോ എന്നാണ്. വലിയൊരു രാഷ്ട്രീയ നേതാവാണെന്ന നാട്യവുമില്ലാത്ത ഒരാൾ തന്നെ. ധാരാളം അനുയായികളുള്ള ഒരു നേതാവുകൂടിയായിരുന്നു അയാൾ. എന്നിട്ടും പച്ചക്കറി സഞ്ചിയുമായി, കാൽനടയായി, അകമ്പടിക്കാരില്ലാതെ നടന്നുപോകുന്നു. അടുത്തെത്തിയപ്പോൾ രാഷ്ട്രീയനേതാവ് അഹംഭാവമൊന്നുമില്ലാതെ തലയുയർത്തിപറഞ്ഞു. വിശിഷ്ടനായ ഒരയൽക്കാരൻ വന്ന കാര്യം ഞാനറിഞ്ഞു. സമയംകിട്ടിയാൽ അങ്ങോട്ടുവരണമെന്ന് വിചാരിച്ചതായിരുന്നു. ക്ഷമിക്കുക.. കണ്ടതിൽ സന്തോഷമുണ്ട്.

പിന്നെ അവർ പലകാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. കാലാവസ്ഥയെക്കുറിച്ച്, ചുറ്റുപാടിനെക്കുറിച്ച്, സമകാലീന രാഷ്ട്രീയ അവസ്ഥകളെക്കുറിച്ച്. എല്ലാ വിഷയത്തെക്കുറിച്ചും സ്വന്തമായ ഒരു നിലപാടുള്ള വ്യക്തിയായിരുന്നു നേതാവ്. രാഷ്ട്രീയത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെക്കുറിച്ചു ധാരാളം വേവലാതികൾ അയാൾക്കുണ്ടായിരുന്നു. രാഷ്ട്രീയ പ്രവർത്തനം വലിയൊരു സാമ്പത്തിക ഇടപാടായി മാറുന്നതിൽ വലിയ ഉൽക്കണ്ഠയും നേതാവിനുണ്ടായിരുന്നു. ഒരുപക്ഷെ അയാൾ ഉൾക്കൊള്ളുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേർവിപരീത ദിശയിലേക്കാണ് നേതാവിന്റെ ചിന്ത പോവുന്നതെന്നും തോന്നുകയുണ്ടായി. സംസാരിച്ചു കഴിഞ്ഞപ്പോൾ നേതാവിനോട് ചെറിയൊരു ആഭിമുഖ്യം മനസ്സിൽ എവിടെയോ ഉണ്ടായതായും അയാൾക്കുതോന്നി. ‘ഇടക്കിടെ കാണണമെന്ന്’ പറഞ്ഞാണ് അന്ന് പിരിഞ്ഞത്.

പടിഞ്ഞാറ് ഭാഗത്തു താമസിക്കുന്ന ആളെ കണ്ടുമുട്ടിയത് റെയിൽവെ സ്റ്റേഷനിൽവെച്ചായിരുന്നു. അയാളും മകനും എങ്ങോട്ടുപോകുവാനാണ് എത്തിയത്, അയാളുടെ മുഖത്ത് വെപ്രാളവും, മകളുടെ മുഖത്ത് ദുഃഖഭാവവും നിഴലിച്ചിരിക്കുന്നത് ഒറ്റനോട്ടത്തിൽ തന്നെ വായിച്ചെടുക്കാമായിരുന്നു. എന്നാൽ അതൊന്നും ഗൗനിക്കാതെ, അയൽക്കാരനെ അവിചാരി തമായി റെയിൽവെസ്റ്റേഷനിൽവെച്ചു കണ്ടുമുട്ടിയെല്ലോ എന്ന സന്തോഷത്താൽ, പരിചയപ്പെടാൻ വേണ്ടി അടുത്തേക്കു ചെന്നപ്പോൾ, അതൊട്ടും ഇഷ്ടപ്പെടാത്ത വിധത്തിലായിരുന്നു അയാളുടെ പെരുമാറ്റം. പേര്പറഞ്ഞ് സ്വയം പരിചയപ്പെടുത്തിയിട്ടും ഒട്ടും പ്രതികരിക്കാതെ റെയിൽവെസ്റ്റേഷനിലെ തിരക്കിലേക്ക് വെറുതെ നോക്കിക്കൊണ്ടിരുന്നു അയാൾ. തെല്ലിടകഴിഞ്ഞ്, ‘പിന്നെ കാണാം’ എന്നുപറഞ്ഞു പെൺകുട്ടിയുടെ കയ്യും പിടിച്ചു അയാൾ തിരക്കിനുള്ളിലേക്ക് മറഞ്ഞു. പതിനെട്ടുകാരിയായ മകളെ കൈപിടിച്ചു ഇങ്ങനെ കൊണ്ടുപോകേണ്ട ആവശ്യമെന്ത്? എന്നാണ് അയാൾക്കപ്പോൾ തോന്നിയത്. ഒരു കാപട്യക്കാരന്റെയോ, ആർത്തിക്കാരന്റെയോ ശരീരഭാഷയാണ് അയാൾക്കുണ്ടായിരുന്നത്. റെയിൽവെസ്റ്റേഷനിലെ തിരക്കിൽ ഒളിക്കുവാൻ വേണ്ടിയാകാം മകളെയും കൂട്ടി അയാൾ മറഞ്ഞതെന്നും തോന്നുകയുണ്ടായി.

തെക്കുഭാഗത്ത് താമസിക്കുന്ന ചെറുപ്പക്കാരനെയോ, വടക്കുഭാഗത്ത് താമസിക്കുന്ന കച്ചവടക്കാരനെയോ കാണുവാൻ അയാൾക്കു കഴിഞ്ഞില്ല. മോട്ടോർ സൈക്കിളിൽ വളരെ പെട്ടെന്ന് വീട്ടിൽ വരികയും, അതേപോലെ ഇറങ്ങിപ്പോവുകയും ചെയ്യുന്ന പ്രകൃതമായിരുന്നു ചെറുപ്പക്കാരന്റേത്. എന്തിനാണ് ആ ചെറുപ്പക്കാരൻ ജീവിതം ഇങ്ങിനെ തിരക്കിലൂടെ ഓട്ടിക്കൊണ്ടിരിക്കുന്നതെന്ന് അയാൾ പലവട്ടം ചിന്തിച്ചിട്ടുണ്ട്. വടക്കുഭാഗത്ത് താമസിക്കുന്ന കച്ചവടക്കാരനും ഇതേപോലെ തിരക്കിലായിരുന്നു. വലിയ വലിയ കാറുകളിൽ ഇടക്കിടെ അയാൾ വീട്ടിൽ വരാറുണ്ട്. കൂടെ ധാരാളം ആളുകളെയും കാണാം. അവരെല്ലാവരും ഒരേപോലെ തിരക്കുള്ളവരായിരുന്നു. സ്വസ്ഥതയോടെ അവർ ഒരിടത്തിരുന്നു സംസാരിക്കുന്നത് ഒരിക്കലും കണ്ടിട്ടില്ല. ഇതിലേറെ അത്ഭുതപ്പെടുത്തിയത്, അയാൾ കച്ചവടക്കാരനാണെന്ന് അറിയപ്പെടുന്നുണ്ടെങ്കിലും, എന്താണ് അയാളുടെ വ്യാപാരമെന്ന് ആർക്കുമറിയില്ലായിരുന്നു. എന്തിന്റെയോ മൊത്തക്കച്ചവടമാകാം, റിയൽ എസ്റ്റേറ്റാകാം, പണമിടപാടാകാം. അതല്ലെങ്കിൽ ഇതെല്ലാം ചേർന്ന ഒരു വലിയ കച്ചവടമാകാം. ഏതു കച്ചവടക്കാരനുമിണങ്ങുന്ന ഒരു ശരീരവസ്ത്രമാണ് അയാൾക്കുണ്ടായിരുന്നത്.

വളരെക്കാലത്തിനുശേഷം നാട്ടിലെത്തിയ ഒരാളെന്ന നിലയിൽ അയാളെ ഏറ്റവുമധികം ചിന്താക്കുഴപ്പത്തിലാക്കിയത്, എന്തിനാണ് എല്ലാവരും ഇങ്ങിനെ ഓടിക്കൊണ്ടിരിക്കുന്നതെന്ന ചോദ്യമാണ്. ഒരിടത്ത് അൽപംപോലും നിൽക്കുവാൻ സാവകാശമില്ലാതെയാണ് എല്ലാവരും ചലിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ അതിനുള്ള മറുപടി ആരിൽ നിന്നും അയാൾക്ക് ലഭിക്കുകയും ചെയ്തില്ല. അതിനുള്ള സാവകാശം ആർക്കും ഇല്ലായിരുന്നു. ഇടവേളകളിൽ വീട്ടിൽ നിന്നും നാലുഭാഗത്തേക്കും നോക്കുമ്പോൾ അയാൾക്ക് വലിയ നിരാശയാണ് അനുഭവപ്പെട്ടിരുന്നത്. വടക്കും തെക്കും പടിഞ്ഞാറുമുള്ള ജീവിതങ്ങൾ എന്നാൽ കിഴക്കുഭാഗത്തേക്കുമാത്രം അയാൾ പ്രത്യാശയോടെ നോക്കി. എന്നാൽ അത് അല്പകാലത്തേക്കു മാത്രമേ നീണ്ടുനിന്നുള്ളൂ. ഒരുനാൾ പുലർച്ചെ മനുഷ്യരക്തത്തിന്റെ ചൂര് മൂക്കിലേക്കടിച്ചുകയറിയപ്പോഴാണ് അയാൾ ഞെട്ടിയുണർന്നത്. രാത്രിയിലെ തണുപ്പിലുടനീളം രക്തത്തിന്റെ ഇളംചൂട് അയാൾ അറിയുകയാ യിരുന്നു. മാത്രവുമല്ല, വഴിച്ചാലിലൂടെ കുത്തിയൊലിക്കുന്ന രക്തത്തിന്റെ കടുംചുവപ്പ് നിറവും ദൃശ്യമാകുന്നതുപോലെ അയാൾക്കു തോന്നി. അടുത്തെവിടെയോ ഒരു ദുരന്തം, അതല്ലെങ്കിൽ അപകടകരമായ മറ്റെന്തോ സംഭവിച്ചിട്ടുണ്ടെന്ന് ഭീതിയോടെ അയാൾ ഓർത്തുകൊണ്ടിരുന്നു. മാത്രവുമല്ല പിന്നീട് കുറച്ചൊന്നു മയങ്ങിയപ്പോൾ, അപ്പുറത്തെവിടെയോ ആരോ ദുർബലമായ സ്വരത്തിൽ വിലപിക്കുന്നതായും അയാൾക്കുതോന്നി. എന്താണ് സംഭവിച്ചത്? ആരുടെ

ചോരയാണ് വാർന്നുകൊണ്ടിരിക്കുന്നത്. പുലർച്ചയുടെ അന്ത്യയാമത്തിലെ ഇരുട്ടിലേക്ക് നോക്കി അയാൾ ചോദിച്ചുകൊണ്ടിരുന്നു. തണുപ്പിൽ അപ്പോഴും രക്തത്തിന്റെ ഗന്ധമുണ്ടായിരുന്നു. കാറ്റിന് ഇളംചൂടും.

പിറ്റേന്ന് കാലത്താണ് അയാൾ അറിഞ്ഞത് കിഴക്കുഭാഗത്ത് താമസിക്കുന്ന രാഷ്ട്രീയനേതാവിനെ ഇന്നലെ രാത്രി ഇടവഴിയിൽവെച്ചു വെട്ടിക്കൊലപ്പെടുത്തിയിരിക്കുന്നു. അനേകം വെട്ടുകളേറ്റു, ചോരവാർന്നയാളെ പുലർച്ചയിലെ തണുപ്പിലേക്ക് വലിച്ചെറിയുകയായിരുന്നു. അതിനുശേഷം ഗ്രാമത്തിന്റെ ഉറക്കം പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തു. രാഷ്ട്രീയ കൊലപാതകത്തിന്റെ പേരിൽ പോലീസ് ആരെയെല്ലാമോ അറസ്റ്റ്ചെയ്യുന്നു. അതിൽ പ്രതിഷേധിച്ചു ജീവിതത്തെ ചിലർ നിശ്ചലമാക്കുന്നു. എവിടെയെല്ലാമോ കലാപങ്ങളുണ്ടാവുന്നു. മൂന്നുദിവസത്തോളം പുറത്തെങ്ങും പോകാൻ കഴിയുമായിരുന്നില്ല. അന്നേരങ്ങളിൽ വീട്ടിൽ ഇരുന്നുകൊണ്ട്, മുറിയിലെ നാലുചുമരുകളോടും അയാൾ ചോദിച്ചുകൊണ്ടിരുന്നു. ഈ നാടിന് എന്താണ് സംഭവിച്ചത്? ആളുകൾ എങ്ങിനെയാണ് ഈ വിധത്തിൽ മാറിപ്പോയത്?

അച്ഛനും ഒരുത്തരമുണ്ടായിരുന്നില്ല.

അയാൾ മകനെ നിസ്സഹായതയോടെ നോക്കി. വർഷങ്ങൾക്കുശേഷം മകൻ നാട്ടിലെത്തിയിട്ടും അവന്റെ ദാഹം തനിക്കു ശമിപ്പിക്കുവാൻ കഴിഞ്ഞില്ലല്ലോ എന്നൊരു ദുഃഖം അയാളിൽ നിറഞ്ഞുനിന്നു. ഒടുവിൽ അയാൾ പറഞ്ഞു."മോനെ നമ്മളിങ്ങനെയായിപ്പോയി."

മഴ പെയ്തുതുടങ്ങിയതോടെയാണ് മകന്റെ മനസ്സിലെ അശാന്തി അല്പമെങ്കിലും കെട്ടടങ്ങിയത്. മുന്നറിയിപ്പൊന്നുമില്ലാതെയാണ് മഴ കടന്നുവന്നത്. മഴയിലേക്ക് നോക്കിയിരിക്കെ അയാൾ പറയുകയായിരുന്നു. "ഇതുകാണാനുള്ള ഭാഗ്യം എനിക്കുണ്ടായല്ലേ." മറുനാട്ടിലൊന്നും ഇത്തരം മഴയില്ല. പെയ്യുന്ന മഴയ്ക്കൊന്നും ഇത്ര സൗന്ദര്യവുമില്ല. ചിലപ്പോൾ ആരുമറിയാതെയാകും മഴയുടെ വരവ്. അതേപോലെ അത് തിരിച്ചുപോകുന്നു. വിദൂരത്ത്, നാട്ടിലെവിടെയോ മഴയുടെ ആരവത്തിനുവേണ്ടി കാതോർക്കുന്നതെല്ലാം വെറുതെ. മഴ പെയ്തുതുടങ്ങിയപ്പോൾ അയാൾ ആശ്വസിച്ചു. വലിയൊരു ആരവത്തിന്റെ മേൽപന്തലിലൂടെയാകും മഴപെയ്തിറങ്ങുക. അതുകാണാൻ വേണ്ടി വീടിന്റെ കോലായിലിരിക്കെ തെക്കുഭാഗത്തെ വീട്ടിൽ നിന്നും വൻ പൊട്ടിത്തെറികൾ കേട്ടത്. അതിന്റെ ആഘാതത്തിൽ അയാൾ കോലായിൽ നിന്നും തെറിച്ചു താഴേക്കുവീണു. പിന്നെ അപ്പുറത്തു തീയുടെ ചുവന്ന നാമ്പുകൾ ആകാശത്തേക്കുയരുന്നതും, കട്ടികൂടിയ കറുത്ത പുകച്ചുരുളുകൾ ദിക്കിനെയാകെ മറയ്ക്കുന്നതും കണ്ടു. പൊട്ടിത്തെറി കൾ ഭൂമിയെ നിരന്തരം കുലുക്കിക്കൊണ്ടി രുന്നു. വിറക്കുന്ന ഭൂമിയ്ക്ക് മുകളിൽ കാലുകളമർത്തി നിർത്താൻ കഴിയാതെ അയാളും മണ്ണിലേക്ക് പതിക്കുകയായിരുന്നു. പിന്നെയാണറി ഞ്ഞത് അയൽപക്കത്തു നടന്നത് ഉഗ്രൻ ബോംബു സ്ഫോടനങ്ങളാണെന്ന്. സ്ഫോടനത്തിൽ വീട് പാടെ തകർന്നു. മൂന്ന്പേർ മരിച്ചു. വീടിനുള്ളിൽ സൂക്ഷിച്ചിരു ന്ന ബോംബുകളാണ് പൊട്ടിത്തെറിച്ചത്. ചെറുപ്പക്കാര ന് ബോംബു നിർമ്മാണമായിരുന്നു ജോലി. രാഷ്ട്രീയപാർട്ടികൾക്കാവശ്യമായ ബോംബുകൾ അയാളാണ് എത്തിച്ചിരുന്നത്. അയാൾ അമ്പരന്നു. ഇത്രയുംനാൾ ഇത്രയും വലിയ ബോംബ് ശേഖരത്തിനും തൊട്ടടുത്തായിരുന്നല്ലോ താൻ ഉറങ്ങിയിരുന്നത്. അപ്പോഴും, അയാൾ ചുമരുകൾക്ക് മുഖം നിന്നുകൊണ്ട് ചോദിച്ചു "ഈ നാടിന് എന്താണ് സംഭവിച്ചത്?

അച്ഛന് ആ ചോദ്യം കേൾക്കുവാൻ കഴിയുമായിരുന്നില്ല. പൊട്ടിത്തെറിയിൽ അയാളുടെ ചെവികൾ തകർന്നുപോയിരുന്നു.

വീടിന് ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാം തന്റെ സ്വാസ്ഥ്യം കെടുത്തുന്നവയാണല്ലോ എന്നു ദുഃഖിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ഒരു പത്രവാർത്ത മകനെ ആഘാതത്തിലാഴ്ത്തിയത്. വാർത്ത പൂർണ്ണമായും വായിച്ചുതീർക്കുവാൻ അയാൾക്ക് കഴിയുമായിരുന്നില്ല. ഓരോ വരി പിന്നിടുമ്പോഴും ഇതൊക്കെ എങ്ങിനെ സംഭവിക്കുന്നുവെന്ന് തെല്ല് രോഷത്തോടും സങ്കടത്തോടും അയാൾ ഓർത്തുകൊ ണ്ടിരുന്നു. ബന്ധങ്ങളുടെ വിശുദ്ധി ശിരസ്സറ്റുകിടക്കുന്നതു വാർത്തകളിൽ അയാൾ കാണുകയായിരുന്നു. പെണ്കുട്ടിയെ ഡൽഹിയിൽ കൂട്ട ബലാത്സംഗത്തിന്നിരയാക്കി. ഡൽഹിനഗരം വിറങ്ങലിച്ചു. വാർത്തയോടൊപ്പം പെൺകുട്ടിയുടെ ഫോട്ടോയുമുണ്ടായിരുന്നു.

ഏറെ നേരം സംഭ്രാന്തിയിലാണ്ട അയാൾ പൂർണ്ണമായും മൗനത്തിലേക്കമർന്നു പോവുകയായിരുന്നു. മൗനം ഒരു രക്ഷാമാർഗ്ഗമല്ലെന്ന് അയാൾക്കറിയാം. എന്നാൽ സ്വസ്ഥതയിലേക്കുള്ള അപ്പോഴത്തെ ഉപായം മൗനമാണെന്ന് അയാൾ തിരിച്ചറിയുകയായിരുന്നു. അയാൾക്ക് തന്റെ അവസ്ഥ ഏറെനാൾ തുടരാൻ കഴി ഞ്ഞില്ല.

ഒരു സന്ധ്യയ്ക്ക് വടക്കുഭാഗത്തെ വീട്ടൽ നിന്നും ബഹളം കേട്ടപ്പോൾ അയാൾ തന്റെ മൗനത്തിൽ നിന്നും പുറത്തേക്ക് കടന്നു. വടക്കു ഭാഗത്ത് അയാൾ കണ്ടത്, ആ വീട് പോലീസ് വലയം ചെയ്തിരിക്കുന്നതാണ്. ഉയർന്ന പോലീസു ദ്യോഗസ്ഥന്മാർ എല്ലാ ഭാഗത്തും പരതിക്കൊണ്ടിരിക്കുന്നു. അന്നേരം ഇടവഴിയിൽ നിന്ന് ആരോ അയാൾ കേൾക്കാൻ വേണ്ടി പറഞ്ഞു "കച്ചോടക്കാരന്, കള്ളനോട്ട് കച്ചോടായിരുന്നത്രെ പണി. കോടിക്കണക്കി ന് ഉറുപ്പ്യേടെ കള്ളനോട്ടാ അയാൾ വിതരണം ചെയ്ത ത്രേ".

അയാൾ ഏറെനേരം അങ്ങിനെ തറഞ്ഞുനിന്നു. അപ്പോഴും അവിടെ വലിയ ബഹളം നടക്കുകയായിരുന്നു. അതൊന്നും അയാളുടെ ശ്രദ്ധയിൽ പതിച്ചതേ ഇല്ല. മനസ്സിലപ്പോൾ ഒരു കറുത്ത കടൽ. മറുതീരം കാണാൻ കഴിയാത്തതിന്റെ അപാരതയിലെക്ക് നോക്കി അയാൾ അല്പനേരം കരഞ്ഞു. പിന്നെ എന്തോ തീരുമാനിച്ചിട്ടെന്നോ ണം അകത്തുകയറി, കയ്യിൽ കിട്ടാവുന്നത്ര പെട്ടിയി ലിട്ടു, അതുമെടുത്തു പുറത്തേക്കിറങ്ങുമ്പോൾ അയാൾ പറഞ്ഞു. "അച്ഛാ ഞാൻ പോണു"

ചെവി കേൾക്കാൻ കഴിയാത്ത അച്ഛന്റെ മുഖത്ത് നിസ്സംഗതമാത്രം. ■




പുതുക്കി പണിത ഒരു ഗ്രാം തങ്കാഭരണങ്ങളുടെ ഷോറൂം "ജുവൽസിറ്റി" സിനിമാതാരം സജിതാബേട്ടി ഉദ്ഘാടനം ചെയ്യുന്നു.

**നക്ഷത്രരാജ്യം മാസിക**
കഥകൾ, ലേഖനങ്ങൾ, കവിതകൾ, കാർട്ടൂണുകൾ ക്ഷണിക്കുന്നു
**Managing Editor**
**NAKSHATHRA RAJYAM,** P.B. No. 1205, Mankave P.O., Kozhikode - 7
Kerala, India., **Mob:9744233997, 9847649567**
**email: nakshathrarajyam@gmail.com**

**ഭാഷാപോഷണം**
(പേജ് 6 തുടർച്ച)

ണകർത്താക്കളുടെ മുഖമുദ്രയാണ്. മാറിമറഞ്ഞു വരുന്ന സർക്കാരുകൾക്ക് മാതൃഭാഷ നയത്തിൽ ഭിന്നാപ്രായമില്ല. തമിഴന്റെ അഭിമാനം അവന്റെ ഭാഷയിലാരംഭിക്കുന്നു. ചലച്ചിത്രത്തിന്റെ പേരായാലും മുഖ്യ ഉദ്യോഗസ്ഥന്റെ ഒപ്പായാലും അത് തമിഴിലായരിക്കണമെന്ന് സർക്കാരിനു നിർബന്ധമുണ്ട്. സർവ്വകലാശാലകളിൽ ഭാഷയുടെ വളർച്ചക്കായി പ്രത്യേക ഗവേഷണ കേന്ദ്രങ്ങൾ തന്നെയുണ്ട്. പുതിയ കണ്ടുപിടിത്തങ്ങൾക്കൊപ്പം ഭാഷയുടെ പ്രയോഗവും വളർത്തിയെടുക്കുന്നു. അത് ശാസ്ത്രത്തിലായാലും സാഹിത്യത്തിലായാലും. തമിഴിൽ സൈക്കിളിന് മെതിവണ്ടിയെന്നും, ടൈപ്പിസ്റ്റിന് തട്ടെഴുത്താളർ എന്നും, ടെലിഫോണിന് തൊലൈപ്പേശിയന്നും, ടെലിവിഷന് തൊലൈകാഴ്ചിയെന്നും നൂതനമായ കണ്ടുപിടിത്തങ്ങൾക്കൊപ്പം ഭാഷാപരമായ നാമങ്ങളും ശൈലികളും പ്രചാരത്തിൽ വന്നു കൊണ്ടിരിക്കുന്നു.

ജനാധിപത്യ ഭരണത്തിൻ കീഴിൽ നമുക്ക് നഷ്ടമായത് ശാസ്ത്രീയമായി ഭാഷകൈകാര്യം ചെയ്യുന്ന പണ്ഡിതരെയാണ്. തമിഴ് ഭാഷയുടെ പരിപോഷണത്തിനായി ആസ്ഥാനവിദ്വാന്മാരെ നിയമിച്ചു പോന്നിരുന്നു. നമ്മുടെ സർവ്വകലാശാലകളോ ഭാഷാപണ്ഡിതന്മാരോ ആരായാലും സൗകര്യത്തിനു വേണ്ടി മലയാളത്തിൽ അന്യഭാഷാപ്രയോഗം വേണ്ടുവോളം നടത്തി പോരുന്നുണ്ട്. പുതിയ ശാസ്ത്രനാമങ്ങളും ഉപകരങ്ങളുടെ പേരുമൊക്കെ മലയാളത്തിൽ ആലോചന വിഷയങ്ങളാകുന്നില്ല.

പുതിയ കണ്ടെത്തലുകളോ പദപ്രയോഗങ്ങളോ പഠനവിധേയമാക്കാതെ മലയാളത്തിന്റെ ദുസ്ഥിതിയോർത്ത് പരിഭവിച്ചിട്ടെന്തു കാര്യം. മലയാളമനസ്സ് മാറിയതുകൊണ്ടാണ് മലയാളം ശോഷിച്ചത്. കാലോചിതമായ മാറ്റത്തിന് വിധേയമായി ഭാഷാപദ്ധതികളും വികസിക്കേണ്ടതുണ്ട്.

സംസ്കാരം മനുഷ്യബന്ധങ്ങളുടെ പ്രാണവായുവാണ്. ഭാഷപഠിച്ചെങ്കിൽ മാത്രമേ ആദേശത്തിന്റെ സംസ്കാരമറിയൂ. നാട്ടാചാരങ്ങളും, നാട്ടുനടപ്പും, മനുഷ്യരെക്കുറിച്ചും കൃത്യമായി പഠിച്ചാൽ മാത്രമേ ഒരു ഉദ്യോഗസ്ഥന് ആ നാട്ടിൽ സത്യസന്ധമായി ജോലി ചെയ്യാനാവുകയുളളു. ഭരണം നടത്തുന്നവർക്ക് മാതൃഭാഷയേയും സംസ്കാരത്തേയും മനുഷ്യബന്ധങ്ങളെയുംക്കുറിച്ച് പരിരജ്ഞാനമുണ്ടായിരിക്കണം.ഭാഷ ആ ദേശത്തിന്റെ സംസ്കാരത്തിന്റെ പ്രതീകമാണ്. മാതൃഭാഷയെ സ്നേഹിക്കുന്നതിലൂടെ മാനവികതയുടെ സ്നേഹസന്ദേശവും ധാർമികതയുടെ അടയാളവുമായി രാഷ്ട്രശക്തി വളർത്താം.

എന്നാൽ കോളോണിയൻ കാലഘട്ടത്തിലെ പ്രേതങ്ങളുടെ കരിനിഴലിന്നും നമ്മുടെ സംസ്കാരിക മണ്ഡലത്തെ പിടിമുറുക്കി കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസകാര്യത്തിലും ഭരണകാര്യത്തിലും ആംഗലേയചിന്തകൾ വിട്ടൊഴിയാത്തവരാണ് നാം മലയാളികൾ!. ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ പഠിച്ചാൽ മാത്രമേ കുട്ടികൾ കേമന്മാരാകു എന്ന ചിന്താഗതിയുമായി എത്രകാലം നമുക്ക് മുന്നോട്ട് പോകാനാകും. കുറെ പുസ്തകം കാണാപാഠം വായിച്ച് പഠിച്ചതുകൊണ്ട് സംസ്കാര സമ്പന്നരാവുന്നില്ല ല്ലോ? നാടിന്റെ സാംസ്കാരികാടിത്തറയിലാണ് അതിന്റെ പുരോഗതി. മാതൃഭാഷയിലാണ് അതിന്റെ ജീവവായു. ഭാഷമരിച്ചാൽ ദേശമൊടുങ്ങി. വാമൊഴിയിലും വരമൊഴിയിലും കാണാം അതിന്റെ ജീവൽ സ്പന്ദനങ്ങൾ. അഭിമാനബോധമുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തിയെടുക്കുവാൻ അതിന്റെ സംസ്കാരത്തിന്റെ ഉള്ളുറപ്പിനേ സാധ്യമാവുകയുള്ളു. സ്വാനുഭവപാഠങ്ങളുടെ സർകാത്മകാവിഷ്കാരം കൊണ്ട് ഒരു പരിധി വരെ അത് സാധിച്ചെടുക്കാവുന്നതാണ്.

മലയാളമിന്നനുഭവിക്കുന്ന നിന്ദയും അവഗണയും അഭിമാനിയായ – ഭാഷാസ്നേഹിയായ ഏതൊരു മലയാളിക്കും സഹിക്കാവുന്നതല്ല. നവീനകാലത്ത് ഭാഷാപ്രയോഗങ്ങളുടെ അപചയം ഏറെ ചർച്ചചെയ്യപ്പെടുന്നുണ്ടെങ്കിലും അന്ധമായ അനുകരങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. ചാനൽ മാധ്യമ അവതാരികമാരുടെ ഭാഷാപ്രയോഗങ്ങളിലൂടെ നമ്മുടെ ഭാഷയ്ക്കും പുതിയ മാനങ്ങൾ കൈവരുന്നുണ്ട്. മലയാളത്തെ വികലമാക്കുന്ന ദു: സ്വാധീനം ഏറി വരുകയാണ്. കുട്ടികളുൾപ്പടെ വായനക്കാരുടെയും പ്രേക്ഷകരുടെയും ചിന്താഗതിയിൽ മാറ്റം വരണമെങ്കിൽ കാലവിളംബം കൂടാതെ ചിലതൊക്കെ ചെയ്യേണ്ടതുണ്ട്. ഇപ്പോൾ തന്നെ മലയാളം പഠിക്കാനും പഠിപ്പിക്കാനും സൗകര്യങ്ങളുണ്ടെങ്കിലും മലയാളത്തിന് ഔദ്യോഗിക ഭാഷാപ്രയോങ്ങളുണ്ടാകണം.

മാതൃഭാഷാവികാസവും ഭരണഭാഷാസ്വരൂപണവും ചേർന്ന് നമ്മുടെ ഭാഷയെ പരിപോഷിപ്പിച്ചാൽ മാത്രമേ ശുദ്ധമലയാളത്തിന്റെ മേന്മ തലമുറകൾക്ക് അനുഭവപ്പെടുകയുള്ളു. ജീവിത സുരക്ഷയ്ക്കും ജീവിത വിജയത്തിനും വേണ്ടിയാണല്ലോ മനുഷ്യൻ പാടുപെടുന്നത്. മാതൃഭാഷയിൽ വിദ്യാഭ്യാസം നേടിവരുന്നവർക്ക് ആ വിജയം കൈവരിക്കുവാനാകണം. മലയാള ഭാഷയുടെ സംരക്ഷണവും വളർച്ചയു മാണ് ലക്ഷ്യമാക്കേണ്ടത്. ആഗോളവത്കരണത്തിന്റെ യാന്ത്രികതയിൽ ഞെരിഞ്ഞമരുന്ന ചെറുഭാഷകൾ പ്രതിരോധത്തിന്റെ കവചമണിയേണ്ടിയിരിക്കുന്നു.

ഭാഷയുടെ രക്ഷയ്ക്കും പരിപോഷണത്തിനുമായി ഒട്ടേറെ സംഗതികൾ ഈ അടുത്ത കാലത്തായി കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭരണ ഭാഷ മലയാളമാക്കുന്നതിനുള്ള ഈ നടപടികൾ ദശകങ്ങളുടെ ആസൂത്രണവും ആവിഷ്കാരവും കടന്ന് മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. ദ്രാവിഡഭാഷകളിൽ തമിഴിനും കന്നടത്തിനും തെലുങ്കിന്നു ശ്രേഷ്ഠപദവി കിട്ടി കഴിഞ്ഞു. ഏറെ ശ്രമങ്ങളുടെ ഭാഗമായി തിരസ്കരിച്ചിരുന്ന ശ്രേഷ്ഠ പദവി തിരിച്ചു പിടിക്കുവാൻ മലയാള പണ്ഡിത്മാർക്ക് ആയിട്ടുണ്ട്.ജനാധ്യപത്യ ജാഗ്രതയുള്ള ഒരു സമൂഹത്തിന് ഭാഷാപരിപോഷണത്തിനായി ഒട്ടേറെ സംഗതികൾ സർക്കാർ തലത്തിലും പൊതുമേഖലാതലത്തിലും ചെയ്യാനുണ്ട്. മാതൃഭാഷ ഒരു വികാരമായി മാറ്റിയെടുക്കണം. അത് കൈകാര്യം ചെയ്യുന്ന ജനങ്ങളുടെ ഹൃദയത്തിൽ അത് വളരണം.

അതീവ ശ്രദ്ധയും ഗൗരവുമു ള്ള ഒരു കാലത്തിലൂടെയാണ് മലയാളഭാഷ കടന്നു പോയികൊണ്ടിരിക്കുന്നത്. മലയാളത്തിന്ന് ശ്രേഷ്ഠ ഭാഷ പദവി ലഭിച്ചു കഴിഞ്ഞാലുടനെ ഭാഷയുടെ സമഗ്ര പഠനത്തിന്നായി കേന്ദ്ര സർക്കാരിന്റെ മേൽ നോട്ടങ്ങളിൽ ഒരു കേന്ദ്രം ആരംഭിക്കുന്നുണ്ട്.സെൻട്രൽ യൂണിവേഴ്സിറ്റികളിൽ മലയാള ഭാഷാവിഭാഗങ്ങൾ, അന്തർ ദേശീയ നിലവാരം പുലർത്തുന്ന ഭാഷാസാഹിത്യ പഠനങ്ങൾ തുടങ്ങി ഒട്ടേറെ പദ്ധതികൾ നിലവിൽ വരുമെന്ന് ഉറപ്പാണ്. മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുവാൻ നിയോഗക്കപ്പെട്ട വിദഗ്ദ്ധസമിതിയുടെ പണ്ഡിതശ്രേഷ്ഠരായ അംഗങ്ങളോരോരുത്തരേയും എത്ര ആദരിച്ചാലും മതിയാവുകയില്ല. അവരോട് ഏറെ കടപ്പെട്ടിരിക്കുന്നു മലയാളികൾ.

ദീർഘകാലമായി നാം ആചരിച്ചു വരുന്ന മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും, വൈജ്ഞാനിക മേഖലയിലെ സോഫ്റ്റ്‌വെയറിന്റെ നിർമാണവും സഹായഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണങ്ങളും മാതൃകാപരം തന്നെ. ഇപ്പോഴിതാ തുഞ്ച ത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ബിൽ നിയമസഭയിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് വിട്ടിരിക്കയാണ്. ആറ്റുനോറ്റിരുന്ന മലയാളം സർകലാശാലയും യാഥാർത്ഥ്യമാവാൻ പോവുകയാണ്. മലയാളത്തിൽ ഒരു സർവ്വകലാശാല നമ്മുടെ നാടിന്റെ പുരോഗതി ക്കും സമൂഹത്തിന്റെ പ്രതിഛായക്കും മകുടം ചാർ ത്തുക തന്നെ ചെയ്യും. ജീവിതവും ഭാഷയും സംസ്കാരവും നിരന്തരം മാറ്റത്തിന് വിധേയമാവുമ്പോഴും വൈ കാരികമായ അതിന്റെ അന്തസ്സത്തയേയോ നാടിനെ യോ മറന്നിട്ടാവരുത് പുരോഗതിയുലേക്കുള്ള പ്രയാണം.

മലയാളത്തോട് ചിറ്റമ്മ നയം കൈകൊണ്ടിരുന്ന ഭരണ സംവിധാനങ്ങളെ തട്ടിയുണർത്തി കടുത്ത സമ്മർദങ്ങളിലൂടെ സംസ്ഥാന സർക്കാർ 2011ൽ മേയ് മാസം മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതിനുള്ള ഉത്തരവിറക്കി. നടപടികളില്ലാതെ ഫയലുകളിലുറങ്ങിയ ആ ഉത്തരവ് പിന്നീട് 2011 ജൂണിലും 2011 സപ്തംബറിലും പുറത്തിറക്കിയ 'ഒന്നാം മാതൃഭാഷയാക്കിയ' ഓഡറുകൾ പതിയെ ലക്ഷ്യം കണ്ടു തുടങ്ങിയിട്ടുണ്ട്. മലയാളത്തനിമയും സംസ്കാരവും തിരിച്ചു പിടിക്കുവാൻ അത് കാത്തു സൂക്ഷിക്കുവാൻ ഏറെ ശ്രമങ്ങൾ നടന്നു വരികയാണിപ്പോൾ.

ജീവസന്ധാരണത്തിനുള്ള ഉപാധിയാണല്ലോ തൊഴിൽ. മലയാളം ഐഛരിക വിഷയമായി പഠിക്കുന്നവർക്ക് ജോലി സാധ്യതകൾ മങ്ങുന്നു എന്നതാണ് പ്രധാനമായ വിഷയം.ഈ കാര്യത്തിൽ സംസ്ഥാന സർക്കാർ അടുത്ത കാലത്ത് ഒരു സുപ്രധാന തീരുമാനമെടുക്കുകയുണ്ടായി. സർക്കാർ ജോലിക്ക് മലയാളത്തിലുള്ള അറിവ് നിർബന്ധമാക്കിയ നടപടിയെ തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞു. മാതൃഭാഷയിലുള്ള പരിജ്ഞാന പരീക്ഷ ഡിപ്പാർട്ട്മെന്റ് ടെസ്റ്റു പോലെ പി.എസ്.സി. നടത്തും. മലയാളം പഠിക്കാതിരുന്നവർക്ക് പി.എസ്.സി. വഴി ജോലിക്ക് അപേക്ഷിക്കുന്നതിനോ നേടുന്നതിനോ തടസ്സമില്ലതാനും. എന്നാൽ ജോലിയിൽ തുടരുന്നതിനും യോഗ്യതാനിർണ്ണയ നിരീക്ഷണ കാലപരിധി (പ്രൊബേഷൻ) പൂർത്തിയാക്കുന്നതിനും മുമ്പ് മാതൃഭാഷാ പരീക്ഷ ജയിക്കണം. സർക്കാർ ജീവനക്കാർക്ക് പൊതു ജനസേവനത്തിന് കേരളത്തിൽ അവരുടെ ഭാഷാപരിജ്ഞാനം അത്യന്താപേക്ഷിതമാണ് എന്ന പ്രാഥമിക തത്ത്വത്തിലൂന്നിയാണ് ഈ നടപടി.

മലയാളം ഒന്നാം ഭാഷയായി അംഗീകരിച്ചു കിട്ടുവാൻ ഭാഷാസ്നേഹികളും സാഹിത്യനായകന്മരും സമരപരിപാടികൾ ആവിഷ്കരിച്ചു മുറവിളി കൂട്ടിക്കൊണ്ടിരിക്കയാണ്. ഇച്ഛാശക്തിയുള്ള നേതൃത്വമുണ്ടായൽ ഭാഷാപരമായ ഏത് പ്രതിസന്ധിയേയും തരണം ചെയ്യാമെന്ന് സമീപകാല സംഭവവികാസങ്ങൾ നമുക്ക് മുന്നിൽ തെളിഞ്ഞു നിൽക്കുന്നു.

കാലപ്പഴക്കവും ഔന്നിത്യവും ആഭിജാത്യവും നോക്കിയാലും അതിന്റെ ഉപയോഗ ക്രമം നോക്കിയാലും മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നൽകാനാവില്ലെന്ന് പറഞ്ഞവരോട് കാര്യകാരണങ്ങൾ യഥാവിധി വേണ്ട സമയത്ത് നിരത്തിവെച്ച് മറ്റ് ഭാഷകളോട് കിടപിടിക്കാവുന്ന തരത്തിൽ വളർന്ന ഭാഷയാണ് മലയാളം എന്നു സ്ഥാപിച്ചെടുക്കുവാൻ ബുദ്ധികൂർമതയുള്ള മലയാളത്തിലെ ഭാഷാപണ്ഡിതരും ചരിത്ര ഗവേഷകരും ഭരണാകാരികളുമടങ്ങുന്ന കേരള പ്രതിനിധികൾക്കു സാധിച്ചു.

ഭാഷാപോഷണം മലയാള സർവ്വകലാശാലയുടെ മുഖമുദ്രയാകുമ്പോൾ ശാസ്ത്ര സാഹിത്യ വൈജ്ഞാനിക മേഖലയിൽ ആധുനികവും നവീനവുമായ കണ്ടുപിടിത്തങ്ങളും വളർച്ചയും ഉൾകൊണ്ടു കൊണ്ട് മലയാളത്തെ ഒരു ജ്ഞാന ഭാഷയാക്കി മാറ്റാൻ കഴിയണം. ഭാഷാപിതാവായ തുഞ്ചത്താചാര്യന്റെ ആസ്ഥാനത്തു നിന്നു തന്നെ മലയാളത്തിന് നവീനമായ കണ്ടെത്തലുകളിലൂടെ ലോകത്തിന്റെ വൈവിധ്യമാർന്ന ജ്ഞാനോൽപ്പാദനങ്ങളുടെ അറിവു കേന്ദ്രമായി കലാശാലയെ വളർത്തിയെടുക്കുവാനാണ് ഇതിന് നേതൃത്വം നൽകിയവർ ലക്ഷ്യമിട്ടിരുക്കുന്നത് എന്നതിൽ നമുക്കഭിമാനിക്കാം. ■

കവിത

## വേർപിരിഞ്ഞ മായാവസന്തം




കാമദേവനായി വില്ലുകുലച്ചു
പാണനാരായ് പാടി ഉലച്ചു
ബാണമേറ്റവൾ ആടിയുലഞ്ഞു.
പാട്ടുകേട്ടവൾ ജീവിത സഖിയായ്
പ്രിയസഖിക്കായ് പണിതുവെച്ചു
ആലില താലിയും സപ്രമഞ്ചകട്ടിലും
ആലോലം പാടി താലോലം പാടി
ശ്രുതിമീട്ടി കാത്തിരിപ്പിനായ്
നർത്തകിയാണവൾ നൃത്തം
ജീവതാളമായ് ജീവവായുവായ്
സമർത്ഥമായ് സമർപ്പിച്ചവൾ
പിന്നീട് അരങ്ങിൽ നടനം
നിർത്തി എൻ ഹൃത്തടത്തിൽ
വേദി കണ്ടെത്തിവൾ, പക്ഷെ
വരും വരാതിരിക്കില്ല എന്ന
മനസ്സുമായ് വഴിയിൽ കണ്ണുംനട്ട്
കാത്തിരിപ്പായ് അവൾക്കായ് ഞാൻ
എനിക്ക് പാടാനും അവൾക്ക്
ആടാനും വേദിയൊരിക്കിയവർ
വേദനയുമായ് വേർപിരിഞ്ഞു
താരകമായ് മാലാഖയായ് അവൾ
മാനത്തെത്തി ആത്മാവുപോലെ
നിറഞ്ഞ കണ്ണുമായ് കാണുന്നുണ്ടാവാം
താഴെ അലയുന്ന എന്നെ എന്നും
ജീവിതലക്ഷ്യം നിറവേറ്റിയാൽ
വരും, വരാതിരിക്കില്ല; കാത്തിരിക്കൂ.

യു. ഗണേശൻ കാളാത്ത്

യാത്രാവിവരണം

# രാജവീഥി

## സോക്കർസിറ്റിയിൽ ഇന്ത്യൻ പതാക



ഭാസി മലാപ്പറമ്പ്

മുൻലക്കം തുടർച്ച ലേഖനം.....

ഐ. എം. വിജയൻ

ലോകഫുട്ബോളിൽ പെലെ എന്ന പോലെ ഇന്ത്യൻ ഫുട്ബോളിൽ കറുത്ത മുത്തായി ഐ. എം വിജയൻ. 1969 ഏപ്രിൽ 25ന് തൃശൂരിൽ ജനിച്ചു . അയിനിവളപ്പിൽ മണി വിജയൻ 1987–88 ലാണ് കേരള പോലീസ് ടീമിൽ കുടി രംഗത്തേത്തിയത്. സംസ്ഥാന,ദേശീയ ഫുട്ബോളിൽ ഒട്ടനവധി നേട്ടങ്ങൾക്കുടമയായി കേരളാ പോലീസ് ക്ലബിന്റെ ജർസിയിൽ ഫെഡറേഷൻ കപ്പ് ഫുട്ബോളിൽ വിജയന്റെ രാജ്യത്തേ വിന്നേഴ്സ് മെഡലിനെ തുടർന്ന് ഏഴ് വിന്നേഴ്സ് മെഡലുകൾ കൂടി ചേർന്നപ്പോൾ അത് എട്ടു വിന്നേഴ്സ്

മെഡലായി റിക്കാർഡായി. ആ ലിസ്റ്റ് ഇങ്ങനെ ......

| | | |
|---|---|---|
| 1990–91 | : | കേരളാ പോലീസ് – 1 |
| 1992–1993–1994 | : | മോഹൻ ബഗാൻ –3 |
| 1995–1996 | : | ജെ . സി . ടി –1 |
| 1997 | : | എഫ് . സി . കൊച്ചിൻ – 1 |
| 1998 | : | മോഹൻ ബഗാൻ – 1 |
| 8 | | |

1999–ൽ വീണ്ടും എഫ്.സി. കൊച്ചിൻ ജർസി അണിഞ്ഞ ശേഷം,2006 വരെ ഈസ്റ്റ് ബംഗാൾ, ചർച്ചിൽ ബ്രദേഴ്സ് (ഗോവ), വീണ്ടും ഈസ്റ്റ് ബംഗാൾ ജർസികളണിഞ്ഞു.

1994,1998,2002 ലോകകപ്പ് യോഗ്യതാ റൗണ്ടിൽ ഇന്ത്യൻ നാഷണൽ ടീമിലെത്തി – 1998ലും 2002ലും ക്യാപറ്റനായിരുന്നു. 2003ൽ ഹൈദരാബാദ് ജഫ്രോ–ഏഷ്യൻ ഗെയിംസിലും ഇന്ത്യൻ ക്യാപറ്റനായിരുന്നു. ടൂർണ്ണമെന്റിലെ ടോപ് സ്കോററുമായി (4 ഗോൾ). ഉസ്ബാക്കിസ്ഥാനെതിരെ കളിച്ച ഫൈനൽ മത്സരത്തോടെ രാജ്യാന്തര ഫുട്ബോളിനോട് വിട വാങ്ങി. ആകേ 79 തവണ ഇന്ത്യക്ക് വേണ്ടി കളിച്ചു ; 40 രാജ്യാന്തരഗ ഗോളുകൾക്കുടമയായി.

1995 നവംബർ 25ന് കോഴക്കോട് കളിച്ച സിസ്സേർസ് കപ്പ് ടൂർണ്ണമെന്റിൽ മലേഷ്യൻ ക്ലബ് പെർലിസിനെതിരെ 79–ാം മിനുട്ടിൽ ജെ.സി. ടി.യുടെ ജർസിയിൽ ഐ.എം. വിജയൻ നേടിയ ബാക്ക്സിസ്സർ ഷോട്ട് ഗോൾ കോർപ്പറേഷൻ സറ്റേഡിയത്തിലും ഇന്ത്യൻഫുട്ബോളിലും ഏറ്റവും മനോഹരമായ ഗോളുകളിലൊന്നായി റിക്കാർഡിട്ടു; ജെ.സി.ടിക്ക് സിസ്സേർസ് കപ്പും വിജയന് ടോപ്സ്കോറർ പദ



വിയും (4 ഗോൾ) നൽകി.

1999ൽ സാഫ് കപ്പ് ഫുട്ബോളിൽ ഭൂട്ടാനെതിരെ കളിയുടെ പന്ത്രണ്ടാം സെക്കന്റിൽ നേടിയ ഗോൾ രാജ്യാന്തര ഫുട്ബോളിൽ ഏറ്റവും വേഗത്തിൽ സ്കോർ ചെയ്യപ്പെട്ട ഗോളുകളുടെ പട്ടികയിലുമെത്തി.

1993,1997,1999 വർഷങ്ങളിൽ ഏറ്റവും മികച്ച ഇന്ത്യൻ കളിക്കാരന്റെ സ്ഥാനത്തെത്തി. 2003ൽ കേന്ദ്ര ഗവണ്മെണ്ടിന്റെ അർജ്ജുന അവാർഡ് ലഭിച്ചു.

സിനിമാനടൻ എന്ന റോളിലും വിജയൻ വ്യക്തിമുദ്ര പതിപ്പിച്ചു. നാഷണൽ അവാർഡ്ചിത്രങ്ങളായ കലോ ഹരിൻ (1999),ശാന്തം എന്നിവയിലും ആകാശത്തിലെ പറവകൾ, തിമിരു(തമിഴ്) എന്നീ ചിത്രങ്ങളിലും വിജയനെ അഭിനേതാവിന്റെ റോളിൽ പ്രശസ്തികളുടെ പൂക്കൂടകൾക്കുടമയാക്കി.

കളിയിൽ നിന്ന് 2006ൽ വിരമിച്ചെന്ന് പ്രഖ്യാപിച്ചുവെങ്കിലും 2012–2013ൽ വീണ്ടും കേരളാ പോലീസിന്റെ ജർസിയണിഞ്ഞു കൊണ്ട് ഐ.എം വിജയൻ ഒരു തിരിച്ചുവരവിന്റെ പാതയിലേക്ക് നീങ്ങിയിരിക്കുന്നു. തിരുവനന്തപുരം ജില്ലാ ലീഗ്,ജി.വി രാജട്രോഫി അഖിലേന്ത്യാ ടൂർണ്ണമെന്റ് കളിൽ ബൂട്ടണിഞ്ഞു കൊണ്ട് ഇനിയൊരു

ബാല്യം ബാക്കിയുണ്ടെന്ന് തെളിയിച്ചിരിക്കുന്നു ഈ കളിക്കാരൻ.

**ചെസാരെ മാൾഡിനി**

സ്ലോവാനിയയിൽനിന്ന് ഇറ്റലിയിൽ കുടിയേറി മാൾഡിച് എന്ന കുടുംബപ്പേര് മാൾഡിനി എന്ന ഇറ്റാലിയൻ നാമമാക്കിയ തൊഴിലാളി ദമ്പതികളുടെ പുത്രനായി 1932 ഫിബ്രവരി 5ന് ട്രിസ്റ്റേയിൽ ജനനം. 1952-53ൽ ട്രിസ്റ്റീന ക്ലബിൽ അരങ്ങേറ്റം. 1954-66ൽ എ. സി. മിലാൻ ക്ലബിനും, 1966-67ൽ ടോറിനോക്കും ഇറ്റാലിയൻ ലീഗ്
സീരി എ യിൽ തിളങ്ങിയ ഡിഫന്റർ. 1954-62 കാലത്ത് എ. സി. മിലാൻ ക്ലബിന്റെ നാലു സീരി എ ചാമ്പ്യൻഷിപ്പ് കിരീട നേട്ടത്തിൽ പ്രധാന കളിക്കാരൻ.

യുവേഫാ ചാമ്പ്യൻസ് ലീഗിന്റെ മുൻകാല ടൂർണ്ണമെന്റായ യൂറോപ്പ്യൻകപ്പ് എ.സി. മിലാൻ 1963ൽ നേടിയപ്പോൾ ക്യാപ്റ്റനായിരുന്നു ചെസാരെ മാൾഡിനി.

1962 – 68ൽ ഇറ്റലി ദേശീയ ടീമിന്റെ മികച്ച ഡിഫന്റർ. 1962, 1966 ലോകകപ്പിൽ തിളങ്ങി. 25 തവണ ദേശീയ ടീമിലെത്തി, ഒരു ഗോൾ സകോർ ചെയ്തിട്ടുമുണ്ട്.1973 മുതൽ വിവിധ ക്ലബുകളുടെയും കോച്ചായിരുന്നു. 1982 ലോകകപ്പിൽ ഇറ്റലിയുടെ അസിസ്റ്റന്റെ കോച്ച്, 1986-96 ൽ ഇറ്റലി അണ്ടർ 21 കോച്ച്, 1998 ലോകകപ്പിൽ ഇറ്റിലിയുടെയും 2002 ലോകകപ്പിൽ പരാഗ്വായുടേയും കോച്ചായി.
ഇതിനിടയിൽ 2001 ൽ എ.സി. മിലാന്റെ കോച്ചായും സേവനമനുഷ്ട്ടിച്ചു. സപോര്ട്സ് ടി.വി. ചാനലിന്റെ വിദഗദ്ധ കമന്റെറ്ററായും പ്രവർത്തിച്ചു.

മകൻ പൗലോ മാൾഡിനി എ.സ. മിലാൻ ക്ലബിന്റെയും ഇറ്റലിയുടെയും മികച്ച ഡിഫന്ററായിസ ഉയർന്നു. ഇറ്റലിക്കുവേണ്ടി എറ്റവും അധികം തവണ ജർസിയണിഞ്ഞ റിക്കാർഡിന്നും ഒരിക്കൽ ഉടമയായി. 2003.2007 വർഷങ്ങളിൽ എ.സി. മിലാൻ യുവേഫാചാമ്പ്യൻസ് ലീഗ് ട്രോഫി കരസ്ഥമാക്കിയപ്പോൾ പൗലോ മാൾഡിനി ക്യാപ്റ്റൻ.

**അലസ്സാന്ദ്രോ ആൾടൊബെല്ലി**

ദേശീയ, ലോകഫുട്ബോളിൽ സൂചി എന്ന വിളിപ്പേരിൽ അലസ്സാന്ദ്രോ ആൾടൊബെല്ലി എന്നറിയപ്പെട്ടത് വളരെ കടുത്ത പ്രതിരോധനിരയിൽ കൂടി പന്തുമായി നുഴഞ്ഞു കയറി ആക്രമണം നടത്താനുള്ള കഴിവുകൊണ്ടാണ്. ഇറ്റലിയിൽ ലാറ്റിനയിലെ സോന്നിനയിൽ 1955 ഡിസംബർ 28ന് ജനിച്ചു. 1970-80 കാലത്ത് ഇറ്റലിയുടെ മികച്ച ഫോർവേർഡ്. സീരി സി ലീഗിൽ ലാറ്റിന ക്ലബിൽ അരങ്ങേറ്റം. സീരി ബി യിൽ ബ്രീസിയ ക്ലബിലെത്തിയ ശേഷം സീരി എ യിൽ പ്രശസ്തരായ എ.സി. മിലാനിലെത്തി. 466 തവണ (സീരി എ ലീഗ് മാത്രം)മിലാന്റെ കളറണിഞ്ഞു; 209 ഗോളുകൾ നേടി.61 തവണ ഇറ്റലിക്കുവേണ്ടിയും കളിച്ചു, 256 ഗോളുകൾ നേടി. 1982 ലോകകപ്പ് ഫൈനലിൽ പ.ജർമ്മനിക്കെതിരെ ഇറ്റലിയുടെ മൂന്നാം ഗോൾ അതിമനോഹരമായിരുന്നു. ലോകകപ്പ് ഫൈനലിൽ സബ്സ്റ്റിറ്റ്യൂട്ട് കളിക്കാരനായെത്തി ഗോൾ നേടുന്ന രണ്ടാമത്തെ കളിക്കാരനാണ് ആൾടൊബെല്ലി.

1978 ൽ ഡിക്ക് നന്നിങ്ങയാണ് ഇങ്ങിനെ ഗോൾടിച്ച ആദ്യ സബ്സ്റ്റിറ്റ്യൂട്ട് കളിക്കാരൻ.

1986 ൽ റൂഡി വോളർ ഈ നേട്ടം ടീമിന്നു വേണ്ടി ആവർത്തിച്ചു. 1980,88 യൂറോകപ്പിലും ഇറ്റലിയുടെ കളറണിഞ്ഞു; 88 ൽ ക്യാപ്റ്റനായിരുന്നു.

സ്പോർട്സ്, ടി.വി. ചാനലിന്റെ വിദഗദ്ധ കമന്റേറ്റർ ആയും പ്രവർത്തിച്ചു.

■

**കവിതകൾ**



# പീഢനം

**എം. ഇന്ദിരാദേവി**

മർത്ത്യൻ തൻ ചെയ്തികൾ തിന്മകളാകവേ
കലികാല വൈഭവമെന്ന പേരിൽ
തേച്ചു മാച്ചീടുവാൻ വെമ്പുന്ന മാനവൻ
കണ്ണടച്ചന്ധകാരത്തിൽ മുങ്ങി.

നീതിയും സത്യവും സ്നേഹമഹിംസയും
ഉച്ചത്തിൽ ചൊല്ലുന്നു മാന്യരിവർ
ഓർക്കുന്നതില്ലിവർ സോദരരെപ്പോലും
സ്ഥാനമാനങ്ങൾ കൊതിച്ചീടുമ്പോൾ

കാണുമന്നതില്ലവർ അമ്മ പെങ്ങമ്മാരെ
കാണുന്നതത്രയും വികലരൂപം
അധികാര മോഹം ലഹരിപടരുമ്പോൾ
നെഞ്ചത്തു കത്തി കയറ്റീടുന്നു.

അഗാധ ഗർത്തത്തിൽ ചെന്നുവീഴുന്നേരം
രക്ഷാർത്ഥം കൈപൊക്കി കേണിടുന്നു.
കാണാത്ത ഭാവത്തിൽ പോകും സുഹൃത്തുക്കൾ
ഉള്ളിൽ ചിരിച്ചു രസിച്ചീടുന്നു.

സ്വാർത്ഥ താല്പര്യത്തിനായ് അലയുന്നോർ
പേപ്പട്ടി മാനസരായീടുന്നു.
ചെയ്യും വിക്രിയകൾക്കുള്ള പരിണാമം
പീഢനം പീഢനം തന്നെ പാരിൽ.



**കെ. ബാലചന്ദ്രൻ മാങ്കാവ്**

# മനുഷ്യമൃഗങ്ങൾ

അയ്യോ ഭയങ്കരം ഭീകരസ്ഫോടനം
വയ്യായെനിക്കിത് കാണ്മാൻ
മെയ്യ് കുഴയുന്നു കൂരിരുൾ മൂടുന്നു
കയ്യാമം വെക്കിൻ ഇവറ്റകളെ .

നാട്ടിൽ പരക്കെ പരാക്രമങ്ങൾ
കാട്ടുന്നു ചിലമാനവന്മാർ
കാട്ടിൽ പിറക്കേണ്ടവരാണിവരേ
കൂട്ടിൽ കയറ്റുക, സാദ്ധ്യമല്ലേ

# തീരദേശ സംരക്ഷണ നിയമം നടപ്പാക്കേണ്ടതാര്



വിനോദ്കുമാർ ദാമോദർ



**കോഴിക്കോട് തീരദ്ദേശത്ത് നിലനിന്നിരുന്ന കടൽപ്പാലം സംരക്ഷിക്കുവാൻ യാതൊരു നടപടിയുമുണ്ടായില്ല. അതിന്റെ അവസാന ഭാഗം കളിസ്ഥലമാക്കി മാറ്റിയ കുട്ടികൾ**

***കടൽപ്പാലത്തിന്റെ സംരക്ഷണം കടലിന്റെ സംരക്ഷണത്തിന് ഉപകരിക്കുമായിരുന്നു.***

1991ൽ ഇന്ത്യ തീരദ്ദേശ സംരക്ഷണ നിയമമുണ്ടാക്കിയെടുത്തപ്പോൾ ഈ നിയമം ലോകത്തിന് തന്നെ ഒരു മാതൃകയായിട്ടാണ് കണ്ടു വന്നിരുന്നത്. ഇന്ത്യയുടെ അതിർത്തി പ്രദേശങ്ങളിൽ നല്ലൊരു ഭാഗം കടൽ തീരവും വളരെയധികം നദികളും പുഴകളുമുള്ള ഇന്ത്യയ്ക്ക് ഈ നിയമം ഏറ്റവുമധികം ഗുണം ചെയ്യുന്ന ഒന്നായാണ് രാജ്യം അന്ന് വിലയിരുത്തിയത്.

എന്നാൽ രണ്ടു ദശാബ്ദങ്ങൾക്ക് ശേഷം ഈ നിയമം വിലയിരുത്തി നോക്കുകയാണെങ്കിൽ ഏറ്റവുമധികം ലംഘനം നടന്നുവരുന്ന ഒരു നിയമമായി ഇത് മാറിയിരിക്കുകയാണ്.

ഈ നിയമലംഘനത്തിന്റെ ഏറ്റവും വലിയ ഒരു ഉദാഹരണമായി കാണുന്നത് കേരളത്തിന്റെ വ്യവസായ തലസ്ഥാനമായി അിറയപ്പെടുന്ന കൊച്ചിയിലാണ്.

അതിനുള്ള ഏറ്റവും പുതിയ തെളിവുകൾ ഈയടുത്ത ദിവസം വിവരവകാശനിയമ പ്രകാരം ആവശ്യപ്പെട്ട വിശദീകരണത്തിൽ ലഭിക്കുകയുണ്ടായി.

കൊച്ചിയ്ക്കടുത്ത് ചിലവണ്ണൂർ തടാകത്തിന്റെ തീരത്ത് തീരദേശ നിയമത്തിന്റെ പൂർണ്ണ ലംഘനം നടത്തി 2003 മുതൽ 2008 വരെ പത്ത് വൻ കെട്ടിടങ്ങളാണ് നിർമിച്ചിരിക്കുന്നത്. കടൽ, പുഴ, കായൽ തുടങ്ങിയവയുടെ കരകൾ തീരങ്ങളിൽ ഉൾപ്പെടും. തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ നിർമാണപ്രവർത്തനങ്ങൾക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സമ്മത പത്രം വേണമെന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള ഒരു രേഖയും ലഭിക്കാതെയാണ് കൊച്ചിയിൽ ഈ നിർമാണ പ്രവർത്തനങ്ങൾ നടന്നിരിക്കുന്നത്.

കൊച്ചിയിൽ അടുത്തകാലത്ത് തീരദ്ദേശ നിയമത്തിന്റെ പരിധിയിൽ വരുന്ന നല്ലൊരു പ്രദേശം കണ്ടൽ കാടുകൾ വെട്ടി തെളിയിച്ചു ക്രിക്കറ്റ് സ്റ്റേഡിയം നിർമിക്കുവാനുള്ള ശ്രമം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രമത്തിന്റെ ഫലമായി ഉപേക്ഷിക്കുകയായിരുന്നു. തീരദേശത്തിൽ നിന്നും അകലെയാണെങ്കിലും അല്ലെങ്കിലും കണ്ടൽകാടുകൾ ഉന്നതശ്രേണിയിൽ തീരദേശനിയമരപ്രകാരം സംരക്ഷിയ്ക്കപ്പെടുകയായിരുന്നു. എന്നാൽ ഇന്നു സംരക്ഷണം വെറും കടലാസിലാണ്. ചിലവന്നൂർ തടാകത്തിന്റെ കരകളിൽ 1996 മുതൽ 2005 വരെയുള്ള കാലയളവിൽ നിർമിക്കപ്പെട്ട കെട്ടിടത്തിന്റെ വിവരങ്ങൾ ഒന്നും തന്നെ കേരളകോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്കു നൽകിട്ടില്ലയെന്നതാണ് മറ്റൊരു പ്രത്യേകത. എന്നാൽ ഇവിടത്തെ കെട്ടിടങ്ങൾക്ക് വളരെയെളുപ്പം ഫയർ ആന്റ് റെസ്ക്യൂസർവ്വീസസ് സംസ്ഥാന മലിനീകരണ ബോഡ് തുടങ്ങിയവയുടെ സമ്മത പത്രം ലഭിച്ചിട്ടുമുണ്ട്.

ഈയവസരത്തിൽ 1991ൽ

വളരെ ശക്തമായ രീതിയിൽ നിർമിക്കപ്പെട്ട സി ആർ സെഡ് നിയമങ്ങളിൽ സോൺ 1, സോൺ 2.സോൺ 3,സോൺ 4 എന്നീ മേഖലകളായി തിരിച്ചു നിയമങ്ങൾ നിർമ്മിച്ചിരുന്നു. ഇതു പ്രകാരം ഈ നിയമത്തിൽ സോൺ മേഖലയിൽ വരുന്ന പ്രദേശത്ത് യാതൊരു പ്രവർത്തനങ്ങളും നിർമാണവുമായി ബന്ധപ്പെട്ട് പാടില്ലയെന്ന നിലയിലായിരുന്നെങ്കിൽ 2011ൽ അത് 50 മീറ്ററായി ചുരുക്കി. മുക്കുവർക്ക് മാത്രം ഈ മേഖലയിൽ പഞ്ചായത്തിന്റെ സമ്മതത്തോടെ വീടുണ്ടാക്കാനുള്ള നിയമം മാത്രമേ നിലവിലൂള്ളു. ഇതെല്ലാം ഒറ്റയടിയ്ക്കു മറികടന്നാണ് തീരദേശ നിയമത്തിന്റെ ലംഘനം കൊച്ചിയിൽ നടക്കുന്നതായി കണ്ടത്. തീരദേശ നിയമം സാധാരണയായി നടപ്പാക്കേണ്ടത് ജില്ലാഭരണാധികാരികളാണ്. എന്നാൽ അവരുടെ നിയന്ത്രണം വിട്ട സ്ഥിതിയിലാണ് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി രൂപികൃതമായത് അവർ ഈ കാര്യങ്ങൾ പരിശോധിച്ച് നടപടിയെടുക്കാനായി വീണ്ടും ജില്ലാഭരണാധികാരികൾക്ക് ഉത്തരവാദിത്വം ഏൽപ്പിച്ചു കൊടുക്കുന്നു. അതുകൊണ്ടു തന്നെ പഞ്ചായത്തിന്റയും കോർപ്പറേഷന്റേയോ കീഴിൽ നടക്കുന്ന നിർമാണ പ്രവർത്തനങ്ങളടക്കമുള്ള എല്ലാ തീരദേശ സംരക്ഷണ നിർമാണ പ്രവർത്തനങ്ങളിലും ലംഘനങ്ങൾ തന്നെയാണെന്ന് കണ്ടു വരുന്നുണ്ട്. തീരദേശ സംരക്ഷണ നിയമത്തിന്റെ ലംഘനം നടത്തികൊണ്ടാണ് തീരദേശത്തെ പല പ്രകൃതി സമ്പത്തും യാതൊരു നിയന്ത്രണമില്ലാതെ നശിപ്പിക്കപെടുന്നത് സാധാരണമാണ്. പുഴകളിലേ ഏകദേശം മണൽ മുഴുവൻ വാരി നമ്മുടെ നാട്ടിലെ അധിക പുഴകളും നശിച്ചു കഴിഞ്ഞ സ്ഥിതിയിൽ ഇപ്പോൾ വൻതോതിൽ കടൽ പൂഴിവാരൽ പലസ്ഥലത്തും നടന്നു വരുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ നടക്കുന്ന മണൽ വാരൽ പലപ്പോഴും ഇവ സംരക്ഷിക്കേണ്ടവരുടെ മുമ്പിൽ വെച്ചു നടന്നിട്ടു പോലും നടപടികളൊന്നും ഉണ്ടാകുന്നില്ലെങ്കിലും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്കും യാതൊരു മുൻകരുതലും എടുക്കാൻ കഴിയുന്നില്ലയെന്നുള്ളതാണ് വാസ്തവം.

മണൽ വാരലിന് തടയിടാൻ ഹൈകോടതി ഉത്തരവുള്ള ഇടങ്ങളിൽ പോലും ഒന്നും തന്നെ ചെയ്യാൻ അതോറിറ്റിക്കും കഴിയുന്നില്ല. അതുകൊണ്ട് തന്നെ ഇതൊരു നോക്കു കുത്തിയായും തീരദേശ സംരക്ഷണ നിയമം നടപ്പാക്കാൻ ഏറ്റവും വലിയ പോരായ്മയായും മാറിയതായി കാണാം.

തീരദേശ നിയമത്തിൽ ഉണ്ടാക്കിരിക്കുന്ന മറ്റൊരു അയവാണ് തീരദേശത്തിന്റെ സംരക്ഷിതമേഖലയ്ക്കിടയിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന റോഡുകളുടെ കാര്യം.

1991ൽ തീരദേശ സംരക്ഷണ നിയമം നോട്ടിഫിക്കേഷൻ നടത്തുമ്പോൾ തന്നെ ഈ റോഡുകൾക്കപ്പുറം വരുന്ന സ്ഥലങ്ങളെ ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു, അതായത് സ്ഥിരമായി ഉപയോഗിച്ചു വരുന്ന റോഡുകൾക്കപ്പെറുമാണ് നിർമാണപ്രവർത്തനങ്ങൾ വരുന്നതെങ്കിൽ ഈ മേഖലയിൽ നിർമാണപ്രവർത്തനങ്ങൾ അനുവദിച്ചിരുന്നു. എന്നാൽ ഈ തരത്തിലുള്ള ഒരു ഇളവ് മുതലെടുത്ത് കൊണ്ട് കടലുമായി ബന്ധപ്പെട്ടു ജീവിക്കുന്ന മുക്കുവർ തുടങ്ങിയവരുടെ വാസസ്ഥലങ്ങളും മറ്റും നശിപ്പിച്ചു കൊണ്ട് ബഹു നില ഫ്ളാറ്റുകളും മറ്റും ഇന്ന് നഗര പ്രദേശങ്ങളിലും മറ്റും യാതൊരു നിയന്ത്രണവുമില്ലാതെ പൊന്തികൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ കാണുന്ന റോഡുകളിൽ പലതും 1991ന് ശേഷമുണ്ടാക്കിയതാണെന്നും രേഖകളിൽ പഴയതിയ്യതിയാണെന്നും നിയമം ലംഘിച്ചു കെട്ടിടങ്ങൾ പണി ചെയ്യുവാൻ വേണ്ടിയാണെന്നും പറയപ്പെടുന്നു. ഇടയിൽ റോഡുള്ളതുകൊണ്ടവിടംമെങ്ങനെ തീരദേശമല്ലാതാകുമെന്ന് വിദഗ്ദർ പറയുന്നു.

മറ്റു പല രാജ്യങ്ങളും ഈ തരത്തിലുള്ള ഇളവ് നൽകാത്തതുകൊണ്ട് അവർക്ക് ശക്തമായി നിയമം നടപ്പാക്കാൻ കഴിഞ്ഞു.

കേരളത്തിൽ തീരദേശ നിയമം (1991) നടപ്പാക്കാൻ ഉത്തരവാദികളായ തീരദേശ മാനേജ്മെന്റ് അതോറിറ്റിയ്ക്കു മുകളിൽ ഒരു നാഷനൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയും നിലവിലുണ്ട്.

എന്നാൽ ഇവർക്ക് ലഭിക്കുന്ന തീരദേശനിയമലംഘനവുമായി (അതായത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും) ബന്ധപ്പെട്ട പരാതികൾ അയയ്ക്കുന്ന കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്കാണ്.അപ്പോഴും നടപടികൾ ഇഴഞ്ഞു നീങ്ങുന്നു. ഈ കാരണങ്ങളാണ് ഓരോ വർഷവും കിലോമീറ്റർ കണക്ക് കണ്ടൽകാടുകൾ നശിച്ചു കൊണ്ടിരിക്കുവാൻ പ്രധാനപ്രശ്നവും.

1981 ൽ തന്നെ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരിഗാന്ധി തീരദേശ സംരക്ഷണത്തിന് പല നിർദേശങ്ങളും സംസ്ഥാനങ്ങൾക്ക് നൽകിയിരുന്നു.

ഇവ വേണ്ട വിധം വിജയകരമല്ലാത്ത ഒരു സ്ഥിതിയിൽ തുടങ്ങിയ ശ്രമങ്ങളാണ് 1991 ലെ നിയമ നിർമാണത്തിന് കാരണമായത്. എന്നാൽ കേരളത്തിന് പറയുവാനുള്ളത്, നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തന്നെ ഇടതിങ്ങി ജനങ്ങൾ വസിക്കുന്ന നല്ലൊരു ഭാഗം കടൽക്കരയുള്ള കേരളത്തിന്റെ അഭിപ്രായങ്ങൾ ഒന്നും തന്നെ പരിഗണിക്കാതെ മറ്റു സംസ്ഥാനങ്ങളെ പോലെ തന്നെയുള്ള നിയമങ്ങൾ ഇവിടെ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടെന്നാണ്. എന്നാൽ ഇവയെല്ലാം പരിഗണിച്ചാണ് 2011ൽ നിയമത്തിന് ഇളവ് നൽകിയത്. എന്നിരുന്നാലും ഇന്നത്തെ സ്ഥിതിയിൽ അവനടപ്പാക്കാനും കേരളം ബുദ്ധിമുട്ടുന്നു.

തീരദേശ സംരക്ഷണ നിയമം 1991 അല്ലെങ്കിൽ സി ആർ സെഡ് നിയമങ്ങൾ ഏറ്റവും വിവിധമായി സുപ്രീം കോടതിയിൽ വരെയെത്തിയ സംഭവമാണ് ഇപ്പോൾ കുടംകുളം ആണവോർജംപദ്ധതി കാര്യത്തിൽ തമിഴ്നാട്ടിൽ നടന്നത്.

എന്നിരുന്നാൽ സി ആർ സെഡ്(തീരദേശ)നിയമങ്ങളുടെ ലംഘനമാണ് ഇപ്പോൾ കുടംകുളം പദ്ധതി ആരംഭത്തിൽ നടക്കുന്നതെന്ന് പരിസ്ഥിതി പ്രവർത്തകർ പറയുമ്പോൾ പദ്ധതിയുടെ കരാറുണ്ടാക്കുന്ന സമയത്ത് ഈനിയമങ്ങൾ ഉണ്ടായിരുന്നില്ലെന്ന് നടത്തിപ്പുക്കാരും പറയുന്നു.

മാത്രവുമല്ല തമിഴ്നാട്ടിലെ വൻരീതിയിലുള്ള വൈദ്യുതി ക്ഷാമവും മറ്റും കണക്കിലെടുത്ത് ഇവിടെ പ്രവർത്തനം തുടങ്ങേണ്ടത് അത്യാവശ്യമാണെന്ന് തമിഴ്നാടു സർക്കാർ ശക്തമായി വാദിക്കുകയും അതേ സമയം ആണവപദ്ധതികൾക്കു സി ആർ സെഡ് നിയമങ്ങളിൽ ഇളവുണ്ടന്നതും അവർ ചൂണ്ടികാണിക്കയും ചെയ്യുന്നു.എന്നാൽ സി ആർ സെഡ് നിയമങ്ങൾ ഏറ്റവുമധികം വിവാദമായ പദ്ധതിയുടെ പ്രശ്നമിപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

■

# കാർട്ടൂൺ

ഗിരീഷ് മൂഴിപ്പാടം












സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ

അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ - 9388412430

ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്

സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

മാതാ ഏജൻസീസ്

മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.

പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.

Mob: 9387029919, 9287306802

Velliparamba, 5th Mile, Calicut - 8

DUST FREE PAINTING BOOTH

Mech World

FOUR WHEELER WORKSHOH

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH ACCIDENT REPAIR

DUST FREE PAINTING BOOTH, ACCIDENT REPAIR

Workshop:

DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16

M.R BAKERY & SWEETS

സ്വാദിഷ്ടമായ മധുരപലഹാരങ്ങൾ, മിക്ചർ, ബനാനചിപ്സ്, സ്നാക്സ് മിതമായ നിരക്കിൽ

PUTHIYAPALAM ROAD CALICUT - 2

Ph: 2304036

Fresh Snacks & Sweets

കഥ

# പകൽ രാത്രിയാകുമ്പോൾ

അഷിത കാവുവട്ടം



കഴിഞ്ഞ കുറേ മാസങ്ങളായി ജീവിതം നിശ്ചലമായ ഒരു പുഴപോലെയാണെന്ന് അനാമികയ്ക്ക് തോന്നി തുടങ്ങിയിട്ട്. കറുത്തും നേർത്ത ചുവപ്പും കലർന്ന തെളിയാത്ത ആർത്തവ രക്തത്തിന്റെ നിറം പേലെ അവളുടെ മനസ്സിൽ എന്തൊക്കെയോ പറ്റിലിടിച്ചിട്ടുണ്ടായിരുന്നു. പാപ കത്തിയുടെ മൂർച്ചയിൽ മനസ്സ് സ്വയം മുറിഞ്ഞ് ഒടുവിൽ ആമുറിവ് ഉണങ്ങാത്ത വ്രണം പോലെ ആയി തീർന്നപ്പോഴാണ് അനാമിക ഇങ്ങനെയെല്ലാം ചിന്തിച്ചത്.

കുറ്റബോധം ഒരുതരം നീറ്റലാണ്. ഒരളവു കോൽ കൊണ്ടും അളന്നു നോക്കാൻ പറ്റാത്ത വിധം അത് അനന്തവുമാണ്. ഈ ലോകത്തിൽ കുറ്റബോധമില്ലാതെ ജീവിക്കുന്നവരാണ് ഏറ്റവും ഭാഗ്യവാൻ എന്നാണ് അനാമികയുടെ പക്ഷം. കാരണം അറിഞ്ഞും അറിയാതെയും ചെയ്യുന്ന തെറ്റിൽ അവരാരും ദു:ഖിക്കാനിടയില്ല.

എണ്ണിയാൽ തീരാത്തത്ര പാപങ്ങളൊന്നും ഈ ഇരുപത് വയസ്സിനുള്ളിൽ അവൾ ചെയ്തിരുന്നില്ല. ഒരൊറ്റ കൈപ്പത്തിയിലെ വിരലിലെണ്ണി തീർക്കാവുന്നത്ര തെറ്റുകൾ അത്രമാത്രം. പക്ഷേ അവൾ തീർത്തും വ്യത്യസ്ഥയായിരുന്നു.

ഓരോ രാത്രികളിലായി ഉറങ്ങി കിടക്കുമ്പോൾ തന്നെ കടിച്ച പഴുതാരയെയും, എട്ടുകാലിയെയും കരിന്തേളിനെയും അവൾ ഒരിക്കലും കൊന്നില്ല. വീട്ടിലെ ഇങ്ങനെ ചില ജീവികളെ ഏറ്റവും കൂടുതൽ കൊല്ലുന്നത് മറ്റുള്ളവരാണ്. പക്ഷെ ഈ ജീവികളുടെ ഏറ്റവും കൂടുതൽ കടിയേറ്റിട്ടുള്ളത് അനാമികയ്ക്ക് മാത്രമാണ്.

എന്തിന് വീട്ടുമുറ്റത്ത് ഒരു മൂർഖൻ പാമ്പിനെ കണ്ടാൽ പോലും അവൾ ഒച്ച വെയ്ക്കാറില്ല. അത് രക്ഷപ്പെട്ടോട്ടെ എന്ന ചിന്തയാണ് അതിനു കാരണം. ആരെങ്കിലും അതിനെ അടിച്ചു കൊല്ലുമ്പോൾ അരുത് എന്ന വാക്ക് ആദ്യം വീഴുന്നത് അവളുടെ നാവിൽ നിന്നായിരിക്കും. എന്തിനായിരുന്നു അതിനെ കൊന്നത് നമ്മളെ പോലെ അതിനുമുണ്ടാവില്ലേ ഒരു ജീവിതം എന്നു ചോദിച്ചാൽ.

'നിന്നെ കൊണ്ട് പാമ്പിനു ജീവിതം ഞാൻ ഉണ്ടാക്കിക്കാം, എന്നു വെറുപ്പോടെ പറയുന്നത് അച്ഛനാണ്.

'അത് കടിച്ചാൽ' അമ്മ കൂർത്ത നോട്ടം നോക്കും. നീ മേനകഗാന്ധിയ്ക്ക് പഠിക്കയാണോ. എന്ന ചോദ്യവുംമുണ്ടാവും കൂടെ.

ഈ ലോകത്ത് ഒരു വർഷം പാമ്പ് കടിച്ച് മരിക്കുന്നവരുടെ എണ്ണം 200 എങ്കിൽ വാഹനപകടത്തിൽ മരിക്കുന്നവരുടെ എണ്ണം 1000 ആയിരിക്കും. എന്നിട്ടാരും വാഹനത്തെ അടിച്ചു തകർക്കുന്നില്ലല്ലോ?.

"നിർത്തെടി...."

നിനക്ക് വട്ടാണ്. അവസാനം നിന്നെ ആയിരിക്കും പാമ്പു കടിക്കുക. അങ്ങനെ ആസംസാരത്തിനു വിരാമമിട്ടു.

"നരകവർണ്ണന" എന്ന പുസ്തകം വായിച്ച ശേഷമാണ് അനാമിക തന്റെ പാപങ്ങൾ എണ്ണി തുടങ്ങിയത്. ഞാനെത്ര കോഴിയെ തിന്നു തുടങ്ങി കുഞ്ഞുനാളിൽ ചൂണ്ടയിട്ടു പുഴയിൽ നിന്നും കരയ്ക്കിട്ട് പിടഞ്ഞു ചത്ത മത്സ്യത്തെ കുറിച്ചോർത്തും അവൾ പിന്നീട് വിലപിച്ചു. ഇങ്ങനെ അറിഞ്ഞോ അറിയാതെയോ ചെയ്ത തെറ്റുകളിലൂടെ മനുഷ്യൻ പാപത്തിന്റെ സ്മാരകങ്ങളായയി തീരുന്നു.

പാപബോധത്തിന്റെ തിരിച്ചറിവിലൂടെ മനസാക്ഷിക്കു മുന്നിൽ തലകുനിച്ചു നിന്നപ്പോൾ അനാമികയ്ക്ക തന്നോട് തന്നെ ഒരു തരം അറപ്പും വെറുപ്പും തോന്നി. തുടർന്നുള്ള ഓരോ രാപകലുകളും തിരകൾക്കിടയിലെ നുര പൂഴി മണ്ണിൽ തട്ടി ഇല്ലാതാവുന്നത്ര വേഗത്തിൽ അനാമികയ്ക്കു മുന്നിൽ അർത്ഥശുന്യമായി തീർന്നുകൊണ്ടിരുന്നു. അവളിലെ നിശബ്ദമായ ആ കുററബോധം അവൾക്കു തന്നെ അസഹ്യമായി തീർന്നു. അതാവാം മനുഷ്യ ജീവിതം അർത്ഥശൂന്യവും ദു:ഖത്തിന്റെ മാത്രം ഇരിപ്പിടവുമാണെന്ന അനാമികയ്ക്ക് തോന്നിയത്.

പിന്നീട് വായിക്കാനായി തെരഞ്ഞെടുത്ത പുസ്തകങ്ങളിൽ ഉൾപ്പെട്ടത് രാമായണം, ഭഗവത്ഗീത തുടങ്ങിയ പുസ്തകങ്ങൾ മാത്രമായി. മാധവിക്കുട്ടിയുടെ എന്റെ കഥ വായിക്കേണ്ട സമയം രാമായണവും ഭഗവത്ഗീതയും വായിക്കുന്ന നിനക്ക് എന്തോ കുഴപ്പമുണ്ടെന്ന് പറഞ്ഞ് കൂട്ടുകാർ കളിയാക്കി. പക്ഷെ അനാമിക ആ വാക്കുകളെ പാടെ അവഗണിച്ചു.

കുഴിയിലേക്ക് കാലെടുത്തു വയ്ക്കുമ്പോൾ മാത്രം ദൈവവിചാരം മതി എന്ന ജനങ്ങളുടെ തത്വത്തെ അനാമിക വെറുത്തു.

ഗീതയിലേയും രാമായണത്തിലേയും ഓരോരോവരിയും തനിക്കു നൽകുന്നത് നിത്യമായ ശാന്തിയാ= ണെന്ന് അനാമിക പെട്ടെന്നു തന്നെ തിരിച്ചറിഞ്ഞു.ആ സത്യം അറിഞ്ഞ ശേഷമാണ് അനാമിക സന്യാസമെന്ന പരിത്യാഗത്തെക്കുറിച്ച് കൂടുതൽ ചിന്തിച്ചത്.

ഏതായാലും തന്റെ ഈ ആഗ്രഹത്തെ ശ്രീധരൻ മാഷിനേട് പറയാം. അമ്പലവും യോഗാക്ലാസും പിന്നെ സാമൂഹ്യസേവനവുമായി കഴിയുന്ന മാഷിനോട് അനാമികയ്ക്കെന്നും ആദരവാണ് തോന്നിയിട്ടുള്ളത്. ഈ ലോകത്ത് ആരും ശ്രദ്ധിക്കാതെ തെളിയുന്ന നൻമയുടെ ഒര കുഞ്ഞു നക്ഷത്രമാണ് ശ്രീധരൻമാഷ്..സ്വർഗത്തിലൊരിടം മാഷിനായി ഈശ്വരൻ കരുതി വെച്ചിട്ടുണ്ടാവും. അതുറപ്പാണ്.ഈ കലിയുഗത്തിൽ കരുണ തീർത്തും വറ്റിയിട്ടില്ല എന്ന് അറിയുന്നത് മാഷിനെപോലുള്ള വ്യക്തികളെ കണ്ടിട്ടാണ്.ഈ ഭൂമിയിൽ നിന്നും എന്നെന്നേക്കുമായി നിലച്ചു പോയിക്കൊണ്ടിരിക്കുന്ന നന്മയെന്ന അവസാന വെള്ളച്ചാട്ടത്തിൽ നിന്നും തെറിച്ചു വീണ കുറച്ചു തുള്ളികളിൽ ഒന്നാണ് ശ്രീധരൻ മാഷിന്റെ മനസ്സ്.

അനാമിക കോൺടാക്റ്റ ലിസ്റ്റിൽ നിന്നും ശ്രീധരൻമാഷിന്റെ നമ്പറെടുത്ത് ഡയൽ ചെയ്തു.മൊബൈൽ റിംഗ് ഏചെയ്യുന്നുണ്ട്.

'നമസ്തേ.....എന്താ മോളേ.

'എനിക്ക് മാഷെ ഒന്ന് കാണണം' 'അതിനെന്താ നാളെ വൈകുന്നേരം ഞാൻ ശിവക്ഷേത്രത്തിലുണ്ടാവും'. ഞാൻ ഫോൺ വച്ചു. ഈ ഭൂമി മലയാളത്തിൽ ഫോൺ എടുത്താൽ ഹലോ എന്ന വാക്കിനു പകരം 'നമസ്തേ' എന്നു പറയുന്നത് മാഷ് മാത്രമായിരിക്കും.

വൈകുന്നേരം അമ്പലത്തിൽ നിന്നും തൊഴുതിറങ്ങി അനാമിക ശ്രീധരൻമാഷിനെ കാത്തു നിന്നു. നിമിഷനേരത്തെ കാത്തിരിപ്പിനുശേഷം മാഷ് വന്നു.

'വരൂ അവിടെ കുറച്ച് പരിപാടിയുണ്ട്. നടന്നു നീങ്ങുന്ന മാഷിന്റെ പിറകിലായി അനാമികയും നടന്നു. അമ്പലത്തിനടുത്തായി കെട്ടിയ ഓടിട്ട ഒരു വലിയ ഹാൾ അവിടെ മാഷും കൂട്ടരും ചേർന്ന് ആർക്കൊക്കെയോ കാശ്കൊടുക്കുകയാണ്. വാങ്ങാൻ വന്ന മനുഷ്യ രൂപങ്ങളെ അവളും നോക്കി.

ആദ്യം വന്നത് മെലിഞ്ഞ് 40 നോട് അടുത്ത് പ്രായം തോന്നിക്കുന്ന ഒരു സ്ത്രീയാണ്. സ്ത്രീയല്ല ഏറെക്കുറേ ഒരു സ്ത്രീരൂപം മാത്രമാണെന്ന് അനാമികയ്ക്ക് തോന്നി. അമ്മ പറമ്പിൽ നിന്നും അടുപ്പിൽ വെയ്ക്കാനെടുക്കുന്ന ഉണങ്ങി കോടിയ തേങ്ങ തൊണ്ടു പോലെ ഉണ്ടായിരുന്നു അവരുടെ രൂപം. തലയിൽ മുടിക്കു പകരമായി കുറച്ചു ചുരുണ്ട കറുത്ത നാരുകൾ മാത്രം. നരച്ച് നിറം മങ്ങിയ പാവാടയും ആ കോലത്തെ കണ്ടപ്പോൾ അനാമികയ്ക്ക് ഉള്ളിലെവിടെയോ ദേഹം വെന്ത നീറ്റലനുഭവപ്പെട്ടു. ഒരു നല്ല വസ്ത്രം പോലും മില്ലാതെ ജീവിക്കുന്ന ഇവരും 500ന് മുകളിലുള്ള സാരിയും ധരിച്ചു നിൽക്കുന്ന ഞാനും: എന്നിട്ടും നമ്മിലെ ആഗ്രഹങ്ങൾക്ക് അറുതിയില്ല ഈശ്വരാ....ഞാൻ ഈ കാണുന്നതും ദൈവത്തിന്റെ ഒരു സൃഷ്ടിയോ....

അനാമിക പിന്നെ മറ്റാരെയും നോക്കിയില്ല. ചടങ്ങ് കഴിഞ്ഞതിനു ശേഷം അനാമിക തന്റെ ആഗ്രഹം മാഷിനോട് പറഞ്ഞു.

'എന്താ അനാമികയ്ക്ക് ഇങ്ങനെ തോന്നാൻ'.

ഇങ്ങനെ ജിവിക്കുന്നതിലും ഭേദമല്ലേ മാഷേ......ഈശ്വരനാമം ഉരുവിട്ട ജീവിക്കുന്നത്. മാഷ് എനിക്കൊരു ആശ്രമത്തെ കാണിച്ചു തരൂ.....പകൽ ഞാൻ അവിടെ പോയി ഇരുന്നോട്ടേ.

ഒരു നിമിഷത്തെ മൗനത്തിനുശേഷം മാഷ 'സമ്മതം മൂളി.അടുത്ത ഞായറാഴ്ച നമുക്ക് ഒരാശ്രമത്തിൽ പോകാം. അവിടെയുള്ള സാമിയെ എനിക്ക് പരിചയമുണ്ട്.

ആ വാക്കുകളിലൂടെ സന്യാസത്തിന്റെ പടികളിലേക്കുള്ള ആദ്യ കാൽ വെപ്പിന്റെ ആരംഭം കുറിക്കപ്പെട്ടതായി അനാമികയ്ക്ക് തോന്നി.

ഞായറാഴ്ച മാഷിന്റെ കൂടെ ആശ്രമത്തിലേക്കുള്ള ബസ്സിൽ കയറി ഇരുന്നപ്പോൾ, മനസ്സിന് ഒരു ഭാരമില്ലായ്മ അനുഭവപ്പെട്ടു. എന്നോ പഴകിയ ഒരാഗ്രഹം ഇന്ന് സാധ്യമാവാൻ പറ്റുന്നതിന്റെ ആനന്ദമാവാം അതെന്ന് അനാമിക അറിഞ്ഞു. പണ്ട് 8ാം ക്ളാസ്സിൽ പഠിക്കുന്ന കാലത്താണ് മദർതെരേസയുടെ ജീവചരിത്രം തന്നെ വല്ലാതെ സ്വാധീനിച്ചത്. ഒരു പക്ഷെ അതായിരിക്കുമോ ഈ ആഗ്രഹത്തിനു പിന്നിൽ. പക്ഷെ ജീവിതത്തിന്റെ മലവെള്ള പാച്ചിലിടയ്ക്കെപ്പോഴോ ആ മോഹം തന്നിൽ നിന്നും ദൂരേയ്ക്ക് തെറിച്ചുപോയി. കാലങ്ങൾ വഴി മാറി തന്നപ്പോൾ വീണ്ടും ആ മോഹം തന്നിലേക്ക് തന്നെ തിരിച്ചെത്തുകയായിരുന്നി ല്ലേ.

'സാധുആശ്രമം എന്ന ബോർഡ് കണ്ട് മാഷ് അനാമികയോട് ഇറങ്ങാൻ പറഞ്ഞു. ഇരുമ്പ് ഗേറ്റ് തള്ളി തുറന്ന് അവർ അകത്തു കടന്നു.വെള്ള സാരിയുടുത്ത് നെറ്റിയിൽ കുങ്കുമപ്പൊട്ട് തൊട്ട് കഴുത്തിൽ രുദ്രാക്ഷമാലയണിഞ്ഞ് ഒരു പ്രായം ചെന്ന സ്ത്രീ ഞങ്ങളുടെ മുന്നിലേക്ക് വന്നു. ഒരു വേള അനാമിക അവളെ ആ സ്ത്രീയിൽ കാണാൻ ശ്രമിച്ചു.

സ്വാമിയുണ്ടോ? .
മാഷ് ആ സ്ത്രീയോട് ചോദിച്ചു.

ഉണ്ട്.അകത്തേക്ക് വരൂ.

അനാമിക നടക്കുന്നതിടയിൽ ചുറ്റുപാടും ഒന്ന് നോക്കി.കാവി തേച്ച മുറ്റം പൂച്ചെട്ടിയിൽ നിറയെ പൂക്കളില്ലാത്ത ചെടികൾ. പക്ഷേ എന്തോ ഒരു തരം നിശബ്ദത അവിടെ മുഴുവൻ നിറഞ്ഞിരുന്നു.

ഞങ്ങൾ അകത്തേക്കു കയറിചാരുകസേരയിൽ തലമുണ്ഡലം ചെയ്ത ഒരുകാഷായ വസ്ത്രധാരി ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ തലയ്ക്കു നേരെ മുകളിലായി ചുവരിലെ സ്റ്റാന്റിൽ ഒരു വലിയ ശ്രീകൃഷ്ണ പ്രതിമ കണ്ടു. ഒരുപാട് തടിച്ച് കഴുത്തിൽ രുദ്രാക്ഷ മാലയുള്ള ഇദ്ദേഹമായിരിക്കുമോ സ്വാമിജി....?.

മാഷ് കുനിഞ്ഞ് സ്വാമിയുടെ കാലിൽ തൊട്ട് അനുഗ്ര ഹം വാങ്ങി. ആദ്യമായ് വന്നതു കൊണ്ട് അനാമികയ്ക്ക് അതു പോലെ ചെയ്യാൻ തോന്നിയില്ല.

ഇരിക്കൂ മക്കളെ സ്വാമി ഞങ്ങളോടായി പറഞ്ഞു.

മാഷ് സ്വാമിയുടെ അടുത്തും ഞാനൽപ്പം ദൂരെയുമായിരുന്നു

സ്വാമി കണ്ണടച്ച്, വലതു കൈകൊണ്ട് തലതടവി അല്പ നേരം മൗനമായിരുന്നു. പിന്നെ കണ്ണുകൾ തുറന്നു.

പറയൂ മക്കളെ ഈ സാധു കേൾക്കാൻ ആഗ്രഹിക്കുന്നു. ചോദ്യം കേട്ടിട്ടും ഞാൻ മൗനം പാലിച്ചു.പക്ഷേ ശ്രീധരൻമാഷ് വന്ന കാര്യം സ്വാമിയെ അറിയിച്ചു.

നാരായണ നാരായണ നല്ലത് മക്കളെ സ്വാമിയുടെ അടുത്തേക്ക് ഇരിക്കൂ. സ്വാമി വീണ്ടും കണ്ണുകളടച്ച്.പിന്നെ,

എന്താ കുട്ടിയുടെ പേര്?

അനാമിക.

എന്താ കുട്ടിയുടെ നാള്? അവൾ നാളും പറഞ്ഞു.

എന്താ മോൾക്ക് സന്യാസ ജീവിതത്തോട് ഇത്രക്ക് താൽപ്പര്യം. തോന്നാൻ..സ്വാമി വീണ്ടും എന്റെ നേർക്ക് ചോദ്യം എറിഞ്ഞു.

എന്താണ് ഞാൻ പറയേണ്ടത് അനാമിക ചിന്തിച്ചു ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ....അതോ പാപഭാരത്തിന്റ കാഴ്ചയിൽ നിന്നുള്ള മുഖമൊളിപ്പിക്കലോ...? എന്തുപറയണം. എന്റെ ജീവിതത്തിന്റെ പൂർണ്ണത സന്യാസത്തിലാണെന്ന് തോന്നി. കാരണം കാലം കടന്നു ചെന്നപ്പോൾ ഒന്നിലും എനിക്കൊരു സ്വസ്ഥത കണ്ടെത്താൻ കഴിയുന്നില്ല. സുഖവും ദു:ഖവും ഋതുക്കളെപ്പോലെ മാറി മാറി വരുന്നു. എനിക്കു ചുറ്റുമുള്ള ഒന്നിലും ഞനെന്റെ മോക്ഷത്തെ കാണുന്നില്ല. എനിക്കെന്റെ മനസ്സിനെ ഈ മായയെന്ന സ്വപ്നാവസ്ഥയിൽ നിന്നും മോചിപ്പിച്ച് സുഷുപ്തിയിലേക്ക് എന്നെന്നേക്കുമായി ചേർക്കണം....മോചനവും ജനനമരണത്തിൽ നിന്നുള്ള പൂർണ്ണമുക്തിയും ഈശ്വരൻ പരബ്രഹ്മത്തിൽ നിന്നും മാത്രമേ ലഭിക്കുകയുള്ളു എന്ന് ഞാൻ മനസ്സിലാക്കുന്നു.

എങ്ങനെയൊക്കെയോ അനാമിക പറഞ്ഞൊപ്പിച്ചു.

എന്റെ കൃഷ്ണ...കൃഷ്ണ കൃഷ്ണ....സ്വാമിജി കൈ രണ്ടും മുകളിലേക്ക് ഉയർത്തി ചിരിച്ചു.

കുട്ടി, ഒരു ജ്ഞാനിയെപ്പോലെ സംസാരിക്കുന്നു.മോളുടെ ജന്മം സുകൃതം ചെയ്തജൻമമാണ്. അതാണ് മോളെകൊണ്ട് ഇങ്ങനെയെല്ലാം ചിന്തിപ്പിക്കുന്നത്.

പുറമെ തലയാട്ടി നിന്നെങ്കിലും മനസ്സിൽ തന്നെ വിശേഷിപ്പിച്ചു പറഞ്ഞ ആ വാക്കുകളെ അനാമിക പൂർണ്ണമായും നിഷേധിച്ചു.

'സ്വാമി ഈശ്വരനാണ്, ഭഗവാനാണ്, സാക്ഷാൽ കൃഷ്ണനാണ്'സ്വാമി സ്വയം പറഞ്ഞു.

മക്കളെ ഈ ലോകം മായയാണ്. നാം കാണുന്നതും കേൾക്കുന്നതും എല്ലാം; ഈശ്വരൻ മാത്രമാണ് സത്യം. കാരണം സത്യത്തിന് ഒരിക്കലും നാശം സംഭവിക്കുന്നില്ല. ആ സത്യത്തെ -അന്വേഷിക്കാനും അറിയാനും ആരും മുതിരുന്നില്ല. ജനങ്ങൾ ലൗകികസുഖങ്ങളിൽ മുഴുകയാണ്. കാമചിന്തകളിൽ കുരുങ്ങി കിടക്കുകയാണ് അവരുടെ മനസ്. അതിനായി അവർ ദൈവത്തെപ്പോലും വിസ്മരിക്കുന്നു. ഈ സുഖം കാക്ക കാഷ്ഠത്തേക്കാൾ കഷ്ടമല്ലേ മക്കളെ'.

സ്വാമിപറയുന്ന സത്സംഗത്തിലെ ഓരോ വാക്കുകളും തന്നിൽ പിഴുതു മാറ്റാനാവാത്ത തായ്വേരുകളായ് ആഴ്ന്നിറങ്ങുന്നത് അനാമിക അറിഞ്ഞു. ഉച്ച തിരിഞ്ഞ ശേഷം ഞാനും മാഷും അവിടെ നിന്ന് ഇറങ്ങാൻ തുടങ്ങി. 'കല്യാണിയമ്മേ ഇവർ പോവുകയാണ് 'സ്വാമി നേരത്തെ കണ്ട സ്ത്രീയോട് പറഞ്ഞു.

'കുട്ടി വെറുതെ ഇരിക്കുമ്പോൾ ആശ്രമത്തിലേക്ക് പോന്നോളൂ. ഇത് സാക്ഷാൽ വൈകുണ്ഢമാണ്'.സ്വാമി ഞങ്ങൾ ഇറങ്ങാൻ നേരം എന്നെനോക്കി പറഞ്ഞു.ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി.

അടുത്ത ദിവസം അനാമിക തനിച്ചാണ് ആശ്രമത്തിൽ എത്തിയത്.സ്വാമിജി അമ്പലത്തിലാണ്, ഇപ്പോൾ വരും കല്യാണിയമ്മ തുളസി ഇല പറിക്കുന്നതിനിടയിൽ പറഞ്ഞു.

സ്വാമിവന്ന് ചാരുകസേരയിൽ ഇരുന്നു. ഞാൻ നിലത്തും.

അനാമികയുടെ ഇഷ്ടദൈവം ആരാണ്?.

'ദുർഗാദേവി'ഞാൻ മറുപടി കൊടുത്തു.

'അതെന്താ കൃഷ്ണനല്ലാത്തത്' എനിക്ക് ഉത്തരമില്ലാത്തതിനാൽ ഞാൻ ചിരിച്ചു,.

മറ്റൊന്നും കൊണ്ട് പറയുകയാണെന്ന് വിചാരിക്കരുത. ഈ ചെറുപ്പക്കാരികളുമായുള്ള സംസർഗ്ഗം സന്യാസിമാർക്ക് ചേർന്നതല്ല.കാരണം സ്ത്രീകളുടെ സ്തനങ്ങളിലും നാഭി പ്രദേശത്തും മിഥ്യയുടേയും മായയുടേയും മോഹങ്ങളുടേയും ആവേശം മാത്രമാണുളളത.അതിൽ സന്യാസി വീഴരുത്. കുട്ടി എന്റെ അടുത്ത് വന്നതു കൊണ്ടല്ല ഞാൻ പറഞ്ഞത്. സ്വാമി ചെറുചിരിയോടെ ആ സംഭാഷണം മുറിച്ചു.

സ്ത്രീയുടെ സ്തനങ്ങളിലാണാ വാത്സല്യത്തിന്റെ പാലുമൃതുള്ളത്. അവളുടെ നാഭിക്കുള്ളിലാണ് ഈ പറയുന്ന സ്വാമിയേയും, അനേകം മനുഷ്യനേയും ഒന്നും പറ്റാതെസൂക്ഷിച്ച ഗർഭപാത്രമെന്ന സ്വർഗ്ഗീയ ഗുഹയുള്ളത്.എന്ന് ചങ്കൂറ്റത്തോടെ വിളിച്ചു പറയണം എന്ന ് ഉള്ളിലെ സ്ത്രീത്വം എന്നോട് പറയുന്നുണ്ടായിരുന്നു.പക്ഷേ തന്റെ വാക്കുകള കൊണ്ട് ആ ദിവ്യാത്മാവിനെ വേദനിപ്പിക്കേണ്ടെന്ന് അനാമിക കരുതി. അതൊക്കെ വിട്ടേക്കൂ സ്വാമി ചെറുചിരിയോടെ തന്നെ സംഭാഷണം പുനരാരംഭിച്ചു.

'ഞാൻ പറഞ്ഞത് പ്രലോഭനത്തെ മാത്രമാണ് കുട്ടിയെ പറ്റിയല്ല.

സ്വാമി എന്നിൽ നിന്നും ഒരു പ്രലോഭനവും സ്വാമിയ്ക്ക് ഉണ്ടാവില്ല. കാരണം ഈ ശരീരത്തെ മറ്റൊരാൾ ആകർഷിക്കും വിധത്തിൽ ഞാൻ കൂടുതലായി ഒന്നും ചെയ്യാറില്ല.

ശരി നമുക്ക് ആ കാര്യം വിടാം.ഞാൻ ചിരിച്ചു

ഈശ്വരൻ എവിടെയാണെന്ന് മോൾക്ക് വല്ല നിശ്ചയവുമുണ്ടോ? ഈശ്വരൻ ഇവിടെയാണ് സ്വാമി അദ്ദേഹത്തിന്റെ ഇടത് നെഞ്ചിൽ കൈ വച്ചു പറഞ്ഞു. ഓരോ മനുഷ്യന്റെയും ഹൃദയ ഗുഹയ്ക്കുള്ളിലാണ് ഈശ്വരനുള്ളത്. ബ്രഹ്മമാകുന്ന ഈ ശരീരത്തിൽ താമരപോലെ ഒരു ഗൃഹമുണ്ട്.. അത് ഹൃദയമാണ്. അതിനുള്ളിൽ അതിസൂക്ഷ്മമായ ആകാരമുണ്ട്. അതിൽ ഈശ്വരൻ സ്ഥിതി ചെയ്യുന്നു. സ്വാമി സംസാരം നിർത്തി. അനാമിക കണ്ണുമിഴിച്ച് ആദ്യാക്ഷരം പഠിക്കുന്ന കുട്ടിയുടെ ഭാവത്തിൽ അമ്പരപ്പോടെ എല്ലാം കേട്ടിരുന്നു.

'സ്വാമി ഒരു സന്യാസിയാവാൻ എന്താണ് ചെയ്യേണ്ടത് അനാമിക തനിക്കുള്ളിലെ ആഗ്രഹം ഉള്ളിൽ മാത്രമൊതുക്കാനാവാതെ ചോദിച്ചു.

ഒരു നിമിഷത്തെ ആലോചനയ്ക്കു ശേഷം സ്വാമി പറഞ്ഞു തുടങ്ങി.

'സന്യാസമെന്നാൽ പരിത്യാഗി എന്നാണർത്ഥം. എല്ലാം ഉപേക്ഷിക്കപ്പെട്ടവൻ, ഒരു വികാരത്തിനും അടിമപ്പെടാത്തവൻ, അയാൾ ഇന്ദ്രിയ നിഗ്രഹം കഴിഞ്ഞ ആളായിരിക്കണം. കാരണം ഒരു വികാരത്തിനും സ്വന്യാസിയെ കീഴ്പ്പെടുത്താൻ കഴിയരുത്. അത് തപസ്സിലൂടെ മാത്രമേ സിദ്ധിക്കൂ.എനിക്ക് ഒന്നിനോടും മോഹമില്ല. കാരണം ഞാൻ ഇന്ദ്രിയ നിഗ്രഹം കഴിഞ്ഞ വ്യക്തിയാണ്. അങ്ങനെ ആത്മിയകാര്യങ്ങളിലൂടെ ആശ്രമത്തിലെ ആ രാവും പകലും അസ്തമിച്ചുഅനാമിക യാത്ര പറഞ്ഞിറങ്ങി.

മൂന്നു ദിവസത്തിനു ശേഷമാണ് അനാമിക പിന്നെ ആശ്രമത്തിലെത്തിയത്.

'മോളെന്താ ഇത്ര ദിവസം വൈകിയത് .കാണാത്തപ്പോൾ ഞാൻ വല്ലാതെ വിഷമിച്ചു.സ്വാമി എന്നോടായി പറഞ്ഞു.

അനാമികചിരിച്ചതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല. സ്വാമിയിൽ നിന്ന് അനുഗ്രഹം വാങ്ങാനായി അനാമിക സ്വാമിയുടെ മുന്നിലായി മുട്ടുകുത്തിയിരുന്നു. സ്വാമി കൈ തലയിൽ വച്ച് എതോ മന്ത്രം ചൊല്ലി അനുഗ്രഹിച്ചു. ഞാൻ കണ്ണടച്ചിരുന്നു. ഏതോ ഒരു സുഗന്ധം ഞാനപ്പോൾ ആസ്വദിച്ചു.

'മോൾടെ മുഖത്ത് യാത്രാ ക്ഷീണമുണ്ട്.

ഒന്നുമുഖം കഴുകി ഇരുന്നോളൂ’.

ഞാൻ എഴുന്നേറ്റ് സോപ്പുപയോഗിച്ച് മുഖം കഴുകുമ്പോൾ നേരത്തെ സ്വാമിയുടെ അരികിലിരുന്നപ്പോൾ അനുഭവിച്ച അതേ ഗന്ധം അനാമികയ്ക്ക് അനുഭവപ്പെട്ടു. നേരത്തെ ആസ്വദിച്ച ആഗന്ധം ഈ സോപ്പിന്റെതാണോ. അവൾ സോപ്പിന്റെ കവർ നോക്കി. “നാൽപ്പാമര സോപ്പ്” അനാമിക പേര് വായിച്ചു തിരിച്ചു നടന്നു സ്വാമിയ്ക്കു മുന്നിലായി ഇരുന്നു സ്വാമി അന്നത്തെ സംഭാഷണം ആരംഭിച്ചത് പതിവിനു നേരെ വിപരീതമായിരുന്നു.

’മോൾക്ക് വിവാഹമൊന്നും വേണ്ടേ’.. ’എനിക്ക് താൽപ്പര്യമില്ല. ‘അവൾ പറഞ്ഞു.

അതെന്താ സ്വാമി ചോദ്യം ആവർത്തിച്ചു.

ബാല്യത്തിൽ നിന്നും നേരെ വാർദ്ധക്യത്തിലേക്ക് ചാടാനാണ് എനിക്കിഷ്ടം. കൗമാരവും യൗവ്വനവും എനിക്ക് കൂരിരുളിൽ തനിച്ചാകുന്ന പോലെയുള്ള ഭയമാണ്.

കുട്ടി തീർത്തും വ്യത്യസ്തയായിക്കുന്നു. സ്വാമി പുഞ്ചിരിച്ചു.

‘എങ്കിൽ എന്നെ അങ്ങയുടെ ശിഷ്യയായി സ്വീകരിച്ചു കൂടെ.’

നാരായണ.. നാരായണ,’ എനിക്ക് സന്തോഷമായി

പക്ഷേ സന്യാസത്തിൽ പല പ്രലോഭനങ്ങളും നേരിടേണ്ടി വരും കുട്ടിക്കതിനെയെല്ലാം അതിജീവിക്കാൻ.കഴിയുമോ...?

കഴിയും അവൾ ഉറപ്പോടെ പറഞ്ഞു.

സ്വാമിജി വീണ്ടും സംഭാഷണം തുടർന്നു.

ഞാൻ തപസ്സ് അനുഷ്ഠിക്കാൻ പോയ കാലത്ത് പല യുവതികളും എന്നോട് ഇതേചോദ്യം ചോദിച്ചിട്ടുണ്ട്.പക്ഷെ ഞാൻ സമ്മതിച്ചില്ല.

ലൗകിക കാര്യങ്ങൾ പറയുന്നതും കേൾക്കുന്നതും ഒരു സന്യാസിക്ക് നിഷിദ്ധമാണ്.പക്ഷേ കുട്ടിയോടായതുകൊണ്ട് മാത്രം പറയുകയാണ്.

ഒരിക്കൽ ഒരു യുവതി എന്നോടു പറഞ്ഞു "I want a child from you.'

ഈശ്വരാ ഈ സ്വാമിജി എന്താണ് പറഞ്ഞുവരുന്നത്. അനാമികയുടെ ഉള്ളൊന്നു കാളി. അപ്പോഴേയ്ക്കും കല്യാണിയമ്മവന്നതിനാൽ ആ സംഭാഷണം നിലച്ചു. ഭാഗ്യമെന്ന് ഞാനും കരുതി. സ്വാമി എന്തോ ആവശ്യത്തിനായി കല്യാണിയമമയുടെ കൂടെ പുറത്തേക്ക് പോയി. അല്പ സമയത്തിനു ശേഷം അദ്ദേഹം തിരിച്ചു വന്നു.

സ്വാമിയെ കാണുമ്പോൾ മോൾക്ക് എന്തെങ്കിലും പ്രത്യേകത തോന്നുന്നുണ്ടോ. ശരീരത്തിന് എന്തെങ്കിലും തേജസ്സ്.

ഇല്ല എന്നേ അവൾക്ക് പറയാൻ സാധിക്കൂ. അമ്പലവും ആശ്രമവും വൈകുണ്ഡമാണെന്ന് കരുതി പരിപാലിച്ചു നടക്കുന്ന കല്യാണിയമ്മയുടെ മുഖത്തുള്ള തേജസ്സും ചൈതന്യവും സ്വാമിയുടെ മുഖത്തില്ലായിരുന്നു. എങ്കിലും കള്ളം പറഞ്ഞു. ഉണ്ട് ഒരു ചൈതന്യം ദർശിക്കാൻ കഴിയുന്നുണ്ട്. ആസന്തോഷത്തിലാവാം സ്വാമി പറഞ്ഞു ഞാൻ കുട്ടിയെ എന്റെ ശിഷ്യയായി സ്വീകരിച്ചു . സ്വാമി സംഭാഷണം തുടർന്നു.

“ഒരു സന്യസിയാവുക എന്നാൽ ഈശ്വരനിൽ സമ്പൂർണ്ണ സമർപ്പണം വേണം. ദൈവത്തിനോടള്ള സ്നേഹം നിസ്സീമമായിരിക്കണം. ദൈവവും നമ്മളും തമ്മിൽ ഒന്നിലും ഒരു അ കലവും ഉണ്ടാവരുത്. അനാമിക ഇനുയെന്റെ ശിഷ്യയായി. ഞാൻ സാക്ഷാൽ കൃഷ്ണനാണ്. ഈശ്വരനനാണ്. കുട്ടിയോട് ഒരു കാര്യം ചോദിച്ചോട്ടെ. ഞാൻ അതെ എന്ന അർത്ഥത്തിൽ തലയാട്ടി.

മോളിനി സ്വാമിജിയോട് എന്തു ചോദിച്ചാലും സ്വാമി തരും.അതുപോലെ സ്വാമി മോളോട് എന്തു ചേദിച്ചാലും മോള് തരുമോ.....? ആലോചിച്ചു വേണം മറുപടി പറയാൻ.

‘തരും’ സന്യാസജീവിതത്തിലെ കളങ്കമറിയാതെ അനാമിക ഉത്തരം പറഞ്ഞു.

അങ്ങനെയെങ്കിൽ എനിക്ക് കുട്ടിയുടെ ശരീരത്തോട് ആഗ്രഹം തോന്നിയാൽ; സ്വാമിക്ക് വേണമെന്നല്ല എന്നെങ്കിലും അങ്ങനെ തോന്നിയാൽ അനാമിക അതിനു സമ്മതിക്കുമോ.

സ്വാമിജിയുടെ ആ ചോദ്യം ഒരു വാളുപോലെ അവളിൽ തറച്ചു. ആലോചിക്കാനൊന്നുമില്ലായിരുന്നു. “ഇല്ല” പെട്ടെന്നായിരുന്നു മറുപടി. ഒരു ശിലപോലെ താൻ നിശ്ചലമാകുന്നത് അവളറിഞ്ഞു. അവളുടെ കണ്ണിൽ സങ്കടവവും ഇരുട്ടും ഒരുപോലെ ഇടകലർന്നു. ഇത്രയും നാൾ ദിവ്യാത്മാവെന്നു കരുതിയ ഇദ്ദേഹത്തെ അപ്രിയവാക്കുകൾ കൊണ്ട് മുറിപ്പെടുത്തുന്നതെങ്ങനെ?

സ്വാമി വീണ്ടും ചോദ്യം ആവർത്തിക്കുകയാണ്. ഈശ്വരനുമുന്നിൽ സമ്പൂർണ്ണ സമർപ്പണമെന്ന് പറയുമ്പോൾ....

സ്വാമി ഈശ്വരനോട് ഒരാൾക്ക് പ്രേമമേ തോന്നൂ. കാമം തോന്നില്ല.

എന്റെ ആ മറുപടി സ്വാാമിയുടെ സംഭാഷണം പൂർത്തീകരിക്കാൻ സമ്മതിച്ചില്ല.

കുട്ടി ബുദ്ധിപൂർവ്വം മറുപടി പറയുന്നു. പക്ഷേ എനിക്ക് പൂർണ്ണമായ മറുപടികിട്ടിയില്ല. എന്തുകൊണ്ടാണ് ആ ഒരു കാര്യത്തോട് മാത്രം.

സ്വാമി പറഞ്ഞകാര്യത്തെപറ്റി ആലോചിച്ചപ്പോൾ അനാമികയ്ക്ക് നഗ്നമായ തന്റെ ശരീരത്തിലൂടെ മഞ്ഞചേര ഇഴയും പോലെ തോന്നി. എങ്കിലും ഞാൻ പറഞ്ഞു.

സ്വാമിയല്ലേ പറഞ്ഞത് ഇത് പാപമാണെന്ന്.

ഇല്ല ഒരിക്കലും അതാരു പാപമല്ല. ശരീരത്തിന്റെ ആവശ്യത്തിനു വേണ്ടി മാത്രമാകുമ്പോൾ അത് പാപമാകുന്നില്ല. ഇനി സംസാരിക്കാൻ അവൾക്ക് കഴിയുംമായിരുന്നില്ല. നാവ് ഒരു ശവശരീരത്തെപ്പോലെ അവളുടെ വായിൽ നിശ്ചലമായി കിടന്നു.

എനിക്ക് വീണ്ടും തെറ്റു പറ്റിയിരിക്കുന്നു. പിന്നീടുള്ള എന്റെ മൗനം കണ്ടിട്ടാവാം സ്വാമി എന്നെ ആശ്വസിപ്പിച്ചു.

കുട്ടി പേടിക്കേണ്ട, കുട്ടിക്ക് ഇഷ്ടമില്ലെങ്കിൽ വേണ്ട. കുട്ടി ഇനിയും ആശ്രമത്തിലേക്ക് വരണം.

അനാമികയ്ക്ക് തന്റെ ചെവി രണ്ടും പൊത്തി അവിടെ നിന്നും എന്നെന്നേക്കുമായി ഓടി രക്ഷപ്പെടണമെന്നു തോന്നി.

ഇനി സന്യാസത്തെക്കുറിച്ച് കൂടുതലെന്തെങ്കിലും അിറയാനുണ്ടോ...മടിക്കാതെ ചോദിച്ചോളൂ. ഞാൻ ഉത്തരം നൽകാം.കാരണം, സ്വാമി ഭഗവാനാണ്.

സ്വാമി എനിക്കെന്തോ ഒരു തലവേദന അൽപം കിടക്കണം. ഞാൻ നാളെ വരാം. അവൾ യാത്ര പറഞ്ഞു.

മരച്ചില്ലയിൽ നിന്നും വീണ പഴുത്ത ഇലപോലെ എല്ലാം നഷ്ടപ്പെട്ട ഒരു തിരിച്ച് പോക്ക്. അനാമിക നടന്നു. കാലുകൾ നിലത്തുറയ്ക്കാത്ത രിതിയിൽ.

വീട്ടിലെത്തി കുളിമുറിയിൽ കയറി അനാമിക വാതിലടച്ചു. ദേഹമെങ്കിലും ഇത്തിരി തണുക്കട്ടെ. സോപ്പുപെട്ടിയിൽ അലിഞ്ഞു തീരാറായ ആ പഴയ സോപ്പിനു പകരം പുതിയ ഒന്ന് സ്ഥാനം പിടിച്ചിട്ടുണ്ട്. അനാമിക സോപ്പെടുത്തി പതപ്പിച്ചു. പരിചയമുള്ളഗന്ധം. അനാമിക ഒന്നുകൂടി മണത്തു. അതെ സ്വാമിയുടെശരീരത്തിന്റെ ഗന്ധം. നാൽപ്പാരസോപ്പ്. അവൾക്ക് ഓക്കാനം വന്നു .ദേഹത്ത് വെള്ളമൊഴിച്ച് കുളിമിറി വിട്ടുറങ്ങിയ അവൾ ആ സോപ്പ് ദൂരത്തേയ്ക്ക് വലിച്ചെറിഞ്ഞു....!

■

LENSMAN VINOD ROHINI
PHOTOGRAPHY

ROHINI Fotofast

Raj building, Near KSRTC,
Mavoor Road, Calicut
Ph: (0495) 2725896, Resi: 2381190
Mob: 9847 44 58 96, 9744 95 58 96

Branch:
EAST HILL JUNCTION,
KOZHIKODE- 5. Ph: 2385369

PORTFOLIO - MODELLING -
INDUSTRIAL-

U.S. ENTERPRISES

Stationary, Mobile Recharge,
Internet & Cool Bar
ഒളവണ്ണ, കൊടിനാട്ട്മുക്ക്,
കോഴിക്കോട്.
ഫോൺ: 9895975162



ശ്രീവിനായക
ഇലക്ട്രിക്കൽസ്

D-No. 18/577, തളി, കോഴിക്കോട് - 673 002
ക്ലാസ് ബി, ഇലക്ട്രിക്കൽ കോൺട്രാക്ടർ



ഇലക്ട്രിക് സംബന്ധമായ
എല്ലാവിധ പ്രവൃത്തികളും ഏറ്റെടുത്തു
നടത്തുന്ന കോഴിക്കോട്ടെ ഗവൺമെന്റ്
അംഗീകൃത ലൈസൻസുള്ള
സ്ഥാപനം.

Ph: 0495 2701228, 9846386990



* Silk - Designer Sarees
* Churidar Materials
* Kids Wears
* Mens Wears
* Night Wears
* Other Textile Items

NAKSHATRA
SILKS & SAREES

P S C Bank Building Pantheerankave
Mob : 9400931425

ശ്രീലക്ഷ്മി കാർഡ്സ്

വിവാഹ ക്ഷണക്കത്തുകൾ
ഹോൾസെയിൽ & റീട്ടെയിൽ

സുകൃതീന്ദ്ര കല്യാണമണ്ഡപത്തിനു പിറകുവശം
കമ്മത്ത്ലൈൻ, കോഴിക്കോട്
ഫോൺ: 9895869409, 0495 2701385

പരിശുദ്ധമായ
ഉഴുന്നുമാവിൽ
തയ്യാർ ചെയ്ത ശാസ്താപപ്പടം
(കുടിൽവ്യവസായം)
കാവിൽതാഴം, കോഴിക്കോട്
ഫോൺ :
മോഹനൻ - 9895214370

അതുൽ ഫൂട്ട്വേർ

കാളൂർ റോഡ്, കോഴിക്കോട് - 7
ഫോൺ : 9895248453

KINETIC WORLD

Manolody complex, Mankave,
Calicut - 673007
Harris Mob : 9895806484

നോവലറ്റ്

# വേരുകൾ തേടുന്നവന്റെ വഴി



മഞ്ഞപ്ര ഉണ്ണികൃഷ്ണൻ

(മുൻലക്കം തുടർച്ച)

എന്നും ----

മതി - ഇന്നായെന്നുകൾ എവിടെയോ മറഞ്ഞുപോയോ? എനിക്ക് തേരുകളില്ല. എന്റെ പല്ലക്ക് സ്വപ്നാടനങ്ങളിലെ യാത്രയാണ്. ഇന്നലെ താരയെ കണ്ടപ്പോഴും അനുസ്യൂതമായ എന്തോ വീർപ്പുമുട്ടലുകളായിരുന്നു, സംസാരിക്കാൻ, വികാരം പങ്കുവയ്ക്കാൻ.

ഏന്തോ പൊന്തൻകാട്ടിലേക്കിഴഞ്ഞു കേറുന്ന പാമ്പിനെപ്പോലെ പല വിചാരങ്ങളും ഇഴഞ്ഞു.

എല്ലാം മറക്കുക - ക്ഷമിക്കുക. വിട്ടുവീഴ്ചയാണല്ലോ ആവശ്യം. ശരിയാണ്. വികാരതലത്തിലെ വിജൃംഭിത നിമിഷങ്ങളെ കടിഞ്ഞാണിടുക.

അവിടെയും അവസാനിക്കാതെ.

നമുക്കിന്ന് സിനിമ കാണാൻ പോകാം.

പോകാൻ പറ്റില്ലെന്ന് വിചാരിച്ചിട്ടും കഴിഞ്ഞില്ലല്ലോ?

സിനിമയിലെ കഥയും നമ്മുടെ ജീവിതവും തമ്മിലുള്ള സാമ്യത്തെ കുറിച്ചായി സംഭാഷണം. സിനിമയിലെ നായികയെ അവൾ ന്യായീകരിച്ചപ്പോൾ നായകനെ ന്യായീകരിക്കുകയായിരുന്നു, ഞാൻ.

വർഷകാലത്തിന്റെ ഇടവേളകളിൽ പൊടുന്നനെ പെയ്തുതീർന്ന രാത്രിമഴയുടെ തേക്കങ്ങളിലുറക്കം
നഷ്ടപ്പെടുമ്പോഴും, പതഞ്ഞുയരുന്ന ഓർമ്മകൾ.

സ്നേഹം എത്ര ആർദ്രമാണ്.

സ്വപ്നാടനം നടത്തുന്ന മനസ്സിലെവിടെയോ പൊട്ടിപ്പറക്കുന്ന പഞ്ഞിക്കായ്കൾ പോലെ ചിന്തകൾ അലഞ്ഞു. ഉദയാസ്തമനങ്ങളുടെ നൈതിക പ്രഭാവത്തെ പുച്ഛത്തോടെ നോക്കാനാകുമ്പോൾ ഇന്നലെകളെ മറന്നുവയ്ക്കാൻ കഴിയില്ലല്ലോ? കോളേജ് ക്ലാസിലെ വിശേഷങ്ങളിലേക്ക് കടക്കുമ്പോൾ,

താനേതോ അസ്വാസ്ഥ്യം കടമെടുക്കുകയായിരുന്നു. എന്നിട്ടും കണ്ടുമുട്ടിയത് അതുതന്നെ. എന്തിനാണ് താനിങ്ങനെ അസ്വസ്ഥനാവുന്നത്? എന്തിനാണെന്നയാൾക്കറിയില്ല.

താര നീയെനിക്ക് ബലഹീനതയായിപ്പോയി. കനത്ത ഭീകരതകളിൽ പ്പോലും ഞെട്ടാനാവാത്ത തന്റെ ഹൃദയത്തിൽ വെള്ളിടികൾ മുഴങ്ങുന്നു.

ഈ തോരണങ്ങൾ നിലനിന്നുകൊള്ളട്ടെ!

താനിവിടെയും പരിചയപ്പെട്ടത് താരയെയാണ്. വൈവാഹികജീവിതത്തിന്റെ സ്വപ്നങ്ങളിൽ കറുത്ത പാടുകൾ വീണ താര എന്ന പെൺകുട്ടി.

നിന്നെ ഞാനെങ്ങനെ കണ്ടിരുന്നുവോ, എന്നും അങ്ങനെ തന്നെ. പിന്നീട് എന്റെ പുതിയ സൂഹൃത്തിനെ വെറും സുഹൃത്തായി കാണാൻ കഴിഞ്ഞില്ല. തന്റെ അനിയത്തിയുടെ ഭർത്താവായി - ഞാൻ കാണുമ്പോൾ അന്യതാബാധം എന്നിൽ അകന്നിരുന്നു.



എന്നും -- എന്തും സംസാരിക്കാനും, ജീവിതത്തിന്റെ ഓരോ പ്രശ്നങ്ങളിലും പങ്കുചേരാനും തുടങ്ങി. പിന്നീട് ഇടക്കുവെച്ച് മുറിഞ്ഞുപോകുന്ന സങ്കലപങ്ങളെ ഭയന്ന് നിദ്രയുടെ അധോമണ്ഡലത്തിൽ മയങ്ങുമ്പോഴും അടുത്ത ദിവസം ഉദിക്കാനുണരുന്ന സൂര്യനന്റെ തിളക്കത്തെ കുറിച്ചായിരുന്നു. ചിന്തിച്ചത്.

വൈകുന്നേരങ്ങളിൽ, രാത്രികളിൽ അവൾ തന്നെ ഭക്ഷണത്തിന്റെ രുചി---

സാന്ത്വനത്തിന്റെ നൈമേഷങ്ങളിലും രാത്രികൾ രാപ്പാടിയെ മറന്നുപോയതുപോലും ഞങ്ങളറിഞ്ഞില്ല. ഓർമ്മകൾ പങ്കുവയ്ക്കാൻ എന്തു സുഖമായിരുന്നു.

എന്റെ ചരിത്രത്തിലായിരുന്നോ നീ ഇര തേടിയത്? എന്റെ ചരിത്രം ശ്മശാനത്തിന്റെ ചരിത്രമാണെന്ന അറിവ് നിനക്കുണ്ടാവാൻ തരമില്ല. പകലിന്റെ വാർദ്ധക്യത്തിൽജനിച്ച സന്ധ്യയെപ്പോലെ ജന്മനാ വൃദ്ധനാവുകയായിരുന്നോ ഞാൻ.

എനിക്കു തേടേണ്ട വഴി. ഈ ദശാസന്ധിയിലെനിക്ക് കൈമോശം വരുമെന്നൂഹിക്കാൻ കഴിഞ്ഞില്ല. നാളുകളെക്കുറിച്ച് ഭയപ്പെടുന്നുണ്ടായിരുന്നില്ല. പിന്നീട് എത്ര നാൾക്കുശേഷം?

ഞാൻ വിവാഹിതനാവുമ്പോൾ എന്റെ അനിയത്തിയുടെ താല്പര്യങ്ങളിൽ എത്രമാത്രം പങ്കുകൊണ്ടു.

അന്നവൾ പറഞ്ഞതെല്ലാം സ്വപ്നത്തിലേയ്ക്കൊഴുകുന്ന നദി പോലെ. പിന്നീട് കണ്ടപ്പോഴും ഞാൻ ചോദിച്ചു. ഇപ്പോഴെങ്ങിനിരിക്കുന്നു? ഇപ്പോഴും താനേതോ പാരമൃതയിലാണെന്നവൾ ഊഹിച്ചു. നിനക്കറിയോ താരേ? എന്റെ സ്വപ്നങ്ങളെക്കുറച്ച്? ആർക്കാണ് സ്വന്തം സ്വപ്നങ്ങളെക്കൂറിച്ച് അറിയാതിരിക്കാനാവുക?

പുറത്തു പെയ്യുന്ന മഴയെ ഉണർന്ന ശബ്ദങ്ങളെപ്പോലും മറന്നു വെച്ചു സംസാരിക്കാൻ തുടങ്ങിയപ്പോൾ വീണ്ടും താൻ ചോദിച്ചു. ഇനിയും നാം പിരിയേണ്ടി വരുമോ?

ഇല്ല! ഒരിക്കലും !

ഇപ്പോൾ അങ്ങനെയൊക്കെപ്പറയും. കുറെ കഴിയുമ്പോൾ കാലത്തിന്റെ അതിർവരമ്പിൽ അതിനു നിനക്ക് കഴിയോ കുട്ടീ!

സംശയം

ങ്ങാ നമുക്കൊരുമിച്ച് മരിക്കാം.

അതേ – താനെന്നും മരണത്തിന്റെ അന്വേഷകനായിരുന്നു.

പക്ഷേ, അനിയത്തീ നിന്റെ ഈ വാക്കുകളാണ് എന്നെ പിന്തിരിപ്പിച്ചത്.

നാമമാത്രമായ ഈ സ്വാർത്ഥതയുടെ വികലതകൾ നമുക്ക് വേണ്ട!

പരീക്ഷയുടെ നാളുകൾ. അമ്പലത്തിൽ ഉത്സവം. യാത്രയുടെ അവസാനത്തിലെ ആലസ്യത്തോടെ സ്വപ്നങ്ങളുടെ മറഞ്ഞു മായലുകൾ കണ്ടു. നാളെകളുടെ ഉദയം കാത്തുകൊണ്ടേയിരുന്നു. അങ്ങനെ പരീക്ഷയെത്തി. ജലപ്പരപ്പിൽ മഷി വീണു പടർന്ന മറ്റൊരു നിമിഷം. സ്നേഹത്തിന്റെ മുഖവുരയ്ക്കുവേണ്ടി കാത്തുനില്ക്കാൻ കഴിയില്ലെന്നറിഞ്ഞിട്ടും യാമങ്ങളിൽ പൊട്ടിപടരുന്ന ഈ അസ്വസ്ഥത പങ്കു വയ്ക്കാൻ അസ്വസ്ഥതയുടെ ഇരുട്ടറയ്ക്കുള്ളിൽ – വീണ്ടും കട്ടിയാവുന്ന മനസ്സ്.

ഉറങ്ങുമ്പോൾ ഉയരത്തിൽ ചിതറി വീഴുന്ന രശ്മികളിൽ നിഴലുകൾ വീഴുന്നതും നോക്കി –

തകർന്ന ഹൃദയത്തിന്റെ തേങ്ങലിൽ ഇതൾ വിരിയുന്നുണ്ടായിരുന്നു

പ്രഭാതത്തെ ഓർക്കുമ്പോൾ

മൃത എന്ന പെൺകുട്ടിയെ ഓർമ്മയിൽ വലിച്ചിഴയ്ക്കപ്പെടുന്ന ദുർനിമിഷത്തിന്റെ ഭാരം. ആരായിരിക്കും. അവൾ. തെങ്ങോലകൾക്ക് വിടവിൽ പടരുന്ന സൗരകണങ്ങളിൽ ആ കണ്ണുകൾ തിളങ്ങിയിരുന്നു. സ്വപ്നങ്ങൾ ഇതൾവിരിക്കുന്ന പെൺകുട്ടി. നീയെന്റെ അനിയത്തിയെ അറിയുമോ അവോ? അതേ. മൃത നീയെന്നെ തന്നെ അറിയില്ലായിരിക്കും. നീയെന്നിലെ കവിയെ കണ്ടെത്താനാണൊ ശ്രമിക്കുന്നത്? വേലിയേറ്റങ്ങളും ഇറക്കങ്ങളും പോലെ, എന്റെ അസ്വസ്ഥതക്ക് കൂട്ടിരിക്കാൻ നിനക്ക് കഴിയുമോ മൃത. ഓർമ്മയിലെവിടെയോ മുട്ടിത്തകരുന്ന ബിംബങ്ങളിൽ നീ വേറിട്ടു നിൽക്കയാണോ? എനിക്കജ്ഞാതമായ ആ ബ്രഹ്മമുഹൂർത്തങ്ങളെ കൂട്ടിയിണക്കാൻ, ഇനി ആർക്കാണ് കഴിയുക? പൂർണ്ണാനദിയിലൂടെ, ഏറ്റിറക്കങ്ങളുടെ ദ്രുതതാളമായി. ജലബിന്ദുക്കളായി ഏകാത്മാവ് ഒഴുകി നടന്നിട്ടുണ്ടാകാം.

പിറ്റേ ദിവസവും വെയിൽ നാളങ്ങൾ നാവു നീട്ടുന്ന മുറിക്കുള്ളിലെ അകന്ന ജനൽപാളികളുടെ വിടവിലൂടെ നില്ക്കുന്ന പൂക്കളെ കണ്ടപ്പോൾ

ഇല്ല താൻ മരണപ്പെട്ടിട്ടില്ലെന്ന ബോധം അയാളിൽ ഉയർന്നു. താളവലയത്തിലേക്കിറങ്ങുന്ന പാദങ്ങളും തേടി പിറ്റേന്നും താരയെ കണ്ടു. അന്നും സംസാരം തുടങ്ങുവാൻ കാത്തുനില്ക്കുന്ന നിമിഷങ്ങൾക്കു മുമ്പേ, പിന്നെ ഉച്ചയുടെ കനത്ത വെയിൽ മഞ്ഞവിരിച്ചു തുടങ്ങുമ്പോഴേക്കും ഊണു തയ്യാറായിരുന്നു.

എന്തൊരുസൗഖ്യം.

എല്ലാ വൈകുന്നേരങ്ങളും കാറ്റെത്തുന്നതിനുമുമ്പേ കണ്ടുമുട്ടുക പതിവാക്കുന്നു.

നിങ്ങൾ രണ്ടുപേരും പോവാണോ? എന്തീ മിതുവേട്ടനും പോരുന്നോ?

വരണമെന്ന് ആഗ്രഹമില്ലാഞ്ഞിട്ടല്ല, പിന്നെ,–––

എന്നും വരണമെന്നാണ് ആഗ്രഹിക്കാറ്. പക്ഷേ – എന്തോ അയാൾക്ക് എന്താണ് പറയേണ്ടതെന്നറിയില്ലായിരുന്നു. പലപ്പോഴും പോകണമെന്ന് കരുതിയിട്ടും കഴിഞ്ഞില്ല. ഒഴിവാക്കാവുന്ന കാര്യങ്ങളല്ല ഉണ്ടായിരുന്നത്. എന്നലും അതെല്ലാം വേണ്ടെന്നുവച്ച് അവിടെ ചെന്നാൽ അസ്വാസ്ഥ്യം വർദ്ധിക്കയേയുള്ളു. നിർനിമേഷത്തിലെ ഭാവനകൾ ചിറകുവിടർത്തുകയായി.

മൃത എന്ന പെൺകുട്ടിയെ തേടിയുള്ള താര്. യാത്രയിൽ കണ്ടുമുട്ടുന്നവരിൽ സുഹൃത്തുക്കൾ. ഇന്നാരാണ് സുഹൃത്തായി ഉണ്ടായിരിക്കുക . ഇന്ന് ഇവരുടെ കൂടേ തന്നെ പോയ അയാൾ ചിന്തിക്കാതിരുന്നില്ല – അവരുടെ വീട്ടിലെത്തിയാൽ തന്നെകുറിച്ച് എന്താണ് വിചാരിക്കുക. മാത്രമല്ല. തനിക്കപ്രാപ്യമായ ബന്ധുത്വത്തിനുള്ള വഴികളിൽ കീറാമുട്ടികളായി ഒരു നൂറ് പ്രശ്നങ്ങൾ. ഇല്ല. താരെ. ഇന്നില്ല, മറ്റോരു ദിവസമാകാം.

അതേ – മിതുവേട്ടനെന്നും ഇതുതന്നെയാ. എന്നു വിളിച്ചാലും എന്തെങ്കിലും പറഞ്ഞൊഴിയണം. വരില്ലെങ്കിൽ വേണ്ട. ഞങ്ങൾ പോവാണ്.

അയാൾ മറ്റൊന്നാണ് ചിന്തിച്ചത് – നിങ്ങൾക്ക് വീടുണ്ട്. അച്ഛനുമമ്മയും മറ്റെല്ലാവരുമുണ്ട് മറിച്ച് തനിക്കോ – അപക്വമായ, അനന്തതയിൽ അലയുന്ന ഈ ദുഃഖം മാത്രം.

അസ്വസ്ഥത – എന്താണതിനു കാരണം. സ്വയം പങ്കുവയ്ക്കാൻ കഴിയാത്ത ഈ അവാച്യാവസ്ഥയെ ആരാണ് വിശകലനം ചെയ്യാൻ തയ്യാറാവുക.

മൃത നീയെന്നാണ് എത്തിചേരുക. അയാൾ മനസ്സമാധാനിക്കാൻ നിശ്ചയിച്ചുറച്ചപോലെ. എന്റെ അനിയത്തിയെ സഹായിക്കാൻ. എന്റെ സുഹൃത്തിനെ സന്തോഷിപ്പിക്കാൻ എന്നിലെ കവിത്വം ഞരമ്പ് പൊട്ടിയൊഴുകി – ഓരോ നീരൊലിപ്പാടും നീണ്ടപൂഴകളായി മാറി – ഇരമ്പി കയറുന്ന കടലലകളിൽ ആഴം കാണാൻ നീല ചിറക് കൂഴഞ്ഞ, വീഴുന്ന പക്ഷിയുടെ അന്ധാളിപ്പിൽ, അയാൾക്ക് പുനർജനിക്കാനാവുമോ? ഇരുട്ടിൽ അവ ശ്യാമശ്രുതിയായി പരന്നു.

നിദ്രയിൽ പൂക്കൂന്നൊരു സ്മേരത്തിനിതളായ്

ആർദ്രമായാവർത്തനങ്ങളിൽ സ്വപ്നങ്ങൾ

കീറിമുറിക്കാനെന്നെയുണർത്തുവാൻ പിന്നെയുറക്കുകെൻ ഓർമ്മകൾ തേങ്ങി – ഞെട്ടിയെഴുന്നേൽക്കുമ്പോൾ ഇതളുകൾ മുറിഞ്ഞുവീണ പൂച്ചെടി പോലെ ഹൃദയം വരണ്ടു.

ഇന്നലെയിൽ നിന്നും ഇന്നിലേക്കെന്റെ പാത ജേക്കബിൽ നിന്നും അകന്നിരുന്നതായി അറിഞ്ഞു. ജേക്കബ് തനിക്കാരായിരുന്നു. സൗഹൃദത്തിന്റെ തേങ്ങലുകൾ. ജേക്കബ് നിനക്ക് മനസ്സിലാവാതെ പോകുന്നത് എന്തായിരുന്നുവോ അതായിരുന്നല്ലേ? താൻ.

നാളെയും താരയെ കാണും. എത്രനാളിങ്ങനെ എവിടെയോ വിഘാതത്തിന്റെ കരിമ്പാറകൾ പതിക്കുന്നുണ്ടായിരുന്നു. അങ്ങനെ നാളുകളിഴഞ്ഞു നീങ്ങി. പിന്നെയും കണ്ടു

## GLAMOUR GREEN MARKETING

*Naluparambil Complex*
*Mankave, Calicut - 7*

*Pants, Geans, Shirt, T-Shirts etc....*

## India's No - 1 AKSHAYA WATER PROOFING



29/851, Kottoli, Mavoor Road,
Kozhikode - 673016
*Mob : P.P. Pradeep - 9447312616, 9037940457*

## Universal College

MANKAVE, CALICUT - 7
*Classer for: Spoken English, Computer & Accountancy*
Contact No: 9387524341, 9895647906

## SURPRISE AQUARIUM

കണക്കശ്ശേരി ബിൽഡിംഗ്,
മിനി ബൈപ്പാസ് റോഡ്, മാങ്കാവ് – 673007
നിങ്ങളുടെ സൗകര്യാർത്ഥം അക്വേറിയം വീടുകളിൽ വന്ന് സർവ്വീസ് ചെയ്യുകയും നിർമ്മിച്ചു നൽകുകയും ചെയ്യുന്നു.
മുജീബ്: 9544558822, 9744615436

## DHANALAKSHMI Jwellery

P.V.S. Shopping Complex,Cheriya Mankave - 7
Phone : 2331737, Resi : 2324410
Mob: M.C. Vinod Kumar - 9847070204

## സ്നേഹ മ്യാരേജ് ബ്യൂറോ & റിയൽ എസ്റ്റേറ്റ്

അൽ മുബാറക്ക് ബിൽഡിംഗ്,
ഈസ്റ്റ് കോട്ടപ്പറമ്പ്,
പി.ഒ. ചാലപ്പുറം, കോഴിക്കോട് – 2
ഫോൺ : മനോജ് കൊമ്മേരി 9387508708, 8129872760

## ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്
കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്, എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

## MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130
ANCHOR PLYWOOD
Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

## SREELAKSHMI ENTERPRISES

MANKAVE, CALICUT
Ph: 9847005566, 9847140046
Dealers of: Jhonson & Jhonson

## AIWA TAILORING

(GENTS)
*Sreevalayanad,*
*Kozhikode - 673007*
*Ph: Baiju : 9037164023*

## Highness Cool Refrigeration & Air Conditions

NEAR POST OFFICE, MANKAVE, CALICUT - 7
*(Service for Airconditioner, Refrigerator, Washing Machine, Spray Painting,etc.)*
*Mob: 9349810003*

മുട്ടലുകളും സ്വയം മറന്നു വച്ച നിമിഷങ്ങളും മനസ്സിൽ എന്തെല്ലാം മോഹങ്ങൾ പൂവിടാനൊരുങ്ങി.

പരീക്ഷ റിസൽറ്റ് വന്നപ്പോൾ താര ഒന്നാം ക്ലാസിൽ എം,ഏ ജയിച്ചിരുന്നു. ഇനിയൊരു ജോലി തരപ്പെടുക അവളുടെ ഏറ്റവും വലിയ ആഗ്രഹങ്ങളുൽ ഒന്നായിരുന്നു അത്. ഇംഗ്ലീഷ് സാഹിത്യം പഠിക്കുമ്പോൾ അവൾ നേടുന്ന സംതൃപ്തി - സ്വപ്നങ്ങൾ ചിറകുവിരുത്തി -

പക്ഷേ -- ഒരു ലക്ചററായി ജോലി ലഭിക്കാൻ കോഴ കൊടുക്കണം. അതും ലേലം വിളികളാണ്. സ്പെക്കുലേഷൻ പന്തയക്കാരന്റെ കുതിര - കാലത്തിന്റെ ഗഹ്വരങ്ങളിൽ പറന്നു പോകുന്ന ആദർശങ്ങൾ. അയാളൊരു ഒച്ചിനേപ്പോലെ വലിഞ്ഞുപോകുന്ന സന്ദർഭങ്ങളായിരുന്നത്.

അന്വേഷണത്തിന്റെ കാലം - താരയുടെ ഭർത്താവ്, എന്റെ പ്രിയ സുഹൃത്ത് ഹരി - പാവം. അയാൾക്കെന്താണ് ചെയ്യാൻ കഴിയുക - ആഗ്രഹമില്ലാത്തതുകൊണ്ടല്ല. മുരടിച്ച മനസ്സിലെ മുള്ളുകൾ കൂർത്തുവന്നു. വികലതകളുടെ നടുവിൽ എവിടെയോ തളർന്നുപോയ ഗാർഹസ്ഥ്യത്തിന്റെ സ്വരബിന്ദുക്കളായിരുന്നു, അവരുടെ സമാഗമത്തിൽ എത്തിയത്. അവളാ കഥ ഇങ്ങനെ പറയുമായിരുന്നു.

തനിക്കത് ഓർക്കാൻ കഴിയുന്നില്ല - വേണ്ടായിരുന്നു. ഈ കണ്ടുമുട്ടലുകൾ തന്റെ ഹൃദയത്തെ വേദനിപ്പിക്കുന്നു. എങ്കിലും അവൾ പറഞ്ഞപ്പോൾ പ്രതികരിക്കാതിരിക്കാൻ കഴിഞ്ഞില്ല. അന്നവൾക്ക് പതിനാറ് വയസ്സുമാത്രമായിരുന്നു പ്രായം. സ്വപ്നങ്ങൾ ഇതൾവിരിയുന്ന കുട്ടിക്കാലത്തിന്റെ നാരൊലിപ്പാട് വറ്റുന്നതിനുമുമ്പെ, ഇഴഞ്ഞെത്തിയ സർപ്പം.

വിവാഹം. സങ്കല്പങ്ങളിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക് കടക്കുകയാണ്. എന്തിനാണ് വിവാഹം അവളുടെ ചോദ്യമതായിരുന്നു. അച്ഛനും അമ്മയും വിട്ട് അപരിചിതത്തിന്റെ നിഴലിലേക്ക് നീങ്ങാൻ. ഇല്ല. അവൾക്ക് വയ്യെന്നവൾ തീർത്തുപറഞ്ഞു. എന്നിട്ടും സമ്മതിക്കേണ്ടിവന്നു. വരനാരെന്നുപോലും ചിന്തിക്കാതെ - സ്വപ്നങ്ങളിൽ ഉത്സവം പോലെ, ജീവിതത്തിന്റെ അപരാഹ്നത്തിലേക്ക് മടക്കയാത്ര

(തുടരും)



**മഹാരാഷ്ട്രയിലെ അമരാവതിയിൽ വെച്ചു നടന്ന നാഷനൽ പവർലിഫ്റ്റിംങ് മത്സരത്തിൽ ഗോൾഡ് മെഡൽ നേടിയ കെ. ശ്രീകുമാറും, ബ്രോൺസ് മെഡൽ നേടിയ മാത്യൂ ടി.ജെ. കാലിക്കറ്റ് ബാർബൽ ക്ലബ്ബ് കുതിരവട്ടം**

# തങ്കച്ചൻ മാങ്കാവ്



പ്രാദേശിക നാടകരംഗത്ത് തന്റെ അഭിനയ പാടവത്തിലൂടെ തിളങ്ങി നിൽക്കുന്ന തങ്കച്ചൻ മാങ്കാവ് കുറേയധികം നാടകങ്ങളിൽ അദ്ദേഹത്തിന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഹാസ്യമായിരുന്നാലും സീരിയസായിരുന്നാലും അനായാസമായി സ്റ്റേജിൽ അഭിനയിച്ചു ഫലിപ്പിക്കാനുള്ള തന്റെ കഴിവ് ദൈവസിദ്ധമായി ലഭിച്ചതാണെന്ന് അദ്ദേഹമിന്നും വിശ്വസിക്കുന്നു. നവരത്നങ്ങൾ, ദേവീദർശനം, എന്നീ നാടകങ്ങൾ സ്വന്തമായി രചിച്ചാണ് സ്റ്റേജുകളിൽ അവതരിപ്പിച്ചു കൊണ്ടിരുന്നത്.

തിരുവണ്ണൂർ കലയുടെ 'സാമൂതിരീയം' വളയനാട് കലാസമിതിയുടെ 'സ്വർണ്ണ ബിസ്ക്കറ്റ്' യുവധാരകടുപ്പിനിയുടെ 'കഴുകൻ പുരാണം' എന്നീ നാടകങ്ങളിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്.

ശ്രീ.പി.വി.പോൾ രാജ് സംവിധാനം ചെയ്ത് ഇ.രാധാകൃഷ്ണൻ കൊമ്മേരി രചിച്ച 'അരങ്ങ്' എന്ന നാടകത്തിലെ കേണൽ അദ്ദേഹത്തിന്റെ അഭിനയ ജീവിതത്തിലെ മറ്റൊരു നല്ല കഥാപാത്രമാണ്. "ചിതലുകൾ" എന്ന പേരിൽ ഇ.രാധാകൃഷ്ണൻ കൊമ്മേരി രചിച്ച നാടകത്തിന്റെ കഥാതന്തുവായ 'രാജ്യാന്തരം' ശ്രീ തങ്കച്ചന്റെ ഭാവനയിൽ നിന്ന് ഉതിർന്നതാണ് സ്കൂൾ ജീവിതക്കാലത്ത് ഒട്ടനവധി നാടകങ്ങളിലും മറ്റു കലാമത്സരങ്ങളിലും പങ്കെടുത്ത് ധാരാളം സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

അവിവാഹിതൻ. നാടകത്തോടൊപ്പം സീരിയലുകളിലും അഭിനയിക്കാൻ താൽപ്പര്യമുണ്ട്. അഡ്രസ്സ് : തങ്കച്ചൻ. മുല്ലവീട് ബിൽഡിംഗ്, വെസ്റ്റ് മാങ്കാവ്, തിരുവണ്ണൂർ പോസ്റ്റ്, കോഴിക്കോട് ജില്ല.

**സുനിൽ കുമാർ കളത്തും മാരത്ത്.**

# മാമ്പൂ പൊഴിയും നേരം

പി.കെ. ശശി

രക്ത വർണ്ണമുള്ള റോസുകളും നിണം മണക്കുന്ന ചെമ്പരത്തി പൂക്കളും രക്തം കട്ട തുപ്പിയതുപോലുള്ള തെച്ചി പൂക്കളും രക്തതുള്ളികൾ ഭൂമിയിൽ വീണതുപോലുള്ള മഞ്ചാടി പൂക്കളും എന്റെ ശൈലജയുടെ ഉദ്യാനങ്ങളിൽ ശോണിത പരിവേഷമുണ്ടാക്കി. എന്നാൽ എന്നു മുതലാണിവൾക്ക് രക്ത വർണ്ണത്തോട് ഇത്ര കമ്പമുണ്ടായത്? എന്ന് അയാൾ എത്ര ആലോചിച്ചിട്ടും കൂട്ടി കിഴിച്ചിട്ടും ഒരു എത്തും പിടിയും കിട്ടിയില്ല. കോളേജിൽ സെക്കൻഡ് ഗ്രൂപ്പ് എടുത്ത് പഠിക്കുമ്പോൾ കെമിസ്ട്രി ലാബിൽ നിന്നുള്ള അസഹ്യമായ ദുർഗന്ധം കൂറയുടെയും വെള്ളെലിയുടെയും രക്തം കണ്ടാൽ ഓക്കാനിക്കുവാനും വിതുമ്പാനും തുടങ്ങുന്ന എന്റെ ഷൈലജയ്ക്ക് ഇതെന്താ, ഇന്ന് ചോരയോടും കഫത്തോടും മൂത്രത്തോടും ഇത്രയധികം പ്രതിപത്തിയുണ്ടാവാൻ കാരണം. ഒരു പക്ഷെ മെഡിക്കൽ ലാബുകളിൽ തന്നെയുള്ള ആ രൂക്ഷമണങ്ങളിൽ പണിയെടുക്കുന്നതു കൊണ്ടാവാം. അതോ ഈയിടെയായി അവളുടെ സഹപാഠി ആ വട്ടക്കണ്ണുള്ള രുഗ്മിണിയുമായി കൂടി ചേർന്ന് സ്വന്തമായി ഒരു ലാബ് തുടങ്ങിയത് കൊണ്ടാണോ? മറിച്ച് അത് അവളുടെ ഏറ്റവും പ്രിയപ്പെട്ട അച്ഛന്റെ റേർ ബ്ലഡ് ഗ്രൂപ്പിനും വേണ്ടി ആ തണുത്ത ഐ.സി.യുവിൽ പരക്കം പായുമ്പോഴോ?

ഇതൊരു സമസ്യാപൂരണം പോലെ എന്നും സുകുവേട്ടന്റെ ഉറക്കംകെടുത്തി കൊണ്ടിരുന്നു. ശൈലജയുടെ ചോരയെപ്പറ്റിയുള്ള കനമേറിയ പുസ്തകങ്ങളും രക്ത ഗ്രൂപ്പുകളെ പറ്റിയുള്ള വിശദങ്ങളായ പഠനകുറിപ്പുകളും അയാൾക്ക് എന്തെന്നില്ലാത്ത അമ്പരപ്പുളവാക്കി. കോടതിയുടെ വലിപ്പചെറുപ്പമേറുന്ന ക്രിമിനൽ ഫയലുകളുടെ ഇടയിൽ സുകുവേട്ടന് അതൊന്നും ചിന്തിക്കാൻ സമയമുണ്ടായിരുന്നില്ല. രക്തം തളം കെട്ടി കിടക്കുന്ന ഇടവഴിയോരങ്ങളും ഗ്രൂപ്പ് വഴക്കുകളിൽ രക്തചൊരിച്ചിൽ നടത്തിയ സഖാക്കന്മാരുടെയും കേസുകളിൽപ്പെട്ട് അയാൾ ദൈനൃദിനം മുങ്ങിതാഴുകയായിരുന്നു.

കോളേജ് കാമ്പസിൽ ഏറെ മുഖതെളിച്ചവും രക്ത പ്രസാദം തുടിക്കുന്ന മുഖവുമായിരുന്നു. ശൈലജ നമ്പീശന്റേത്. എന്ന് അടിവരയിട്ട ഒരു സത്യമാണ്, സുകുമാരൻ തന്നെ ശൈലജയുടെ ആ തുടുത്ത ആപ്പിൾ കവിളും ചുണ്ടുകളും സ്വപ്നം കണ്ട് എത്ര മാത്രം ഉറക്കമൊഴിച്ചിട്ടുണ്ട്. ശൈലജ നമ്പീശന്റെ മുഖപ്രസന്നതയെപ്പറ്റി സുകുവിന്റെ മൂത്തചേച്ചിയും അമ്മ ശകുന്തള തമ്പാട്ടിയും അന്ന് വിവാത്തലേന്ന് ആ നാലുകെട്ടിൽ വെച്ച് ഏറെ ചർച്ചചെയ്തു വന്നിരുന്നു. കോലോത്തെ ആമ്പൽകുളംപോലെ തെളിവൂറും ആ മുഖം കണ്ടാലെ അന്ന് അമ്മയ്ക്ക് ഒരു മനസമാധാനമുള്ളൂ. എന്താണെന്നറിയില്ല. ഈ പൊന്നുംകുടം വന്നു കയറിയപ്പോഴാണ് ഈ ഇല്ലോം പറമ്പും ഏതാണ്ട് ഒരു ഐശ്വര്യം വന്ന പോലെ ആയത്. എല്ലാ ചെത്തലകുരുവികളും ചെരിയാറ്റ തത്തകളും ഇപ്പൊ മടങ്ങി വന്നിരിക്കുന്നു. എന്താ അവറ്റകളുടെ കൊഞ്ചലും കുഴയലും. ശൈലജയുടെ വിശേഷങ്ങളാവും അവർക്കും പറയാനുള്ളത് എന്ന് തോന്നുന്നു. നാഗകാവിനും ചിത്രകൂടിനും ഇപ്പൊ ഒരു വൃത്തിയും വെടിപ്പുമുണ്ട്.

ചുമ്മാതാ, ഒന്നും ഇല്ലമ്മേ......, ഈ ശകുന്തള തമ്പാട്ടിയ്ക്ക ഓരോന്നും മനസ്സിൽ തോന്നുന്നതാ, ഓരോ വേണ്ടാത്ത ചിന്തകളെല്ലാം വിട്ട് അമ്മ...... ആ എല്ലാ



ചൈതന്യവും തരുന്ന തറവാട്ടമ്മയെ തന്നെ ജപിച്ചു കിടന്നോളൂ. ഞാൻ ഇപ്പൊ ചുക്കുകാപ്പിയിട്ടേച്ചു വരാം. ശൈലജ അമ്മയായിഅമ്മയെ കെട്ടിപ്പിടിച്ചു പറഞ്ഞു. അമ്മായി അമ്മയും മരുമകളും ചേർന്ന് വീട് ഒരുക്കിവെച്ചിരിക്കുന്നത് കണ്ട്, സുകുവേട്ടന്റെ ബാറിലെ സുഹൃത്തുക്കളും ഭാര്യമാരും ഓരോ കമന്റുകൾ പാസ്സാക്കുമ്പോൾ സുകുവിന്റെ മനസ്സിൽ തീയാളുകയായിരുന്നു. ഏവരും കണ്ണുവെച്ചപ്പോൾ അയാൾ ആരും കാണാതെ കടുകും മുളകും തന്റെ

●

ഇഷ്ടദൈവത്തെയോർത്ത് ഉഴിഞ്ഞ് കത്തിച്ച് അവന്റെ പ്രണയ കാമിനിയ്ക്ക് ഒന്നും വരുത്തരുതേ എന്ന് ദീനദീനം പ്രാർത്ഥിച്ചു. കുരിശുപള്ളികളിൽ മെഴുകുതിരി കത്തിച്ചു. വേളാങ്കണ്ണി മാതാവിനെയോർത്ത് മുട്ടുകുത്തി കുരിശു വരച്ചു.

റോസാച്ചെടികൾക്കും തെച്ചി പൂക്കൾക്കും ചുടുരക്തമൊഴിച്ചാൽ അവ കൂടുതൽ പ്രശോഭിക്കുമെന്ന മാസികാവിവരണമാണോ, പത്രവാർത്തയാണോ എന്താണ് ശൈലജയ്ക്ക് ഈ ചുവന്ന പൂക്കളുമായി ഇത്രയധികം ആത്മബന്ധം വരാൻ കാരണം. വലിയ കനൽനിറ വട്ടത്തിലുള്ള പൂക്കളുള്ള സാരിയോടും ചുരിദാറിനോടും അവൾക്ക് എന്തൊരു കമ്പമാണ്? സുകുവേട്ടാ, ഇപ്പൊ രക്തം കട്ടകട്ടയായയാണ് പോകുന്നത് എന്ന് എന്തത്യാഹ്ലാദത്തിലാണ് അവൾ കൈ അബദ്ധത്തിൽ മുറിഞ്ഞാൽപോലും എന്നോട് പറഞ്ഞ് പരിഭവിക്കുന്നത്. പണ്ടവൾക്ക് രക്തത്തോടും അവളുടെ താളം തെറ്റിയ പിരീയഡ്സിനെകുറിച്ചുമെല്ലാം പറയുമ്പോൾ എന്തൊരു വേവലാതിയും ആശങ്കയും സങ്കോചവുമായിരുന്നു. ഇപ്പോൾ അടിയ്ക്കിടെ ഉണ്ടാവുന്ന രക്തസ്രാവങ്ങളെ കുറിച്ച് പറയാൻ ശൈലജയ്ക്ക് നൂറ് നൂറ് നാവാണ്. എന്നാൽ ക്രിമിനൽ കേസുകളും അടികേസുകളുടെയും നൂലാമാലകളിൽപെട്ട് സുകുമാരൻ ഇതൊന്നും അത്ര കാര്യമായി എടുത്തില്ല.

അവളുടെ ചുവപ്പിനോടുള്ള ഈ അത്യാർത്തി കാരണമാകാം നല്ല സുറുഗോട്ടി പോലുള്ളതും തക്കാളി പഴം പോലുള്ള രുഗ്മിണിയേയും കൂട്ടിയാണ് അവൾ ഒരു ദിനം വീട്ടിൽ വന്നു കയറിയത്. രുഗ്മിണിക്കും ചുവന്ന കർചീഫിനോടും പെയിന്റിംഗിനോടും എല്ലാം ഒരുതരം ഭ്രമമാണെന്ന് ശൈലജ പറഞ്ഞത് ഇപ്പോൾ ഓർമ്മയിൽ അഭ്രപാളികളെപോലെ തെളിഞ്ഞു വരുന്നു. പിന്നെ സുകുവേട്ടനോട് ഒരു കാര്യം പറഞ്ഞാ എതിരുനിൽക്കരുത്. നമ്മൾ പണ്ടേ അങ്ങനെയല്ലേ, സുകുവിന്റെ ചെൻചുണ്ടിപ്പഴമല്ലേ ഈ ഞാൻ, ആ രുഗ്മിണിയെ നമ്മുടെ പെയിംങ്ങ് ഗസ്റ്റായി കൂടെ താമസിപ്പിക്കാമെന്നെയ്, ഇവിടെ ആണെങ്കിൽ കുറെയേറെ സ്ഥലമുണ്ടല്ലോ? അവൾ കൗശലത്തോടെ എന്നെ സമ്മതിപ്പിച്ചിടെത്തു. കാന്താരിമുളകിന്റെ വർണ്ണവും വീര്യവുമാണ്! അവളും ചുവപ്പുനിറത്തിലുള്ള നൈറ്റ്ഗൗണുകളാണ് ധരിച്ചിരുന്നത്. ഫ്രിഡ്ജിലുള്ള എന്റെ റെഡ് വൈനിന്റേയും സ്കോച്ചിന്റേയും അളവുകൾ കുറഞ്ഞ് കുറഞ്ഞ് വരുന്നതുകണ്ടപ്പോൾ അവർക്കിരുവർക്കും അതും നല്ലപോലെ പഥ്യമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ശൈലജയുടെ ബ്ലഡ് പ്രഷറിനേക്കാളും പതിന്മടങ്ങ് കൂടുതലാണ് രുഗ്മിണിയുടെ രക്തോന്മാദം എന്ന് എനിക്ക് മനസ്സിലാക്കാൻ അധികം താമസമുണ്ടായില്ല. അവർ തമ്മിലുള്ള അടുക്കംപറച്ചിലും പൊട്ടിച്ചിരികളുംകൊണ്ട് ഇല്ലപ്പറമ്പിൽ രാത്രികാലങ്ങളിൽ ഇഴജീവികൾ ഇണപിരിഞ്ഞ് ശീൽക്കാരങ്ങളൂതി. വാലുകൾകൊണ്ട് കളംവരച്ച് സ്വയംമായിച്ചുരസിച്ചു ചേരകൾ രാത്രിയെന്നും പകലെന്നുമില്ലാതെ ഇല്ലപ്പറമ്പിൽ അലഞ്ഞുനടന്നു. അവയുടെ കുറുമ്പും ആവലാതികളും കണ്ട് ദിനങ്ങൾ തോറും നൂറും പാലും ശകുന്തള തമ്പാട്ടി നിവേദിച്ച് വിളമ്പി.

രുഗ്മിണി വസ്ത്രം മാറുമ്പോഴും നിലം തുടയ്ക്കുമ്പോഴും അവളുടെ അവയവങ്ങളെല്ലാം തുറിച്ച് സുകുവിനെ നോക്കി പല്ലിളിച്ചു. അത്രയ്ക്കും നേരിയ പെറ്റഇക്കോട്ടാണ് അവൾ ധരിക്കുക. അവളുടെ രക്തധമനികുഴലുകൾ വിയർക്കുന്നതും കനം വന്ന് തുടിയ്ക്കുന്നതും സുകുമാരൻ കണ്ണിമയ്ക്കാതെ നോക്കിനിന്നു. ശൈലജ അറിയാതെ രുഗ്മിണിയുടെ മുറിഞ്ഞുപൊട്ടിയ ചുണ്ടുകൾ സുകു ഞെരണ്ടി തടവിനോക്കി. ശൈലജ നമ്പീശന് ആദ്യം ഇത് സംശയം ജനിപ്പിച്ചെങ്കിലും കൂടെ കൂടെ അവളും അതിനോട് പൊരുത്തപ്പെടുന്നത് കാണാമായിരുന്നു. അവൾക്ക് എല്ലാ വസ്തുതകളോടും യോജിച്ചുപോകാൻ വല്ലാത്ത ഒരു കഴിവുണ്ടായിരുന്നില്ലേ! പിന്നെ....... പിന്നെയാണ് ഞാൻ രക്തവർണ്ണങ്ങളോടും ചുവപ്പിനോടും ശൈലജയ്ക്ക് വലിയ വെറുപ്പ് കണ്ടുതുടങ്ങിയത്. അവളുടെ പല പെരുമാറ്റങ്ങളിലൂടെയും ആ വിരസത നിഴലിക്കുന്നത് എനിക്ക് അനുഭവപ്പെട്ടുതുടങ്ങി. ശൈലജയുടെ റോസാച്ചെടികളും തെച്ചിപ്പൂക്കളും ഇപ്പോൾ പതിവുപോലെ വിടർന്ന് ഉല്ലസിക്കാറില്ല. ചേഞ്ചിംഗ് റോസും ചെമ്പരത്തിയുമെല്ലാം രക്തം വാർന്നതുപോലെ ആയി. അവ നൈരാശ്യം വന്ന രോഗികളെപോലെ തലതാഴ്ത്തി. ശൈലജയുടെ മുഖവും രക്തപ്രസാദമില്ലാതെയായി. അവളുടെ വിളർച്ചയ്ക്ക് കാരണം രക്തവാർച്ചയുടെ അസുഖമാണെന്ന് ഡോക്ടർമാർ വിധിയെഴുതി. രുഗ്മിണി നേരെ മറിച്ച് അതീവ പ്രസന്നതയും ഗ്ലാമറും വെയ്ക്കുന്നതായി സുകുമാരൻ കണ്ടെത്തി. അനീമിക് ആയ ശൈലജയുടെ മുഖം ഒരു വാടിയ താമര മൊട്ടുപോലെ ഏത് നിമിഷവും ഉതിർന്നുവീഴാൻ നിൽക്കുന്നതായി അയാളറിഞ്ഞു. രുഗ്മിണി ശൈലജയുടെ അഭാവത്തിൽ രക്ത പ്രഭാവങ്ങൾ ഏറ്റുവാങ്ങി കൂടുതൽ പ്രഫുല്ലസിച്ചു. രുഗ്മിണിയെ ശൈലജ നമ്പീശന് പകരംവെയ്ക്കാൻ അവൾതന്നെ കൊണ്ടുവന്നു തനിക്ക് തരികയായിരുന്നോ! പാവം കുട്ടി, അവൾക്ക് ജീവിതവും തന്റെ രോഗവുമെല്ലാം എപ്പോഴും കയറ്റിറക്കം പോലെയും കളിതമാശകളെപോലെയുമാണിപ്പോഴും, തന്റെ സുകുവേട്ടന് എന്നും ഒരു കുറവും വരരുതെന്ന് അവൾ ആഗ്രഹിച്ചു. അതിന് തന്റെ എല്ലാ രോഗ രഹസ്യങ്ങളും അവൾ മൂടിവെച്ചു. തന്റെ അവസ്ഥപോലും മറന്ന് അവൾ എന്നെ സ്നേഹിച്ചു. ഒന്നുമില്ലെങ്കിലും ഒരു പ്രണയ വിവാഹമായിരുന്നല്ലോ നമ്മുടേത്? അല്ലേ സഖീ, ഈ സുകുമാരൻ അത് എന്റെ പണിത്തിരക്കിൽ, എപ്പോഴോ അതൊക്കെയങ്ങ് മറന്നുപോയി. എന്നാൽ നിങ്ങൾ സ്ത്രീകൾ അത് ജീവിതത്തിലുടനീളം മറക്കുന്നില്ല. നീ നിന്റെ സുകുവേട്ടന്റെ എന്ത് പിടിവാശിയും സാധിപ്പിച്ചു തരുന്നു. അതിന് ഒത്തിണങ്ങി നിൽക്കുന്നു. എനിക്ക് അത് മനസ്സിലാക്കി, അതിനൊത്ത് പെരുമാറാനും പറ്റിയില്ല. മാപ്പ്, എന്നെ ശപിക്കരുത്. അതാണ് യഥാർത്ഥത്തിൽ ഉണ്ടായത്, എന്ന് ഞാൻ തിരിച്ചറിയുന്നു.

അവളുടെ രോഗത്തെപ്പറ്റിയുള്ള ചെറിയ സംശയങ്ങളും നിരീക്ഷണങ്ങളും ഞാൻ നിസ്സാരമായി കരുതി. എങ്കിൽ ശൈലജയെ നേരത്തെ ചികിത്സയ്ക്ക് വിധേയയാക്കാമായിരുന്നു. അവളുടെ സ്വഭാവ വൈകൃതങ്ങളെയും അവളുടെ മോഹങ്ങളെയും സ്വപ്നങ്ങളെയും പറ്റി കൂടുതൽ അടുത്തറിയാൻ കഴിഞ്ഞേനെ. ശൈലജയ്ക്ക് രക്തദൂഷ്യത്തിന്റെ അസുഖമാണെന്ന് കണ്ടെത്താനും ബ്ലഡ് റീപ്ലേസ്മെന്റിനും എത്രതന്നെ ചെലവ് വരുമെങ്കിലും ഞാൻ കണ്ടെത്തണമായിരുന്നു. സുകുവിന് ശൈലജയുടെ കാര്യങ്ങൾ ഓരോന്ന് ചിന്തിച്ച് മനസ്സിന് വല്ലാത്ത വിമ്മിഷ്ടം തോന്നി. പക്ഷേ രുഗ്മിണി ശൈലജയ്ക്ക് വേണ്ടിതന്നെ അവളുടെ ജീവിതം ഉഴിഞ്ഞ് വച്ചതുപോലെയാണ് പെരുമാറിയത്. ശൈലജയുടെ

രോഗാവസ്ഥയിലും അവർ വളരെയേറെ സ്നേഹിക്കാനും പരിപാലിക്കാനും തുനിഞ്ഞു. ലാബിലെ കാര്യങ്ങൾ നോക്കാനനും അവൾ വളരെ സമർത്ഥയായിരുന്നു. എന്നാൽ രുഗ്മിണിയെ സുകുവേട്ടന്റെ അമ്മയ്ക്ക് തീരെ കണ്ടുകൂടാതായി. ശകുന്തള തമ്പാട്ടി രുഗ്മിണി തൊട്ടതിനും പിടിച്ചതിനുമെല്ലാം ചീത്ത പറഞ്ഞുകൊണ്ടിരുന്നു. ഈ അസത്ത്, വന്നു കയറിയതിൽ പിന്നെയാണ് ഈ തറവാട്ടിൽ തീരെ വെട്ടമില്ലാതായത്. അടുപ്പിലും മറ്റും ചേരയും പാമ്പുമാണ്. അലഞ്ഞുതിരിയുന്നത്. എവിടെനിന്നോ വന്ന ഈ അശ്രീകരം ഈ ഇല്ലപ്പറമ്പിൽ നിന്നിറങ്ങിയാലേ ഇതിനൊരു ശാപമോക്ഷം ലഭിക്കത്തുള്ളൂ. ഞാൻ ആരെയെങ്കിലും വെച്ച് മുന്ന്നേരം കഞ്ഞിയും ചമ്മന്തിയും വച്ച് കഴിച്ചോളാം. നാഗകാവിൽ രാത്രി നാഗകാളിയും നാഗരാജാവും ഇലമടക്കി വെയ്ക്കുണ്ണൂ. ഈ ഒരു മെട്ടോൾക്ക് ഇതൊന്നും കൊണ്ടുനടക്കാൻ ആവില്ല..... സുകുകൂടി കേൾക്കാനാ ഞാനീ പറയണത്. എങ്ങോട്ടാണ്ച്ചാ ഇറങ്ങിക്കോളൂ മൂവരും ഇവിടെ ഇയ്ക്ക് അയൽപക്കങ്ങളെ പേടിയ്ക്കണെല്ലോ...?

രണ്ട് സ്ത്രീകളെ അങ്ങിനെ തന്റെ മകന്റെ കൂടെനിർത്താൻ അവരുടെ ഇടുങ്ങിയ കാഴ്ചപ്പാട് ഒരിക്കലും അനുവദിച്ചിരുന്നില്ല. ഇതിനൊരു പരിഹാരം എന്ന നിലയിൽ അവസാനം സുകുമാരൻ അമ്മയെയും ജനിച്ചുവളർന്ന തറവാടിനെയും പിരിഞ്ഞിരിയ്ക്കാൻ തന്നെ തീരുമാനിച്ചു. അമ്മയ്ക്ക് ഇഷ്ടപ്പെട്ട ഹോം നേഴ്സിനെ കണ്ടുപിടിച്ച് അവരോട് ഇല്ലം നല്ലപോലെ നോക്കാൻ പറഞ്ഞു. ശൈലജയെയും രുഗ്മിണിയേയും കൂട്ടി വേറൊരു വാടക വീട് എടുത്തു താമസം ആരംഭിച്ചു. ശൈലജയുടെ റോസാച്ചെടികളും നന്ത്യാർവട്ടവും മഞ്ചാടി പൂക്കളും തെച്ചിപ്പൂക്കളും അവിടെ നട്ടുനനച്ചു വളർത്തി. ശൈലജയെ രുഗ്മിണി ദിവസേന നന്നായി ശുശ്രൂഷിച്ചു. ആയുർവ്വേദ ലേഹ്യങ്ങളും മറ്റും കഴിച്ച് ശൈലജയ്ക്ക് വീട്ടിൽ തന്നെ കുറച്ച് ദൂരം നടക്കാമെന്നായി. പൂതുമ്പികളും സൂചിവാലൻ കുരുവികളും വരയാൻ പാപ്പാത്തിയും ആ വീട്ടിൽ വിരുന്നുവന്നു.

രുഗ്മിണി ശൈലജയ്ക്ക് അവളുടെ റോസാപുഷ്പങ്ങളും ചുവന്ന മാസം മാറിയും മൊട്ടിട്ട കാഴ്ച കാണിച്ചുകൊടുത്തു. ജീവിതത്തിലെ യൗവ്വനവും ചോരത്തിളപ്പും വീണ്ടും അവളിൽ ഉയർന്നുപൊങ്ങി, പുതിയ തെളിനീർച്ചാലുകൾ ഉറവകളായി കുമിൾപൊട്ടിയൊഴുകി. ആ തെളിനീരുറവകളിൽ ശൈലജ നമ്പീശൻ തൻ കുട്ടിക്കാലത്തേക്ക് വീണ്ടും പിച്ചവെച്ച് വലംകാലെടുത്തുവെച്ചു. ശുദ്ധരക്ത ശ്രോതസ്സുകൾ അവളിലെ വൃത്തികെട്ട കളകളെല്ലാം പറിച്ചെറിഞ്ഞു. ശ്വേതരക്താണുക്കൾ ആന്തരിക അവയവങ്ങളിൽ നൃത്തംവെച്ചു. ഒരു ചാന്ദ്രനിലാവെളിച്ചത്തിൽ ശൈലജ മൂന്ന് പ്രാവശ്യം ചർദ്ദിച്ചു. രുഗ്മിണിക്ക് തന്റെ ചികിത്സ തന്റെ തോഴിയിൽ ഫലിച്ചെന്നും അവൾ ഗർഭിണിയാണെന്നും മനസ്സിലായി..... അവൾ ആ രഹസ്യം സുകുമാരന് കൈമാറി. സുകു തനിക്ക് ഒരു കുട്ടിയുണ്ടാവുന്ന കാര്യം ശകുന്തള തമ്പാട്ടിയോട് സൂചിപ്പിച്ചു. വീണ്ടും ഇല്ലത്തേക്ക് ചെത്തലപക്ഷികൾ പുത്തരിയുമായി പാറിപറന്നിറങ്ങി. മുറ്റത്തെ ഇറദീപത്തിന്റെ വെളിച്ചത്തിരി വെട്ടത്തിൽ ചെറു സുഷിരങ്ങളിൽ നിന്നും നാഗദേവതകൾ പാളിനോക്കി തമ്മിൽ തമ്മിൽ നോക്കി മന്ദഹാസം പൊഴിച്ചു. വിവസ്ത്രയായി ഓടിയ നാഗകന്യകൾക്കു പിന്നാലെ യൗവ്വനയുക്തരായ നാഗഗന്ധർവ്വന്മാർ പല ആകർഷകത്വം കാട്ടി അവരെ മയക്കി പിന്നാലെ കൂടി..... നാഗപുറ്റുകളെ ചുവന്നപട്ടിന്റെ പൊന്നാടയണിയിച്ചു കൊണ്ട് ചെറു നാഗകുട്ടികൾ കുങ്കുമചാറുപോലെ വാർന്നൊഴുകി. വരമഞ്ഞൾ പ്രസാദമേറ്റ് ഘനശ്യാമനിറമേന്തിയ അവ പുതിയ ഒളിയിടം തേടി.

■

കവിത

# കണിക്കൊന്ന



പഞ്ചിക്കുട്ടി.

**മേടപുലരിയെ പുണരുവാൻ**
**പ്രകൃതിയുടെ ഉന്മാദ ലഹരിയിലെങ്ങും**
**കണിക്കൊന്ന പൂത്തു നിൽക്കേ....**
**എത്ര ഹൃദ്യം കൊന്ന പൂവേ നിന്നാർദ്രത**
**ഓരോ കുളിർക്കാറ്റിലും**
**നിന്നിലകൾ നർത്തനമാടുമ്പോൾ**
**നിശബ്ദ സംഗീതം പൊഴിയ്ക്കയാണെന്നുള്ളിൽ**
**ഒരു തുമ്പിയായ് പാറിപ്പറന്ന്**
**നിന്നെ തഴുകി തലോടട്ടെ ഞാൻ....!**
**കടൽ തിരകൾ താരാട്ടു പാടി**
**നിന്നെ മയക്കീടുമ്പോൾ**
**നക്ഷത്രങ്ങൾ നിന്നെ നോക്കി**
**മന്ദഹാസം പൊഴിക്കുമ്പോൾ ഒരു ശലഭമായ് വന്നൊരു**
**മുത്തം നൽകീടട്ടെ ഞാൻ....**

**എന്റെ തൂലികയിലിന്നൊരു**
**കവിത വിരിയിച്ചു നീ...!**
**ഇളം കാറ്റിലൂടെ, വർണ്ണ വിസ്മയം തൂകി ആടിയുലയു**
**ന്നതു എനിക്ക് വേണ്ടിയാണോ?**
**എന്റെ ജീവന്റെ തുടിപ്പിൻ**
**എന്നുമൊരു പ്രശ്നോത്തരിയായ്**
**നിലകൊള്ളുക നീ....**

**പ്രകൃതിയെ പുഷ്പിണിയായ് തീർത്തീടും നിന്റെ ചേതോഹര**
**വർണ്ണം നീയെന്നുമെൻ**
**ജീവനിൽ ചൊരിയുകയില്ലേ?**
**എന്റെ മനസ്സിന്റെ മധുശാലയിൽ**
**എന്നുമൊരു മധുകണം പൊഴിയ്ക്കുകില്ലേ നീ... ?**
**പോക്കു വെയിലിൻ വാത്സല്യ**
**ചൂടേറ്റു മയങ്ങുമ്പോൾ**
**നിന്റെ നിശ്വാസത്തിൻ ചൂടിൻ**
**ഒരു സ്വപ്നം ബാക്കിയുണ്ടോ...?**
**വേർപ്പാടിൽ കണ്ണീരിന്റെ നനവുണ്ടോ...?**

**ഈ വഴിത്താരയിൽ എന്നിലൊരു പ്രേമധാരയായ്**
**നിറയൂ...നീ....**



YES KEY ELECTRICALS & ENGINEERING WORKS

Puthiyapalam
Calicut

K.P. Sunilkumar
Mob: 9847390950
Ph: 0495-2702073
Resi: 9048594525



Roopesh Kumar
Mob: 9847554907

JIJEESH BUILDING
NEAR K.S.E.B PATERI, CALICUT 16

DUKE DRESSES

ജീൻസ്, ടീഷർട്ട്, പാന്റ്,
ഷർട്ട്സ്, ഷോട്ട്സ്, ജുബ്ബ

STICHING & REPAIRING

HASBI TOURS & TRAVELS



Meenchanda, Areekkad, Calicut - 27
Mob: Sahir - 9895999100
9895350141

GEETHA MOTORS



Puthiyapalam, Kozhikode
Phone : 9605603529

ത്രിവേണി
കിണർ കമ്പനി

ഗവ: കോൺട്രാക്ടർ SSI
യൂണിറ്റ് (0905011881/97), തണ്ണീർ പന്തൽ
ഫോൺ: 9846139229, 8129774355

NB: കൃഷി ആവശ്യമായ
RCC കിണർ,
വാട്ടർ ടാങ്ക്, സേഫ്റ്റി ടാങ്ക്, പഴയ
കിണർ റിംഗുകൾ ഇറക്കി
ആഴം കൂട്ടി കൊടുക്കുന്നു.

ബ്രാഞ്ച്: ക്രിസ്ത്യൻ കോളേജ് & തടമ്പാട്ടുതാഴം

OUR Ladies PARK
THE DRESS DESIGNERS & MAKERS



Room No. 14, 1st Floor,
Moffussil Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571



ബ്ലൗസ്, ചുരിദാർ
1 മണിക്കൂറിനുള്ളിൽ
തയ്ച്ചുകൊടുക്കുന്നു.

കഥ

# മായകാഴ്ചകൾ



കെ.എം.രാധ



"അയ്യോ...എന്റെ കുഞ്ഞ്...ന്താ...നിങ്ങൾക്ക്..... ഭ്രാന്ത് പിടിച്ചോ...രമേശേട്ടാ...ഓടിവരൂ...അയ്യോ..."

ടെറസ്സിലെ കരച്ചിൽ ചെറിയ മുഴക്കങ്ങളായി കിടപ്പുമുറിയിൽ മെത്തയിലെത്തി. അയാൾ സ്വപ്നതാഴ്വരയിൽ നിന്ന് കണ്ണ് തുറന്ന് ചുറ്റും നോക്കി. പുതപ്പ് മാറ്റി കൈകാലുകൾ നന്നായി നിവർത്തി, എഴുന്നേറ്റ്....

എന്റെ ദൈവമേ....ഞാനിപ്പോള്...ഇവിടെ എത്തിയില്ലെങ്കില്.....

"മോളെ... ഞാൻ ഒന്നും ചെയ്തില്ല.....ഒക്കെ നിന്റെ തോന്നലാണ്. ഈ പൊന്നുമോൻ എന്റേതും കൂടിയല്ലേ"

കുഞ്ഞ് മാനത്ത്...... പറവകളെ നോക്കി അവ്യക്തമായിട്ടെന്തൊക്കെയോ....കുഞ്ഞരിപ്പല്ലുകളിൽ..പാൽച്ചിരി.

'മിണ്ടിപ്പോകരുത്. മേലിൽ ഞാൻ നിങ്ങളുടെ മോളല്ല. നിങ്ങള് എന്റമ്മയും'.

പുലർകാലവെയില്, കടുപ്പംകുറഞ്ഞു വിവർണ്ണമായി. പടവുകൾ കയറി മുകളിലെത്തിയപ്പോൾ അമ്മ പൊട്ടികരയുന്നതും...നിമിഷ, കുഞ്ഞിനെ മാറോട് ചേർത്തു തുടുത്ത കവിളില്, ചുണ്ടില് തുരുതുരെ ഉമ്മകൾ മിനുസപ്പെടുത്തുന്നതും അയാൾ കണ്ടു.

"രമേശേട്ടാ....അമ്മയോട് എത്ര തവണ പറഞ്ഞു...ഈ കുരുന്നിനെ തൊടരുതെന്ന്. അടുക്കള തിരക്കിൽ മോൻ ഉണർന്നതറിഞ്ഞില്ല. ഈ..തള്ള...കുഞ്ഞിനെ...ഇവിടുന്ന് താഴേക്ക് വലിച്ചെറിയാൻ നോക്കി. ഞാനോടി വന്ന് പിടിച്ചില്ലായിരുന്നെങ്കിൽ.....നമ്മുടെ പൊന്നുമോൻ...."

അവൾ ഉച്ചത്തിൽ കരഞ്ഞു...എന്തൊക്കെയോ ശാപവാക്കുകൾ ചുറ്റും ചിതറുന്നു.

"നിനക്കിത് വേണം. ഇവരെ ഇവിടെ നിർത്തണ്ട, ആശ്രമത്തിൽ ചേർത്ത്....ശല്യം തീർക്കാൻ....പറഞ്ഞപ്പോൾ നീ കേട്ട ഭാവം നടിച്ചില്ല. അനുഭവിച്ചോ! മാനസികാസ്വാസ്ഥ്യം ഉള്ളവർക്ക് ഭ്രാന്താശുപത്രിയാണ്." രമേശന് കിതപ്പിനിടയിൽ രോഷം ഉതിർത്തു.

പല്ലുതേച്ച് വരുമ്പോൾ മോൻ കിടക്കയിൽ ഉണർന്നുകിടക്കുന്നത് കണ്ടു....എത്രകാലമായി കുഞ്ഞുമോനെ ഒന്നെടുത്ത് ഓമനിച്ചിട്ട്? രമേശൻ കൂർക്കംവലിച്ച് ഗംഭീര ഉറക്കത്തിൽ....ഇളം പൈതൽ കുഞ്ഞിക്കൈകളുയർത്തി, പെട്ടെന്ന് മോനെയെടുത്ത് ടെറസ്സിലെത്തി. അവളു വരുമ്പോഴേക്കും മോനെ തിരിച്ച് മുറിയിലെത്തിക്കണം. ഞൊടിയിടൽ അവനെ, ദേഹമാസകലം ഉമ്മകളിൽ പൊതിഞ്ഞ് കൊഞ്ചലിൽ സ്വയംമറന്നു.. താഴെ ചെറിയനിരത്തിൽ വാഹനത്തിരക്കിലേക്ക് ഒരു നിമിഷം...കുനിഞ്ഞു നോക്കി...മോൻ ഒക്കത്തുള്ളത് മറന്നു. ആ നേരത്താണ് ആർത്തലച്ച് അവളെത്തിയത്.

വല്ലാത്ത വിശപ്പ്. മുറിയിൽ ഇരുട്ടിനൊപ്പം അലിഞ്ഞുചേർന്ന് തഴപായയിൽ ഏറെനേരം കിടന്നു. ചെയ്തത് തെറ്റെന്ന് സ്വയം നൂറുവട്ടം പറഞ്ഞു. പുറത്തുനിന്ന് മുറി താഴിട്ടുപൂട്ടുന്നത് വ്യക്തമായി കേട്ടു. എതിർത്തില്ല. വേണമെങ്കിൽ തുറന്നിട്ട ജനാലയിലൂടെ ഉച്ചത്തിൽ ബഹളമുണ്ടാക്കി അയൽപക്കവീടുകളിൽ അറിയിക്കാം. അങ്ങനെ രണ്ട് പ്രാവശ്യം സംഭവിച്ചതാണല്ലോ. വട്ടിന്റെ ലക്ഷണമായിട്ടാണല്ലോ മനോരോഗവിദഗ്ധൻപോലും വിലയിരുത്തിയത്. വേണ്ടാ ഞാനായിട്ട് മകൾക്ക് പ്രശ്നമുണ്ടാക്കണ്ടാ.

കല്യാണം കഴിഞ്ഞ ആദ്യരാത്രി തൊട്ടേ അങ്ങോർക്കും പരാതിയാണ്...എന്റെ പ്രതീക്ഷയിലുള്ള പെണ്ണല്ല പിന്നീട്, പരിഭവം, പിണക്കം, അകൽച്ച കൂടിക്കൂടിവന്നു. ഉത്തരവാദിത്വമില്ല, ബോധമില്ലാത്തവൾ, പാചകം അറിയാത്തവൾ, കൂടപിറപ്പുകളിൽനിന്ന് അകറ്റാൻ തന്ത്രം

മെനയുന്നവൾ...നിന്നോടൊപ്പമുള്ള പൊറുതി മതിയായി,... മോളെ നല്ല മിടുക്കൻ പയ്യനെ ഏൽപ്പിച്ചു സ്ഥലംവിടുമെന്ന് എന്നും കേൾക്കാറുള്ള പല്ലവി ആ മനുഷ്യൻ നിറവേറ്റി. വിരുന്നു കഴിഞ്ഞ നാലാംപക്കം ആള് സ്ഥലം കാലിയാക്കി. മകള്, ബന്ധുക്കള്, നാട്ടുകാര്.....അന്വേഷണം... കുറ്റപ്പെടുത്തലുകൾ. അച്ഛന്റെ നാട് വിടലിനുകാരണം അമ്മ മാത്രമെന്ന് നൊന്തുപെറ്റുവളർത്തി വലിയ ബിരുദംനേടി ജോലിക്കാരിയായ മകളുടെ വാക്കുകൾ. പെട്ടെന്ന് തലചുറ്റി വീണതായി ഓർമ്മയുണ്ട്. കണ്ണിൽ കണ്ടതെല്ലാം തല്ലിപൊട്ടിച്ചു അലറിവിളിച്ചു ഇറങ്ങി ഓടിയെന്നു ആശുപത്രി വിട്ടു വന്നശേഷം ആരൊക്കെയോ പറഞ്ഞു. വെറുപ്പുതോന്നി.

മറവിരോഗം, കുഞ്ഞുനാളിലെ വിടാതെ പിന്തുടർന്ന വാതം...പ്രമേഹം...അസുഖങ്ങളുടെ ഒടുങ്ങാത്ത നിര. അമ്മയെ വിട്ട് മറ്റെവിടേക്കും ഇല്ലെന്ന് മകൾ....ഈയിടെയായി, പലപ്പോഴും ഉടുമുണ്ടില് തന്നെ വിസർജ്ജ്യം കണ്ടെന്നു...അവൾ ദേഷ്യപ്പെട്ടു. ഉവ്വോ...ഓർമ്മയില്ല. പെട്ടെന്ന് വാതിൽ തുറക്കുന്ന ശബ്ദം...

മുൻപിൽ വെച്ച പാത്രത്തിൽ കുറച്ച് ചോറും അതിനുമുകളിൽ തൂവിയ കറിയും...ഗ്ലാസ്സിൽ വെള്ളം, സമയം സന്ധ്യയായെന്നു അമ്പലത്തിലെ ഉച്ചഭാഷിണിയിലൂടെ കേൾക്കും കീർത്തനങ്ങൾ സാക്ഷി.

വയറ്റിൽ ഇരമ്പം. ഓക്കാനിക്കാൻ തോന്നി. ഇങ്ങനെ പലപ്പോഴും പട്ടിണിയാകാറുണ്ട്.

ചില നേരം മകൾ പറയും "അമ്മ ഇപ്പോൾ ഭക്ഷണം കഴിച്ചതല്ലേ. ഇങ്ങനെ മറന്നാൽ എന്ത് ചെയ്യും?" എന്ന്.

പതുക്കെ എഴുന്നേറ്റ് പുറത്തെ പൈപ്പിൽനിന്ന് വെള്ളമെടുത്ത് മുഖംകഴുകി. അപ്പുറത്ത് മകൾ രമേശന് ചപ്പാത്തിയും കറിയും കൊടുക്കുന്നു.

"അമ്മയുടെ അവസ്ഥ വളരെ മോശം. നമ്മൾ രണ്ടും ജോലിക്ക് പോയാല് വേലക്കാരിപെണ്ണ് പറയുന്നത്. കുഞ്ഞിന്റെ കാര്യം നോക്കാം. അമ്മയെ അടച്ചിട്ടിട്ടും കാര്യമില്ല. വലിയ ബഹളവും കരച്ചിലും...ഇന്ന് രാവിലെ തന്നെ കണ്ടില്ലേ...."

''നിന്റമ്മ....നിനക്ക് എന്താ നല്ലതെന്ന് വെച്ചാല്..."

"ഓ, ഇപ്പോള് അങ്ങനായോ? പെങ്ങന്മാര് തിരിഞ്ഞ് നോക്കാത്ത അച്ഛനെ അവധിയെടുത്ത് ഇവിടെ എന്നെ ഒറ്റയ്ക്ക് നിർത്തി പോയി ശുശ്രൂഷിച്ച ആളല്ലേ, മരണം വരെ."

രമേശൻ ഒന്നും മിണ്ടുന്നില്ല.

"ങ്ഹാ.....പിന്നെ..നിന്റെ അച്ഛൻ എഴുതിവെച്ച പ്രമാണത്തിൽ അമ്മയുടെ കാലശേഷം മാത്രമേ സ്വത്തില് നിനക്ക് അവകാശമുള്ളൂ. ഞാൻ നാളെ പ്രമാണം മാറ്റി എഴുതി കൊണ്ട് വരാം എന്തുപറയുന്നു?"

''ഇക്കാര്യം മുൻപ് എത്രവട്ടം അമ്മയോട് പറഞ്ഞു. ഒപ്പിടില്ലെന്ന്.....ഈ വീട്ടിൽ കിടന്ന് മരിക്കണമെന്നു അമ്മ വാശിപിടിച്ചതല്ലേ".

നിന്റെ തള്ളയ്ക്ക് ആഹാരത്തിനും, ആധാരത്തിന്റെ കാര്യത്തിലും ഒന്നും മറവിയില്ല. എങ്കിൽ പിന്നെ തള്ള ചാകുംവരെ നീ ഇവിടെ കാത്തിരുന്നോ. നഗരത്തിൽ കണ്ടുവെച്ച പുതിയ വീടും ആറുസെന്റ് ഭൂമിയും മറക്കാം.

എന്നാൽ കേട്ടുകൊള്ളൂ. അമ്മ മോനെ ഒക്കത്തിരുത്തി കൊഞ്ചിക്കയായിരുന്നു.

മനോരോഗാശുപത്രിയിൽ കൊണ്ടുവിടുമ്പോൾ പല ചോദ്യങ്ങൾക്കും മറുപടി കാണേണ്ടിവരും. അതാ...

രമേശന്റെ മുഖത്ത് പുഞ്ചിരി.

നിമിഷയുടെ അമ്മ പതുക്കെ കോണിപ്പടികൾ കയറി ടെറസ്സിലെത്തി. നിലാവിൽ നക്ഷത്രശോഭയിൽ മയങ്ങും പ്രകൃതി! അര ആൾ പൊക്കത്തിലുള്ള ഭിത്തിയിൽ പിടിച്ച് താഴേക്ക് ചാടുമ്പോൾ വല്ലാത്ത ശാന്തത അവരെ തഴുകി.




അരങ്ങിലും അണിയറയിലും സ്ക്രീനിലുമായി നാലുപതിറ്റാണ്ടു പൂർത്തിയാക്കിയ കൊമ്മേരി സുകുമാരനെ കിണാശ്ശേരിയിൽ നടന്ന ജനസഭയിൽ മന്ത്രി ഡോ. എം.കെ. മുനീർ ആദരിക്കുന്നുസമീപം കലക്ടർ കെ.വി. മോഹൻകുമാർ, എ.ഡി.എം. രമാദേവി തുടങ്ങിയവർ

# ബാലവേല വിമുക്തദിനം



അമൃതബാബു.ഇ

**തൊഴിൽ വകുപ്പ് സംസ്ഥാനടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കായി നടത്തിയ "ബാലവേല വിമുക്ത ദിനം" ഉപന്യാസ മത്സരത്തിനയച്ച ഉപന്യാസം**



ലോകഭൂപടത്തിൽ ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും തെക്കേ അമേരിക്കയിലും വടക്കെ അമേരിക്കയിലും പണ്ടുകാലം മുതൽ ജനങ്ങളുടെ മേൽ കയ്യൂക്കുള്ളവർ പല വിധ ക്രൂര കൃത്യങ്ങളും അരങ്ങേറിയിരുന്നു. ചിലവ അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായും മറ്റു ചിലവ സമ്പന്നന്മാരുടെയും ഭൂ പ്രഭുക്കളുടെയും മാടമ്പി വാഴ്ചയിൽ അധിഷ്ഠിതമായുമാണ് ഹിംസിക്കുന്നവർ ഹിംസ നടത്തിയിരുന്നത്. തെക്കെ അമേരിക്കയേയൂം വടക്കേ അമേരിക്കയേയും യോജിപ്പിച്ചു ഒരു ഭരണത്തിൻ കീഴിൻ കൊണ്ടുവന്ന എബ്രഹാം ലിങ്കന്റെ ഭരണക്കാലത്താണ് അമേരിക്കയിലെ അടിമവ്യവസ്ഥിതി അവസാനിപ്പിച്ചത്. പണ്ടുകാലത്ത് ലോകത്തെവിടെയും നടന്നിരുന്ന ഒരു പ്രധാന ക്രൂരതയായിരുന്നു ജനങ്ങളെ അടിമയാക്കി സമ്പന്മാർക്കും രാജാക്കൻമാർക്കും വിൽപ്പന നടത്താനുള്ള ഉടമസ്ഥാവകാശ സമ്പ്രദായ അടിമവ്യവസ്ഥിതി. അതുംജനങ്ങൾ തച്ചുടച്ചു. ഇന്ത്യയിൽ സതി നീർത്തലാക്കുന്നതിനു മുൻകൈയ്യെടുത്ത രാജാറാം മോഹൻ റായ് ലോകാരാധ്യനാണ്.ഭർത്താവ് മരിച്ച ചിതയിൽ ഭാര്യയും ജീവനോടേ ചാടിമരിക്കുന്നതിനായുള്ള ഒരു ദുരാചാരമായിരുന്നു. അക്കാലങ്ങളിൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നടമായിരുന്ന "സതി" സമ്പ്രദായം. ഭർത്താവിന്റെ ചിതയിൽ ചാടിമരിക്കാൻ തയ്യാറാകാത്ത ഭാര്യമാരെ കുടുംബാഗങ്ങളും മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കുവാൻ എത്തിയവരും ചേർന്ന് ജീവനോടെ ചിതയിൽ എടുത്തിടുന്ന സംഭവങ്ങളും നടന്നിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട് അക്കാലങ്ങളിൽ. ഇതെല്ലാം ദുരാചാരങ്ങളും ദുർഗുണങ്ങളും നിറഞ്ഞ ഒരു വ്യവസ്ഥിയെ നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നു.

ഇന്നും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും നടമാടി കൊണ്ടിക്കുന്ന മറ്റൊരു വിപത്താണ് ബാലവേല. ബാലികമാരേയും ബാലന്മാരെയും ഉപയോഗിച്ച് അവർക്ക് ചെയ്യാനാകാത്ത ജോലികൾ പോലും ഇന്നും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടന്നു കൊണ്ടിരിക്കുന്നുണ്ട്. അടിമകളെപോലെയാണ് യജമാനന്മാർ വേലയിടങ്ങളിൽ കുട്ടികളെ കാണുന്നതെന്ന് നമുക്ക് പത്രത്തിൽ കൂടിയും ടെലിവിഷൻ ചാനലുകളിൽ കൂടിയും കാണാൻ സാധിക്കാറുണ്ട്. തൊഴിലിടങ്ങളിൽ നിന്നു രക്ഷപ്പെട്ടോടിയ കുട്ടികളുടെ കണ്ണീരിൽ കലർന്ന കഥകൾ പത്ര ദൃശ്യ മാധ്യങ്ങളിൽ കൂടി നാം കേൾക്കാറുണ്ട്. ഭിക്ഷാടനത്തിനു പോലും കുട്ടികളെ ഉപയോഗിക്കുന്ന ക്രൂരത കേൾക്കാറും കാണാറുമുണ്ട്. ആരോഗ്യത്തോടെ ജീവിക്കുന്ന കുട്ടികളെ തട്ടിയെടുത്തു അംഗവൈകല്യമുണ്ടാക്കിയും കാഴ്ചനഷ്ടപ്പെടുത്തിയും ഭിക്ഷാടനത്തിനുപയോഗിക്കുന്ന സംഘങ്ങളിൽ നിന്ന് എത്ര കുട്ടികളെയാണ് നാട്ടുകാരും പോലീസും ചേർന്ന് രക്ഷപ്പെടുത്തി ബാലമന്ദിരങ്ങളിൽ ഏൽപ്പിച്ചത്. അങ്ങനെയെങ്കിൽ "ബാലവേല വിമുക്ത ദിനം അല്ലെങ്കിൽ ഭാരതം, കേരളം" ഒരു പൗരന് പ്രതീക്ഷിക്കാനാവുമോ? ഭാരതത്തെ കുറിച്ചാണെങ്കിൽ "ഇല്ല എന്നും" കേരളത്തെക്കുറച്ചാണെങ്കിൽ ബാലവേലവിമുക്തതയിൽ കൂടുതൽ മെച്ചപ്പെട്ട ഒരു സംസ്ഥാനം എന്നുമാകും കാര്യദർശിയായ ഒരു ഇന്ത്യൻ പൗരന്റെ മറുപടി.

ഭാരതത്തിലെ സമ്പത്തിക സാമൂഹിക വ്യവസ്ഥിതിയിൽ അച്ഛനും അമ്മയും പ്രായപൂർത്തിയാകാത്ത കുട്ടികളും ചേർന്ന് പകലന്തിയോളം പണിയെടുത്ത് കുടുംബം പട്ടിണികൂടാതെ സംരക്ഷിക്കുന്നചില കുടുംബാംഗങ്ങളുടെ സാമ്പത്തികവും തൊഴിൽ പരവുമായ വ്യവസ്ഥിതിയിൽ ഇഴുകി ചേർന്നു കിടക്കുകയാണിവിടെ. "ബാലവേല എന്നത് ഒരു ക്രൂരകൃത്യം എന്നു വിശേഷിപ്പിക്കുന്ന സർക്കാർ നിയമ വ്യവസ്ഥ. വിദ്യാഭ്യാസം അല്ലെങ്കിൽ പഠിക്കുക എന്നത് ഏതൊരു കുട്ടിയുടേയും

ജന്മാവകാശമേണെന്ന് ഉറപ്പിച്ചുപറയുവാൻ സാധിക്കും.കുട്ടികളുടെ വിദ്യാഭ്യാസത്തിനു എതിരായി നിൽക്കുന്ന സാമ്പത്തിക സ്ഥിതിയുള്ള ഏതൊരച്ഛനേയും അമ്മയേയും ക്രൂരനെന്നു വിശേഷിപ്പിക്കാനാവുമോ?. അതും ഇല്ല. വിദ്യാഭ്യാസം സൗജന്യമായി സർക്കാർ ചിലവിൽ സാധിച്ചിരുന്ന കാലത്തു പോലും 'ബാലവേല വിമുക്തി' ഭാരതത്തിലെ സംസ്ഥാനങ്ങളിൽ വിശേഷിച്ച് വിദ്യാഭ്യാസം ഒരു പരിധിവരെ ഉയർന്ന കേരളത്തിൽ പോലും സംഭവിച്ചില്ല.ഇപ്പോഴുള്ള ഈ വ്യവസ്ഥിതിയിൽ സംഭവിക്കുകയുമില്ല."ദാരിദ്ര്യമില്ലാത്ത ഒരു ജനതയുടെ പുരോഗതിയിലൂടെ മാത്രമേ ബാലവേല വിമുക്തമാക്കാനാവൂ എന്നുതന്നെയാണതിന്റെ സാരം. ''രാജ്യത്ത് ചില തോഴിൽ ചെയ്യുന്നവർക്ക് അഞ്ഞൂറു രൂപ കൂലി കിട്ടുമെങ്കിൽ മറ്റുചിലർക്ക്നൂറോ നൂറ്റിപത്തോ മാത്രമാണ്. അച്ഛനും അമ്മയുംമക്കളും (പ്രായപൂർത്തിയായിട്ടില്ലെങ്കിൽ പോലും) കൂട്ടമായി പണിയെടുത്താലെ അവരുടെ കുടുംബത്തിനു അഞ്ഞൂറു രൂപവേതനം ലഭിക്കുകയുള്ളു. ഇവിടെയാണ് ബാലവേല വിമുക്ത ദിനത്തിന്റെ ന്യൂനത നമുക്ക് മനസ്സിലാവുന്നത്. ക്രുരകൃത്യമായി കണക്കാവുന്ന തട്ടിപ്പുസംഘങ്ങളുടെ കൈകളിൽ ബാലികാബാലന്മാർ ചെന്നുപെടാതെ സൂക്ഷിക്കുവാൻ ജാഗ്രതയുളളൊരു ഇന്റലിജൻസ് ഫോഴ്സ് സേവന വ്യവസ്ഥ ഗവർമ്മേണ്ട് വ്യവസ്ഥാപിതമാക്കുകയും അതോടൊപ്പം കുടുംബമായി പണിയെടുത്ത് തുഛമായ കൂലിയിൽ ജീവിക്കുന്ന തൊഴിലാളികളെ സേവനസമയവും വർക്ക്ലോഡും മറ്റുള്ള തൊഴിലാളികളുടേതിനു സമമായി ഏകീകരിക്കുകയും ചെയ്താൽ ഒരു പരിധി വരെ ബാലവേല വിമുക്തി രാജ്യത്ത് നടപ്പാക്കാൻ ഇഛാശക്തിയുള്ള ഏതൊരു സർക്കാരിനും സർക്കാർ ഡിപ്പാർട്ടുമെന്റുകൾക്കും സാധിക്കും എന്നത് പകൽ പോലെ വ്യക്തമാണ്. ക്രിമിനൽ പ്രവർത്തികളിൽ നിന്നും ക്രിമീനൽ സ്വഭാവത്തിൽ നിന്നും ഭിക്ഷാടനത്തിൽ നിന്നും ബാലികാബാലന്മാരെ പരിരക്ഷിക്കേണ്ടത് രാജ്യത്തിലെ ഭരണാധിപൻമാരുടെയും ജനങ്ങളുടെയും കടമയാണെന്ന തിരിച്ചറിവിൽ നാം ജാഗ്രത പാലിച്ചാൽ ക്രിമിനൽ പ്രവർത്തിക്കായി ബാലികബാലന്മാരെ ഉപയോഗിക്കുന്ന ഗൂഢസംഘങ്ങളെ നിലയ്ക്കുനിർത്താൻ നിഷ്പ്രയാസമായിരിക്കും. തുടർന്നും ഭാരതത്തിൽ ഇതുപോലുള്ള ക്രൂരതകളും ഹിംസകളും ഉണ്ടാവാതിരിക്കാൻ സാമൂഹ്യ ബോധവൽക്കരണവും വിദ്യാഭ്യാസ നിയമ പുനപരിഷ്കരണവും, തൊഴിൽ നിയമ വ്യവസ്ഥ ബോധവൽക്കരണവും സാമ്പത്തിക സഹായ പുന പ്രവേശന നിയമ പുന: പരിഷ്കരണവും അടിയന്ത്രിതമായും സർക്കാർ ഏറ്റെടുത്ത് ബാലവേല വിമുക്ത കേരളം കെട്ടിപടുക്കാൻ സ്നേഹമതിലുകളുടെ കണ്ണികളായി നമുക്കേവർക്കും സര്ക്കാരുമായും തൊഴിൽവകുപ്പുമായും കൈകോർക്കേണ്ടതുണ്ട്. ഭാരതത്തിന്റെ സുവർണ്ണ കാലം കുട്ടികളിലൂടെയാണെന്ന് മനസ്സിലാക്കി കുട്ടികളുമായി രമ്യമായി ഇടപഴകി ജീവിച്ച ചാച്ചാനെഹ്റു എന്ന പണ്ഡിത് ജവഹർലാൽ നെഹ്റുവിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് രുപികരിച്ച് ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി അക്ഷീണം പോരാടി ഇന്ത്യ സ്വാതന്ത്യമാവുന്നതിനു പ്രധാനഭാഗധേയമായി പ്രവർത്തിച്ച മഹാത്മഗാന്ധിയുടെയും സായുധസമര പോരാളിയായി ഇന്ത്യൻ സ്വാതന്ത്യ സമരത്തിന് അക്ഷിണം പോരാടി മരണം വരിച്ച സുബാഷ്ചന്ദ്ര ബോസിന്റെയും മഹാകവി രവീന്ദ്ര നാഥ ടാഗോറിന്റേയും ആദർശ ശുദ്ധിയും ജനനന്മ പ്രവർത്തനവും ഓർത്താൽ ഏതൊരു ഭാരതീയനും ഭാരതത്തോടു കൂറും ജനങ്ങളോട് സ്നേഹവും ഭരണത്തിൽ ആദർശ ശുദ്ധിയും കൈവരുമെന്നുള്ള ജനവിശ്വാസം നമുക്ക് ബാലവേല വിമുക്ത ദിനം കെട്ടിപ്പെടുക്കാൻ പ്രചോദനമായി ഭവിക്കണമേയെന്ന് മൺമറഞ്ഞ ഇന്ത്യൻ ഭരണഘടന ശിൽപ്പികളോട് നമുക്കേവർക്കും പ്രാർത്ഥിക്കാം. ■

**ഒരുമ റസിഡൻസ് അസോസിയേഷൻ**
കൊമ്മേരി, കോഴിക്കോട് - 7

**2013 ജനുവരി 13-ാ തിയ്യതി ഞായറാഴ്ച**
**2-ാം വാർഷിക ആഘോഷവും കലാപരിപാടികളും**




എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക



**ശാരദ**
**ഇൻഡസ്ട്രീയൽസ്**



കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് - 673 007
Mob: 9846412070




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode